UNIVERSITY LIBRARY
21 MAR 1931
MADRAS

ഗുരുനാഥൻ.

പുസ്തകം 10 { 1106 മകരം } ലക്കം 6

# സ്വീഡനിലെ സൎവകലാശാലാവിദ്യാഭ്യാസം.

നവീനവസ്തുക്കളോടും പ്രസ്ഥാനങ്ങളോടും ആശയങ്ങളോടും മററും മനുഷ്യൎക്ക് സഹജമായ താല്പൎയ്യമുണ്ടാകാറുണ്ട്. 'പുതുമ' എന്നുള്ളതു് ആധുനികമനുഷ്യരെ മയക്കി വശീകരിച്ചിട്ടുള്ള ഒരു ദേവതയാണെന്നുതന്നെ പറയുന്നതിൽ അതിശയോക്തിയൊ തെററൊ ഉണ്ടെന്ന് തോന്നുന്നില്ല. ഇൻഡ്യാക്കാരായ നാം സ്വീഡനിലെ സൎവകലാശാലാവിദ്യാഭ്യാസസമ്പ്രദായത്തെ വീക്ഷണം ചെയ്യുമ്പോൾ ഈ പുതുമ അവിടെ കാണുന്നതാണ്. ഈ പുതുമ നമ്മെ ഹറാൽ ആകൎഷിക്കയും ചെയ്യും. അതിന് അല്പം കൗതുകം കൂടി ഉണ്ടെങ്കിൽ പിന്നത്തെ കഥ പറയേണ്ടല്ലൊ. 'സുന്ദരമായ ഒരു വസ്തു എന്നേക്കും ആനന്ദകരമാണ്' എന്നു ആംഗ്ലേയകവിയായ കീററ്സ് പറഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ ഇന്ന് നടപ്പുള്ള സൎവകലാശാലാവിദ്യാഭ്യാസം മനസ്സിലാക്കിയിട്ടുള്ളവൎക്ക് സ്വീഡനിലെ വിദ്യാഭ്യാസം കൌതുകകരമായ ഒരു പുതുമയായിട്ടു തന്നെയെ തോന്നുന്നുള്ളൂ. എന്തുകൊണ്ടെന്നാൽ ഇവിടത്തെ വിദ്യാഭ്യാസസമ്പ്രദായത്തേയും തന്മൂലമുണ്ടാകുന്ന ഫലങ്ങളേയും പററി കൂലങ്കഷമായി ആലോചിക്കുമ്പോൾ യഥാൎത്ഥവിദ്യാഭ്യാസത്തിന്റെ ന്യൂനതകളാണ് അധികം സ്പഷ്ടമായി കാണുന്നതു്. ഇവിടത്തെ വിദ്യാഭ്യാസത്തിന്റെ 'അടിമുതൽ മുടിവരെ'—പ്രാഥമിക വിദ്യാഭ്യാസംമുതൽ സൎവകലാശാലാവിദ്യാഭ്യാസം വരെ—ദുഷിച്ചിരിക്കുന്ന സ്ഥിതിക്ക്, ഉൽകൃഷ്ടമെന്നു കരുതുന്ന സൎവകലാശാലാവിദ്യാഭ്യാസത്തിൽ ഇങ്ങനെ ന്യൂനതകൾ കാണുന്നതിൽ അത്ഭുതപ്പെടുവാനുമില്ല. നാം ഉൽകൃഷ്ടവിദ്യാഭ്യാസമായി കരുതുന്നതു് സർവ്വകലാശാലാഭ്യസനമാണ്. സ്വീഡനിലേയും കഥ അതുതന്നെ. എന്നാൽ അവിടത്തെ രീതിയും തന്മൂലം രാജ്യത്തിനും കുട്ടികൾക്കുമുണ്ടാകുന്ന സൽഫലങ്ങളും ആലോചിക്കുമ്പോൾ നമ്മുടെ 'ഉൽകൃഷ്ടം' എന്ന പദത്തിന്റെ അൎത്ഥത്തെപ്പററി ശങ്ക ജനിപ്പിക്കാനെളുപ്പമുണ്ട്. സ്വീഡനിലെ സൎവകലാശാലാവിദ്യാഭ്യാസത്തിന്റെ ഒരു പ്രാധാന്യത അ

ഥവാ വിശേഷത സർവ്വകലാശാലാജീവിതത്തിൽ കാണുന്ന സവ്വസാധാരണമായ സ്വാതന്ത്ര്യമാണു്. സർവ്വകലാശാല സ്വാതന്ത്ര്യദേവതയുടെ നൃത്തരംഗമെന്നു തന്നെ പറയാം. എന്നാൽ ഈ സ്വാതന്ത്ര്യം നമുക്കു് ദുസ്വാതന്ത്ര്യമായിട്ടേ തോന്നുകയുള്ളു. സ്വീഡനിൽ ഓരോ വിഷയത്തെ പററി ശരിയായ പ്രസംഗങ്ങൾ നൾകിവരുന്നു. ആദ്യമായി വിദ്യാർത്ഥികൾ സവ്കലാശാലയിൽ പ്രവേശിക്കുമ്പോൾ ഏതുവിഷയമാണു് പഠിക്കേണ്ടതെന്നു സംശയം തോന്നുവാനിടയുണ്ടല്ലൊ. അവിടെ കുട്ടികൾക്കു് ഓരോ വിഷയങ്ങളെപ്പററി നൾകുന്ന പ്രസംഗങ്ങളും ആദ്യം ഇഷ്ടംപോലെ പോയി കേൾക്കാം. അനന്തരം താല്പര്യമുള്ള വിഷയം സ്വീകരിച്ചാൽ മതി. പ്രസംഗസമയത്തു് വിദ്യാർത്ഥികൾ എല്ലാവരും ഹാജരാകണമെന്നുള്ളതു് നിർബന്ധമല്ല. മനസ്സുണ്ടെങ്കിൽ മാത്രം ഹാജരായാൽ മതി. പ്രാസംഗികൻ ആരൊക്കെ ഹാജരുണ്ടു്, ഹാജരില്ല എന്നു് അന്വേഷിക്കുകയില്ല. പ്രസംഗസമയത്തു് ചിലപ്പോൾ ഒരു വിദ്യാർത്ഥിയെ ഉണ്ടായുള്ളു എന്നും വരാം. ചിലപ്പോൾ അഞ്ഞൂറുപേരുണ്ടായെന്നും വരാം. ചില അവസരങ്ങളിൽ ഓരോ വിഷയത്തിനും കുട്ടികളുടെ പേരടങ്ങിയ ഒരു പട്ടിക അയക്കും. അതിൽ ഇഷ്ടമുള്ളവർ ഒപ്പിടും. അതിനെപ്പററിയും ചോദ്യമില്ല. പ്രസംഗങ്ങൾ എല്ലാം കേട്ടതിനുശേഷം ഒരു കുട്ടി പരീക്ഷക്കു ചേരണമെന്നില്ല. പരീക്ഷക്കു ചേരാതെ സവ്കലാശാലാവിദ്യാഭ്യാസം അവസാനിപ്പിച്ചു പോകയും ചെയ്യാം. എന്നാൽ ഒരു കുട്ടി പരീക്ഷക്കു ചേരുവാൻ നിശ്ചയിച്ചാൽ, ഏതു വിഷയത്തിനു് ചേരുന്നുവോ ആ വിഷയത്തെ പററിയുള്ള പ്രസംഗങ്ങൾക്കു് ഒരിക്കലും ഹാജരാകാതിരിക്കയൊ അപൂവ്വമായി ഹാജരാകയൊ ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം പ്രാസംഗികൻ ആവശ്യപ്പെടും. എന്നാൽ ആ വിഷയത്തിൽ കുട്ടിക്കു് വേണ്ട അറിവുണ്ടെങ്കിൽ അങ്ങനെ ഒരു ചോദ്യംതന്നെ ചോദിക്കുകയില്ല. പരീക്ഷ ജയിക്കുക എന്നുള്ളതു് സവ്കലാശാലയുടേയൊ പ്രാസംഗികന്മാരുടേയൊ ഉത്തരവാദിത്വപരിധിയിൽ ഉൾപ്പെട്ടതല്ല. ആ ഉത്തരവാദിത്വം വിദ്യാർത്ഥികളിലാണു് സ്ഥിതിചെയ്യുന്നതു്. പ്രസംഗങ്ങൾക്കു് ഹാജരായാലും ഇല്ലെങ്കിലും, യോഗ്യതയുണ്ടെങ്കിൽ പരീക്ഷക്കു ചേരാം. ഈ ചിത്രവും ഇൻഡ്യയിലെ ചിത്രവും തമ്മിൽ ഒന്നു താരതമ്യപ്പെടുത്തി നോക്കുക. ഇവിടെ പ്രസംഗങ്ങൾ വളരെ ചുരുക്കം. നോട്ടെഴുതി കൊണ്ടുവന്നു് പറഞ്ഞുകൊടുക്കുകയാണു സാധാരണ പതിവു്. അതു കാണാതെ പഠിക്കുക എന്നതു് വിദ്യാർത്ഥികളുടെ ചുമതലയും. ഒരു വിഷയത്തെപററി സാമാന്യമായ ജ്ഞാനം സിദ്ധിക്കണമെന്നല്ല ഉദ്ദേശം. കഴിഞ്ഞ ചില സംവത്സരങ്ങളിൽ ചോദിച്ചിട്ടുള്ള ചോദ്യങ്ങൾ നോക്കി, ഇക്കൊല്ലം ചോദിക്കാവുന്ന ചോദ്യങ്ങൾ ഇന്നവയാണെന്നു് മനസ്സുകൊണ്ടുദ്ദേശിച്ചു്, അവയുടെ

ഉത്തരം പഠിച്ചാൽ മതി. ഇവിടെ സൎവ്വകലാശാലകളിൽ ചിലയിടത്ത് കാലത്തും ഉച്ചക്കും, മററു ചിലയിടത്ത് ഓരോ പീരിയേഡിൻെറ ആരംഭത്തിലും ഹാജർ വയ്ക്കാറുണ്ട്. ഹാജരില്ലെങ്കിൽ ആട്ടത്തദിവസം പിഴ ഒടുക്കുകയല്ലാതെ ഗത്യന്തരമില്ല. തന്മൂലം സൎവ്വകലാശാലക്കു തക്കതായ ഒരു ധനസംഖ്യ ലഭിക്കുന്നുണ്ടെന്നുള്ള സംഗതി നാം വിസ്മരിച്ചുകൂടാ. പഠിപ്പിക്കുന്നതു പഠിക്കുന്നുണ്ടോ എന്നുള്ള ആലോചനയെ ഇല്ല. പരീക്ഷക്കു ചേരണമെങ്കിൽ കൃത്യമായ ഹാജർ ഇത്രയെന്നു നിർദ്ദേശിച്ചിട്ടുമുണ്ട്. നല്ല യോഗ്യതയുണ്ടെങ്കിലും ഹാജരില്ലെങ്കിൽ പരീക്ഷക്കു ചേരുവാൻ സാധിക്കുന്നതുമല്ല. ഇതാണു് ഇവിടത്തെ ഉൽകൃഷ്ടവിദ്യാഭ്യാസസമ്പ്രദായം. സ്വീഡനിൽ ഒരുകൊല്ലത്തിൽ ആറു പരീക്ഷകളുണ്ട്. വിദ്യാൎത്ഥികൾക്കു ഇഷ്ടമുള്ളപ്പോൾ ഏതെങ്കിലും പരീക്ഷക്കു ചേരാം. അവിടത്തെ പരീക്ഷക്കും ഒരു വിശേഷമുണ്ട്. കണക്കു്, പ്രകൃതിശാസ്ത്രം, ആധുനികഭാഷകൾ എന്നിവക്കു മാത്രമെ എഴുത്തുമൂലവും വാങ്മൂലവുമായ പരിശോധനകളുള്ളു. മററുവിഷയങ്ങളിലെല്ലാം വാങ്മൂലമായ പരീക്ഷകൾ മാത്രമെ ഉള്ളു. ഓരോ വിഷയത്തെപ്പററി രണ്ടോ മൂന്നോ മണിക്കൂർനേരം വാങ്മൂലമായ പരീക്ഷ നടത്തും. അതുകൊണ്ടു് ഓരോ വിഷയത്തെപ്പററി സാമാന്യമായി നല്ല ജ്ഞാനമില്ലെങ്കിൽ പരീക്ഷയിൽ വിജയം ലഭിക്കുന്നതല്ലാ. ഒരു വിദ്യാർത്ഥിക്കു് എത്രകാലമെങ്കിലും ഒരു വിഷയം പഠിക്കാം. എത്രതവണ തോററാലും പിന്നെയും ചേരാം. സാധാരണയായി ഒരു സമയത്ത് ഒരു വിഷയം പഠിക്കണമെന്നാണു് അവിടത്തെ നിശ്ചയം. ഒരു വിഷയം പഠിച്ചു ജയിച്ചാൽ വേറൊന്നു പഠിക്കാം. ഇങ്ങനെ മൂന്നു വിഷയങ്ങൾ പഠിച്ചാൽ ബി. ഏ. എന്ന ബിരുദു ലഭിക്കുന്നതാണു്. ഇതിനു് സാമാന്യമായി മൂന്നൊ മൂന്നരയൊ സംവത്സരം മതി. എന്നാൽ വിദ്യാൎത്ഥികൾ അതിൽ കൂടുതൽസമയം ഉപയോഗിക്കാറുണ്ട്. കുറച്ചുകൂടി വിസ്തൃതമായ പാഠപദ്ധതി പഠിച്ചു്, നാലാമതൊരു വിഷയവും പഠിച്ചു്, അല്പം മനശ്ശാസ്ത്രവും അദ്ധ്യയനശാസ്ത്രവും മനസ്സിലാക്കിയാൽ എം. ഏ. ബിരുദു ലഭിക്കും. 'ഡാക്ടർ' എന്ന ബിരുദു വേണമെങ്കിൽ പര്യവേക്ഷണജോലി നടത്തണം. ഈ ബിരുദുള്ള വൎക്കേ പ്രാസംഗികന്മാരായിരിക്കുവാൻ യോഗ്യതയുള്ളൂ. മട്രിക്കുലേഷൻ പരീക്ഷ ജയിച്ചാൽ നാലരയൊ അഞ്ചൊ സംവത്സരംകൊണ്ടു് എം. ഏ. ബിരുദു സമ്പാദിക്കാം. ഉടനെതന്നെ വിസ്തൃതമായ പാഠപദ്ധതി പഠിക്കുകയാണെങ്കിൽ ബി. ഏ. ക്കു പഠിച്ചു ജയിക്കാതെതന്നെ എം. ഏ. പരീക്ഷക്കു ചേരാം. ബി. ഏ. യൊ, എം. ഏ. യൊ ജയിച്ചിട്ടുള്ള സ്വീഡനിലെ ഒരു സൎവ്വകലാശാലാവിദ്യാൎത്ഥിക്കു ഇൻഡ്യയിലെ ഈ ബിരുദുകൾ സമ്പാദിച്ചിട്ടുള്ളവരേക്കാൾ കൂടുതൽ അറിവുണ്ടായിരിക്കും. അതിനുള്ള കാരണം അവിടത്തെ മട്രിക്കുലേഷൻപരീക്ഷയുടെ രീതി അല്പം കൂടിയുള്ള

കൊണ്ടാണു്. ശനിയാഴ്ച അവിടത്തെ ഒരു ഒഴിവുദിവസമല്ല. മററു ഒഴിവുദിവസങ്ങളും വളരെ ചുരുക്കമാണു്. അതുകൊണ്ടു് അവിടത്തെ ഒരു സ്കൂൾവർഷത്തിൽ ഇവിടത്തേക്കാൾ മുപ്പതോ മുപ്പത്തിഅഞ്ചോ സാദ്ധ്യായദിവസങ്ങൾ കൂടുതലുണ്ടായിരിക്കും. മട്രിക്കുലേഷൻ പരീക്ഷക്കു വേണ്ടിവരുന്ന പതിനൊന്നോ പന്ത്രണ്ടോ വർഷങ്ങളിൽ ഇങ്ങിനെ എത്ര സാദ്ധ്യായദിവസങ്ങൾ കൂടുതൽ ലഭിക്കുമെന്നു് ആലോചിക്കുക. എത്ര കൂടുതൽ അറിവു സമ്പാദിക്കാമെന്നും ചിന്തിച്ചുനോക്കേണ്ടതാണു്. ഈ വിവരങ്ങളെല്ലാം ഇൻഡ്യയിലെ വിദ്യാർത്ഥികൾ അറിഞ്ഞാൽ അവരെല്ലാവരുംകൂടി സ്വീഡനിലേക്കു് യാത്രയാകയില്ലേ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

ഇവിടെ ഒരു ചോദ്യത്തിനവകാശമുണ്ടു്. ഇത്രവളരെ സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്കനുവദിച്ചിട്ടുള്ളതുകൊണ്ടും, ഇഷ്ടമുള്ളിടത്തോളം കുട്ടികൾക്കു് ഇഷ്ടമുള്ള പ്രസംഗങ്ങൾ കേൾക്കാമെന്നിരിക്കകൊണ്ടും ക്ലാസ്സിൽ നിയമനം പാലിക്കുവാൻ സാധിക്കുമോ? കുട്ടികൾ ബഹളമുണ്ടാക്കയില്ലേ.? ഇൻഡ്യയിലെ സർവ്വകലാശാലാക്ലാസ്സുകളിൽ ഇതു് സർവ്വസാധാരണമായിരിക്കകൊണ്ടു് ഈ ചോദ്യം അസ്ഥാനത്തല്ല. എന്നാൽ സ്വീഡനിൽ ഇൻഡ്യയിലെപ്പോലെ കുട്ടികൾ ലഹളയുണ്ടാക്കുന്ന പതിവില്ല. പ്രസംഗം താല്പര്യമുള്ളതായി തോന്നിയാലും ഇല്ലെങ്കിലും വിദ്യാർത്ഥികൾ സംസാരിക്കയാകട്ടെ ലഹളയുണ്ടാക്കയാകട്ടെ ചെയ്യാതെ നിശ്ശബ്ദത പരിപാലിക്കുന്നു. കുട്ടികൾ എത്രപേരെങ്കിലും ഉണ്ടായിക്കൊള്ളട്ടെ. അവർക്കു വേണ്ട സ്ഥലസൗകര്യങ്ങൾ ഉണ്ടായിരുന്നാൽ മതി. സ്വീഡനിലെ വിദ്യാർത്ഥികളുടെ അഭിനന്ദനീയമായ ഈ പെരുമാററം ഇൻഡ്യയിലെ വിദ്യാർത്ഥികൾക്കു് ആശ്ചര്യമൊ ഇച്ഛാഭംഗമൊ ഏതാണു് തോന്നിക്കുന്നതെന്നു അറിഞ്ഞുകൂട. ഇവിടെ എത്ര പ്രാസംഗികന്മാരെയാണു് കളിയാക്കിവിടുന്നതു്.? എത്ര കുട്ടികളാണു സംസാരിച്ചുകൊണ്ടിരിക്കുന്നതു്.? ഒരു ദിവസത്തിൽ എത്ര തവണ നിലത്തു കാലിട്ടടിക്കുന്നതും ഡെസ്കിന്മേൽ കയ്യുകൊണ്ടു് തല്ലുന്നതുമായ ശബ്ദം കേൾക്കാം.? പരീക്ഷക്കു് പുസ്തകം നോക്കി എഴുതിയെന്നൊ കൂട്ടുകാരുടെ കടലാസ്സു നോക്കി എഴുതിയെന്നൊ സ്വീഡനിലെ സർവ്വകലാശാലകളിൽ കേട്ടുകേൾവിപോലുമില്ല. അവിടെ ചിലർ പരീക്ഷ ജയിക്കണമെന്നുള്ള മനപ്പൂർവ്വമായ ഉദ്ദേശത്തോടൊ, അത്യാഗ്രഹത്തോടൊ കൂടാതെ ദീർഘകാലം സർവ്വകലാശാലാജീവിതസുഖം അനുഭവിക്കുന്നതിനായി ചേരാറുണ്ടു്.

സ്വീഡനിലെ സർവകലാശാലകളോടു് ചേർന്നു് വിദ്യാർത്ഥിമന്ദിരങ്ങൾ ഇല്ല. വിദ്യാർത്ഥികളുടെ താമസവും ഭക്ഷണവും എല്ലാം പുറത്താണു്. അവർക്കു് താമസസ്ഥലം വാടകക്കു കൊടുത്തും ഭക്ഷണം നൽകിയും ആദായമെടുത്തു് നിത്യവൃത്തി കഴിക്കുന്നവർ ധാരാളമുണ്ടു്. വിദ്യാർത്ഥിക

ളുടെ ഊണ് ഒരിടത്ത്, താമസം വേറൊരിടത്ത്, പഠിത്തം മറ്റൊരിടത്ത് ഇങ്ങനെയാണ്. വിദ്യാലയത്തിനു പുറത്തുള്ള ജീവിതത്തെപ്പറ്റി അധികൃതന്മാർ അന്വേഷിക്കകൂടി ചെയ്യാറില്ല. അതുകൊണ്ട് അവരുടെ സ്വഭാവം ദുഷിക്കയൊ അവർ അസന്മാർഗ്ഗികങ്ങളായ നടപടികളിൽ ഇടപെടുകയൊ ചെയ്യാറില്ല. ഇൻഡ്യയിൽ മിക്ക സർവ്വകലാശാലകളോടും ചേർന്ന് വിദ്യാർത്ഥിമന്ദിരങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ അവിടെ താമസിച്ചില്ലെങ്കിൽ അവരുടെസ്വഭാവം ദുഷിക്കുമെന്നും അസന്മാർഗ്ഗികങ്ങളായ ജീവിതവൃത്തികളിൽ ഇടപെടുമെന്നുമാണ് അധികൃതന്മാരുടെ ധാരണ. എന്നാൽ ഈ മുൻകരുതലുകൾ കൂടുന്തോറും ഉദ്ദേശം അധികമധികം വിഫലമായിട്ടാണു കണ്ടുവരുന്നത്.

സ്വീഡനിൽ സ്ത്രീകൾക്കു പ്രത്യേകം സർവ്വകലാശാലകളില്ല. അവിടെ സമ്മിശ്രവിദ്യാഭ്യാസമാണു നടക്കുന്നത്. വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഒരേ പ്രസംഗങ്ങൾതന്നെ ഒന്നിച്ചിരുന്നു കേൾക്കുന്നു. ഒരേ സ്ഥലത്തുനിന്നുതന്നെ ഒന്നിച്ചു ഭക്ഷണം കഴിക്കുന്നു. ഇതെല്ലാം സ്ത്രീകൾ മറക്കുടയ്ക്കകത്തിരിക്കണമെന്ന് ഇന്നും നിർബന്ധിക്കുന്ന ഭാരതീയക്ക് ആക്ഷേപാർഹമായൊ അസഹ്യമായൊ തോന്നിയേക്കാം. ഇൻഡ്യയിൽ ബാലികാബാലന്മാർ ഒന്നിച്ചിരുന്നു പഠിക്കുന്ന വിദ്യാലയങ്ങളിൽ അനാശാസ്യങ്ങളായ പല സംഭവങ്ങളും നടക്കുന്നുണ്ട്. അതുകൊണ്ടായിരിക്കും ഇങ്ങനെ തോന്നുന്നത്. എന്നാൽ സ്വീഡനിലെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം ദൂഷ്യങ്ങളുണ്ടായിരുന്നാലും വിദ്യാർത്ഥിനികളോടുള്ള അവരുടെ ബഹുമാന്യമായ പെരുമാററരീതി എത്രയും അനുമോദനാർഹവും ആദരണീയവും തന്നെ. അവർ എത്രയും യോഗ്യമായ രീതിയിലാണ് അവരോടു പെരുമാറുന്നത്. ഒരിക്കലും അവർ ദുസ്വാതന്ത്ര്യംകാണിക്കയില്ല. അവിടെ വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും തമ്മിൽ സംസാരിക്കുന്നത് കുററകരമൊ, ആക്ഷേപാർഹമൊഅല്ല. അവിടെ ഒരേ കെട്ടിടത്തിലുള്ള വിവിധമുറികളിൽ വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും താമസിക്കുന്നുണ്ട്. ഇതെല്ലാം നമുക്ക് പുതുമയായിട്ടല്ലെ തോന്നുന്നത്? ചിലരെല്ലാം ഇതു വിശ്വസിച്ചില്ലെന്നും വരാം. എന്നാൽ വിശ്വസിക്കുന്നതുകൊണ്ട് അബദ്ധമില്ല. പരമാർത്ഥസംഗതികളാണ് ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത്. സ്വീഡനിലെ സർവ്വകലാശാലാജീവിതത്തിൻെറ അനിയന്ത്രിതമായ സ്വാതന്ത്ര്യം അനുഭവിച്ചിട്ടുള്ളവക്ക് ഇൻഡ്യയിലെ ജീവിതം ആശ്ചര്യകരമായും അസഹനീയമായും തോന്നിയേക്കാം. സ്വീഡനിൽ ഇങ്ങനെ സ്വാതന്ത്ര്യം നൾകുന്നുണ്ടെന്ന് കണ്ടും കേട്ടും അറിഞ്ഞിട്ടുള്ള ചില പ്രാസംഗികന്മാർ പോലും ഇവിടത്തെ സർവ്വകലാശാലകളിൽ അല്പമെങ്കിലും സ്വാതന്ത്ര്യം നൾകുന്നതിന് വിസമ്മതം കാണിക്കുന്നു. ഇവിടത്തെ പ്രാസംഗികന്മാരുടെ വിചാരം അവർ വലിയ

അധികാരമുള്ളവരെന്നും വിദ്യാൎത്ഥികളേക്കാൾ അത്യുന്നതനിലയിലുള്ളവരെന്നുമാണ്. ആ വിദ്യാൎത്ഥികൾ തന്നെ കുറച്ചുകാലംകൊണ്ടു് അവരുടെ യോഗ്യത സമ്പാദിക്കുമെന്ന് അവർ കരുതുന്നില്ല. സ്വീഡനിലെ പ്രാസംഗികന്മാർ അവരുടെ വിദ്യാൎത്ഥികളോടു് സഹോദരഭാവത്തിലും മിത്രഭാവത്തിലുമാണ് പെരുമാറുന്നതു്. അതുകൊണ്ടു് അവരോടുള്ള ബഹുമാനത്തിന് ഒരു ലോപവും സംഭവിക്കുന്നില്ല. അവരുടെ പ്രവൃത്തിക്കു തക്കതായ ഫലവും സിദ്ധിക്കുന്നുണ്ടു്.

# കേരളം.

## ഒരു സമൂലചിത്രം

(ആർ. ഈശ്വരപിള്ള ബി. എ.)

(തുടൎച്ച)

കേരളത്തിലുള്ള മറെറാരു പ്രത്യേകസമുദായം നഷ്ടരാഷ്ട്രന്മാരും നിൎഗ്ഗഹന്മാരും ലോകത്തിൽ അവിടവിടെ ചിതറിക്കിടക്കുന്നവരും ഇസ്രായലിൻെറ സന്താനങ്ങളുമായ യഹൂദവൎഗ്ഗക്കാരാണ്. ഇവർ ഇന്നു കേരളത്തിൽ അപൂൎവ്വം ചില സ്ഥലങ്ങളിൽ ചെറിയചെറിയ വിഭാഗങ്ങളായി പാൎത്തുവരുന്നുണ്ടു്. ഇവർ കേരളത്തിൽ പുരാതനകാലത്തു വന്നിട്ടുള്ളവരും ഇന്നും പുരോഗമനവിഷയത്തിലും അഭിവൃദ്ധിയിലും ഉത്സാഹം കുറഞ്ഞും യാഥാസ്ഥിതികത്വം അവലംബിച്ചും വൎത്തിക്കയാണ്. ഇവരിൽ വിദ്യാഭ്യാസം ലഭിച്ചവരും വലിയ ധനവാന്മാരും വളരെ കുറവാണ്. അവർ അവരുടെ മതാനുഷ്ഠാനങ്ങളും സമുദായാചാരങ്ങളും ഇന്നും സാസൂയം രക്ഷിച്ചും ആചരിച്ചും വരുന്നുണ്ടു്. ഇവർ ഇന്നും നഷ്ടമായ രാജ്യപ്രാബല്യാദികളെ സദാ സ്മരിച്ചിട്ടോ പണ്ടനുഭൂതമായ കഷ്ടാവസ്ഥകളെ കൊണ്ടോ ഏറെക്കുറെ പ്രായേണ മ്ലാനമുഖന്മാരായിട്ടാണ് കാണപ്പെടുന്നതു്. അവരുടെ ആശമിക്കവാറും ഭാസുരമായ ഒരു ഭാവിയിലേക്കാണ് പ്രവണമായിരിക്കുന്നതു്. കേരളത്തിലെ വേറൊരു പ്രത്യേകസമുദായം പുരാതനകാലത്തുതന്നെ ആൻറിയോക്കിൽനിന്നും വിശുദ്ധതോമസ്സിൻെറ നേതൃത്വത്തിൽവന്ന് അവിടവിടെ കുടിയേറി പാൎപ്പുറപ്പിച്ചിരിക്കുന്ന ക്രൈസ്തവവൎഗ്ഗക്കാരാണ്. ഇവർ വളരെക്കാലം കൃഷിവാണിജ്യാദികളിൽ പ്രവേശിച്ച് ഇതരസമുദായ

ങ്ങളുടെ മദ്ധ്യത്തിൽ മൈത്രീഭാവത്തോടും പരസ്പരസഹായസഹകരണത്തോടും വത്തിച്ചുവന്നിരുന്നു. ഇവർ വ്യവസായശീലന്മാരായിരുന്നതുകൊണ്ട് ഏറക്കുറെ ധനവാന്മാരുമായി ഭവിച്ചു. ഇവർ ഇന്ന് വിദ്യാഭ്യാസവിഷയത്തിലും രാഷ്ട്രീയാവകാശസ്ഥാപനവിഷയത്തിലും സോത്സാഹം പ്രവത്തിക്കയും തീവ്രയത്നം ചെയ്കയും ചെയ്തുവരുന്നു. കൊച്ചിയിലും തിരുവിതാംകൂറിലും ഇവക്ക് അസാമാന്യമായ പ്രാബല്യമുണ്ട്. ഉൽപതനോദ്യമത്തിൽ ഇതരസമുദായങ്ങളെ പശ്ചാൽകരിച്ചും ദ്രുതഗതിയിൽ ചലിച്ചുവരുന്നു. ചുരുക്കത്തിൽ ഇതു ഇന്ന് ഏററവും അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്ന ഒരു സമുദായമാണ്. ഇവരെ കൂടാതെയും ക്രൈസ്തവവർഗ്ഗത്തിൽ പെട്ട പല ഭിന്നസമുദായങ്ങളുമുണ്ട്. അവ മിയ്ക്കവാറും ഉല്ക്കർഷോന്മുഖങ്ങളായി പരിശ്രമിച്ചുവരികയാണ്. സ്വമതപ്രചരണവിഷയത്തിലും ഇവർ ഏററവും ജാഗരൂകന്മാരായി പ്രവത്തിച്ചുവരുന്നുണ്ട്. എന്നാൽ മതവിഷയത്തിൽ അല്പാല്പം ഭിന്നവിശ്വാസങ്ങളോടു കൂടിയവരാണെങ്കിലും രാഷ്ട്രീയാദി മററുകാര്യങ്ങളിൽ അസാധാരണമായ ഐകമത്യത്തോടുകൂടി സദാ വത്തിച്ചുവരുന്നു.

ഉത്തരകേരളത്തിൽ യുയുത്സുക്കളും ധീരന്മാരും സ്വമതത്തിൽ അത്യാസക്തിയുള്ളവരും മററുവിധത്തിൽ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളവരുമായ "മാപ്പിള"മാർ എന്നു പറയപ്പെടുന്ന ഒരു ചെറിയ സമുദായം ഉണ്ട്. ഇവർ ഭാരതത്തിൽ മറെറങ്ങും ഇല്ലാത്ത ഒരു സമുദായമാണ്, ഈ മാപ്പിളമാർ അറബിവംശക്കാരാണെന്ന് ഊഹിക്കപ്പെട്ടിരിക്കുന്നു. സമാധാനകാലത്ത് ഇവർ നല്ല അധ്വാനികളും പരിശ്രമശീലന്മാരുമാണ്. ഈപറഞ്ഞ സമുദായങ്ങളെ കൂടാതെ കേരളത്തിൽ മററസംഖ്യം വർഗ്ഗക്കാർ ഉണ്ട്. സ്വമതപ്രസക്തന്മാരും വ്യവസായോത്സുകരുമായ മഹമ്മദീയർ, ധനാർജ്ജനനിരതന്മാരും ധനവ്യാപാരികളും മിക്കവാറും യാഥാസ്ഥിതികന്മാരും സ്വസമുദായാഭിമാനികളുമായ പരദേശബ്രാഹ്മണർ, പ്രായേണ വ്യാപാരശീലന്മാരും ശാന്തസ്വഭാവമുള്ളവരുമായ കൊങ്കണസ്ഥബ്രാഹ്മണർ, ചെട്ടികൾ മുതലായ പല പാരദേശികന്മാരും കേരളത്തിൽ കുടിപാർപ്പുറപ്പിച്ചിട്ടുണ്ട്. ഇതിനുംപുറമെ ആദിമനിവാസികളെന്നു ഗണിക്കപ്പെടുന്നമലയരയന്മാർ, വേടന്മാർ, കാണിക്കാർ, ഉള്ളാടന്മാർ,പുലയർ, പറയർ മുതലായപല അപരിഷ്കൃതസമുദായങ്ങളും കേരളത്തിൽ മിക്കപ്രദേശങ്ങളിലും കാണുവാനുണ്ട്. ഇവയിൽ ആദ്യം പറഞ്ഞവ മലയിൽ പ്രായേണ മൃഗസദൃശത കൈക്കൊണ്ട് ഏററവും അപരിഷ്കൃതസ്ഥിതിയിൽ തന്നെ വസിക്കുന്നതാണ്. ഇവർ മനുഷ്യവർഗ്ഗത്തിന്റെ പ്രാഥമികദശയുടെ സ്മരണയെ നശിച്ചുപോകാതെ സംരക്ഷിച്ചുവരുന്നു. പുലയർ അല്ലെങ്കിൽ ചെറുമർ, പറയർ മുതലായവർ സമപ്രദേശങ്ങളിൽ ഇതരസമുദായങ്ങളോടിടപെട്ട് കൃഷിനിലങ്ങ

ളിൽ പല ജോലികൾ ചെയ്തുവരുന്നു. ഇവർ ഒരുകാലത്ത് ക്രയവിക്രയത്തിനധീനന്മാരായ അടിമകളായിരുന്നു. എന്നാൽ ഇപ്പോൾ അവർ വിദ്യാഭ്യാസവിഷയത്തിലും മററും അല്പാല്പമായി അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നതായി കാണുന്നു. മനുഷ്യവംശവിജ്ഞാനീയവിദഗ്ദ്ധന്മാർക്ക് ഈ വർഗ്ഗക്കാർ ഒരു രസകരമായ ഗവേഷണവിഷയമായിരിക്കുമെന്നുള്ളതിന് സംശയമില്ല. അവരുടെ മുഖലക്ഷണങ്ങളും മററും ഒരു പ്രത്യേകമനുഷ്യവംശത്തെ സൂചിപ്പിക്കുന്നുണ്ട്. അവർ കേരളത്തിലുള്ള വിവിധസമുദായങ്ങളുടെ മധ്യത്തിൽ വസിച്ചിരുന്നിട്ടും അവരുടെ ആദിമപ്രകൃതിയേയും ജീവിതരീതിയേയും ഇന്ന് അവർ ഉപേക്ഷിച്ചതായി കാണുന്നില്ല. ഇവരിൽ പലരും ക്രിസ്തുമതം സ്വീകരിച്ച് വർത്തിക്കുന്നവരാണ്. ഇത് അവർക്ക് "തീണ്ടൽ" എന്ന ഒരുവിധം വിലക്കു കല്പിക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ് എന്നു പറയപ്പെടുന്നു.

ഇനി കേരളത്തിലെ ഒരു വിശേഷസമുദായം യൂറോപ്പിലെ "ജിപ്സി"കളുടെസ്ഥാനം വഹിക്കുന്ന "കാക്കാലന്മാർ" ആണ്. ഇവരിൽ വേലചെയ്തു ജീവിക്കുന്നവർ ചുരുക്കമാണ്. ഇല്ലെന്നുതന്നെപറയാം. ഇവർ മിക്കവരും യാചകവൃത്തി അവലംബിച്ചും മോടിവിദ്യകൊണ്ടും മററു പകിട്ടുകൾ കൊണ്ടും ഉപജീവിക്കുന്നവരാണ്. ഇവരുടെ സ്ത്രീകൾ കൈനോക്കി ഭാവിഫലങ്ങളെ പറയുന്നതിൽ അതിവിദഗ്ദ്ധകളാണത്രെ. ഇവർ ജിപ്സികളെപ്പോലെ ഒരു സ്ഥലത്ത് സുസ്ഥിരവാസം ഇല്ലാത്ത സഞ്ചാരജീവികളാണ്. ഇവരുടെ ഉല്പത്തിയും ചരിത്രവും ഗവേഷണയോഗ്യങ്ങളായ വിഷയങ്ങളാണ്. പരിഷ്കാരതരംഗം ഇവരുടെ ചുററും നിരന്തരം നിർഘോഷിക്കുന്നുണ്ടെങ്കിലും "പാലംകുലുങ്ങിയാലും കേളൻകുലുങ്ങുകയില്ല" എന്ന മട്ടിലാണ് ഇവരുടെ ജീവിതം. ഇവരെപ്പോലെ സ്വാവസ്ഥയിൽ സന്തൃപ്തിയോടുകൂടി വർത്തിക്കുന്ന മറ്റൊരു സമുദായവും ഉണ്ടെന്നു തോന്നുന്നില്ല. ഋനി തൊഴിലിനെ അടിസ്ഥാനപ്പെടുത്തി സ്ഥാപിതങ്ങളായ അനേകം സമുദായങ്ങൾ കേരളത്തിൽ ഭാരതത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് ഒട്ടധികമുണ്ട്. "കമ്മാളർ"—അതായത് ആശാരി- മൂശാരി—കൊല്ലൻ—തട്ടാൻ; ക്ഷൗരകൻ--രജകൻ—കണിയാൻ-പുള്ളോൻ—കുറവൻ—വേലൻ—പാണൻ-മണ്ണാൻ—പരവൻ—എന്നിവർ ഗ്രാമങ്ങളിലും മരയ്ക്കാൻ—അരയൻ-—വാലൻ—മുക്കുവൻ മുതലായവർ കായൽ, സമുദ്രം ഇവയുടെ തീരങ്ങളിലും കുടിപാർക്കുന്നുണ്ട്. ഇവരിൽ പലരും ക്രമേണ പരിഷ്കാരപരിധിയിലേക്ക് ആകർഷിക്കപ്പെട്ടുവരുന്നുണ്ട്. എന്നാൽ ഇവർ അവരുടെ പാരമ്പര്യമായ കുലവൃത്തിയെ ഏറെക്കുറെ വിമുഖതയോടെ ഉപേക്ഷിക്കുന്നുണ്ടെന്നുള്ളത് അത്ര ആശാസ്യമാണെന്നു തോന്നുന്നില്ല.

ഇനി കേരളത്തിലെ ചില ചരിത്രപ്രസിദ്ധങ്ങളായ സ്ഥലങ്ങളേയും

വിശ്രുതന്മാരായ പുരുഷന്മാരേയും പററിയും അല്പം പ്രസ്താവിക്കാം. സർവ്വഭാരതീയരുടേയും മതാചാര്യനും 'ഭാഷ്യം' മുതലായ പ്രൗഢകൃതികളുടെ കർത്താവും, അതിവിദഗ്ദ്ധനും, കുശാഗ്രബുദ്ധിയും സർവ്വജ്ഞപീഠം അർഹിച്ച ആളും ഒരുതരത്തിൽ ഭാരതം മുഴുവൻ കുലുക്കിയ മഹാനുഭാവനും വലിയ ശിവഭക്തനും കേരളത്തിലെ ആചാരസ്ഥാപകനെന്നു പ്രസിദ്ധപ്പെട്ട ദേഹവും ദിവ്യനുമായ ശ്രീമൽ ശങ്കരാചാര്യരുടെ പാവനമായ ജന്മഭൂമിയായ "കാലടി" കേരളത്തിന് സർവ്വോൽകൃഷ്ടമായ ഒരു പ്രസിദ്ധി നൽകിയിട്ടുണ്ട്. മററൊന്നുമല്ലെങ്കിലും ഈ ഒററ സംഗതിമാത്രം മതി കേരളത്തിന്റെ വൈശിഷ്ട്യത്തെ സ്ഥാപിക്കുന്നതിന്. ഇതിനുംപുറമെ ദിവ്യജ്ഞാനിയും മതോപദേഷ്ടാവും കവിയും ഗുരുവുമായ തുഞ്ചത്തു ഗുരുനാഥന്റേയും അതുപോലെതന്നെ ആത്മജ്ഞാനിയും, മതസ്ഥാപകനും, യതിയും, ആചാര്യനുമായ ശ്രീനാരായണഗുരുസ്വാമിയുടേയും മററനേകം മഹാന്മാരുടേയും ജന്മഭൂമി കേരളം തന്നെയാണല്ലോ.

യൂറോപ്യൻദേശക്കാർ ആദ്യമായി വാസ്ഗോഡിഗാമയുടെ നേതൃത്വത്തിൽ സുമുഹൂർത്തത്തിൽ ഇൻഡ്യയിൽ കാൽവച്ചതു കേരളത്തിലെ പ്രധാനതുറമുഖമായ കോഴിക്കോട്ടാണല്ലോ. ലഘുവായ ഈ സംഭവം—ആകസ്മികമായ ഈ പദവിന്യാസം—ഭാരതത്തിന്റെ–അഥവാ ലോകത്തിന്റെ ഭാവിയെ ഏതെല്ലാം തരത്തിൽ എത്രത്തോളം ഗുരുതരവും ഫലഭൂയിഷ്ഠവുമായ വിധത്തിൽ എത്ര ദീർഘകാലത്തേക്കു ഭേദപ്പെടുത്തി എന്ന് ഭാരതത്തിന്റെ അപരചരിത്രം തന്നെ പറയട്ടെ. ഇതുകൂടാതെ ഭാരതം ഒട്ടുക്ക് പ്രസിദ്ധിയുള്ള കന്യാകുമാരി, അനന്തശയനം, ജനാർദ്ദനം, ഗോകർണ്ണം സത്യാഗ്രഹംകൊണ്ട് ലോകപ്രസിദ്ധമായ വൈയ്ക്കം, സുപ്രസിദ്ധിയുള്ള ഗുരുവായൂർ ഇവ കേരളത്തെ അലംകരിക്കുന്നതും തീർത്ഥയാത്രക്കാർക്ക് ആകർഷണീയങ്ങളുമായ പുണ്യസ്ഥലങ്ങളാണ്. ആദ്യം സേതുബന്ധനത്തിന് ശ്രീരാമൻ നിശ്ചയിച്ചതായ "മൺചിറ" അല്ലെങ്കിൽ "പൂർവ്വസേതു" എന്ന സ്ഥലവും ഹനുമാൻ ഔഷധപർവ്വതവും എടുത്തുകൊണ്ടു പോകുന്ന സമയം അടർന്നു വീണതായി പറയുന്ന മരുത്വാമലയും കേരളത്തിൽ തന്നെയാണ്. ദേവേന്ദ്രന് പാപത്തിൽനിന്നും ശുചിത്വം ലഭിച്ച സ്ഥലമായി വിചാരിക്കപ്പെടുന്ന "ശുചീന്ദ്ര"വും കേരളത്തിൽ സ്ഥിതിചെയ്യുന്നു. മൈസൂർവ്യാഘ്രം എന്നു പ്രസിദ്ധിയുള്ള ടിപ്പുവിന്റെ അഭിമാനത്തിനും ഒരു ജംഘയ്ക്കും ആദ്യമായി വൈകല്യം സംഭവിച്ചതും കേരളത്തിന്റെ ഒരു ഭാഗത്തുവച്ചാണ്. ഹനുമാൻ സമുദ്രലംഘനത്തിനായി ആരോഹണം ചെയ്ത മഹേന്ദ്രപർവ്വതവും കേരളത്തിലാണ് സ്ഥിതിചെയ്യുന്നത്. ഇതുപോലെ ഇനിയും ചരിത്രപ്രസിദ്ധങ്ങളും പുരാണപ്രസിദ്ധങ്ങളുമായ പല സ്ഥലങ്ങളും കേരളത്തിൽ ഉണ്ട്. കേരളം ഒട്ടുക്ക് നടപ്പുള്ള കൊല്ലവർഷത്തി

ന് അതിന്റെ നാമവും ജന്മവും നൾകിയതും ഒരിക്കൽ വലിയ തുറമുഖമായിരുന്നതുമായ കൊല്ലം കേരളത്തിലാണ്. പെരുമാക്കന്മാരുടെ രാജധാനിയായ തിരുവഞ്ചിക്കുളവും ഇവിടെയാണ്. കേരളത്തിലെ ഗൃഹങ്ങൾ പരദേശങ്ങളിലെ ഗ്രാമങ്ങളിലെപോലെ തൊട്ടുതൊട്ടല്ല ഇരിക്കുന്നത്. അവ മിക്കവാറും വലിയ തോട്ടങ്ങളുടെ മദ്ധ്യത്തിലാണു സ്ഥിതിചെയ്യുന്നത്. ഗൃഹങ്ങളുടെ നിർമ്മാണവും ഒരു പ്രത്യേകരീതിയിലും ശാസ്ത്രോക്തപ്രകാരവുമാണ്. മിയ്ക്ക ഗൃഹപരിസരങ്ങളിലും നാഗപ്രതിഷ്ഠയും അവിടെ പതിവായി നാഗാരാധനയുമുണ്ട്. ഇതു കേരളത്തിന്റെ ഒരു പ്രത്യേകത തന്നെയാണ്. ഇതിന്റെ ആഗമം എന്താണെന്നുള്ള ഗവേഷണം ഇതുവരെയും തീർച്ചയായ ഒരു ഘട്ടത്തിൽ എത്തിയിട്ടില്ല. നായന്മാർ നാഗന്മാരായിരുന്നു എന്നുംമററും ചില വെറും ഊഹങ്ങൾ ഇല്ലാതെയും ഇല്ല. ഇതുനിമിത്തം കേരളത്തിൽ വിഷവൈദ്യവും അസാമാന്യമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ട്. ഇതുപോലെതന്നെ കേരളത്തിൽ ആയുർവേദവും ജ്യോതിഷവും ഭാരതത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് കൂടുതൽ പുഷ്ടിയെ പ്രാപിച്ചിട്ടുണ്ടെന്നുള്ളതിനും സംശയമില്ല. ഇടക്കാലം വരെക്കും കേരളത്തിലെ പ്രധാനസമുദായങ്ങളുടെ ദായക്രമവും മറെറങ്ങും ഇല്ലാത്തവിധത്തിൽ ഒരു പ്രത്യേകരീതിയിലുള്ളതായിരുന്നു. എന്നാൽ ഈ വിഷയത്തിൽ വലിയ മാററം വന്നിട്ടുണ്ട്. കേരളത്തിലുള്ള എല്ലാ ജാതിക്കാരും ശുഭ്രങ്ങളും ധൗതങ്ങളുമായ വസ്ത്രങ്ങളെ ധരിക്കുന്നവരാണെന്നുള്ളതും പലരുടേയും ശ്ലാഘക്ക് പാത്രീഭവിച്ചിട്ടുള്ള ഒരു സംഗതിയാണ്. ഗൃഹദേഹാദികളുടെ ശുചിത്വവിഷയത്തിലും ഇപ്രകാരം തന്നെയാണ്. എന്നാൽ പുതിയ പരിഷ്കാരത്തിന്റെ ആവിർഭാവത്തോടുകൂടി പല അശുചിത്വങ്ങളും ജനങ്ങളുടെ ജീവിതരീതിയിൽ കടന്നുകൂടിയിട്ടുണ്ടെന്നുള്ളതും പറയാതെ കഴികയില്ല. ഒരിക്കൽ സത്വഗുണപ്രധാനന്മാരായിരുന്ന കേരളീയരിൽ ഇന്ന് രജോഗുണമല്ല തമോഗുണമാണ് സ്ഥലിച്ചു നില്ക്കുന്നത്. കാലഭേദംകൊണ്ടായിരിക്കാം. സഞ്ചാരസൗകര്യവിഷയത്തിലും കേരളം ഇന്ന് അദ്വിതീയമായിട്ടാണിരിക്കുന്നതു്. സമുദ്രവഴിക്കും കായൽവഴിക്കും നദികൾവഴിക്കും കരവഴിക്കും സുഖമായി സഞ്ചരിക്കുന്നതിന് അനന്യസാധാരണമായ സൗകര്യം പ്രകൃതിതന്നെ നൾകീട്ടുണ്ട്. വ്രീഹിസസ്യവൃക്ഷാദികളുടെ ഫലപുഷ്ടിക്കുപയുക്തങ്ങളായ "കാലവർഷം" "തുലാവർഷം" എന്ന് രണ്ടു വർഷങ്ങൾക്കും കേരളത്തിലെപ്പോലെ ഇത്ര സമയനിശ്ചയത്തോടുകൂടി മറെറങ്ങും സംഭവിക്കുന്നുണ്ടോ എന്നു സംശയമാണ്. സസ്യാദികളുടെ ഫലസമൃദ്ധിക്ക് പ്രത്യേകം ഉതകുന്നതായ തിരുവാതിരഞാററുവേല എന്നതും കേരളത്തിന് പ്രത്യേകമായിട്ടുള്ളതാണ്. ഒരു സംഗതി ഇവിടെ ഓർമ്മവരുന്നു. പണ്ട് മുളകുകൊടിയുടെ കുറെ വള്ളികൾ വേണമെന്ന് തിരുവിതാംകൂർ മ

ഫാ ാജാവിനോട് ചില വിദേശീയർ അപേക്ഷിക്കയും അവക്ക് വേണ്ടതു കൊടുക്കാൻ മന്ത്രിയോടു കല്പിക്കയും ചെയ്തപ്പോറം ഇങ്ങനെ കൊടുത്താൽ നമ്മുടെ മുതലെടുപ്പ് വളരെ കുറഞ്ഞുപോകുമെന്ന് മന്ത്രി തടസ്സം പുറപ്പെടുവിച്ചതിന് മറുപടിയായി "മുളകുകൊടി കൊണ്ടുപോകയല്ലെ ഉള്ളു, തിരുവാതിരഞാററുവേല കൊണ്ടുപോകയില്ലല്ലൊ" എന്ന് പറഞ്ഞതായി ഇതുസംബന്ധിച്ച് ഒരു രസകരമായ ഐതിഹ്യമുണ്ട്. കേരളത്തിലെ വനങ്ങളിലുള്ള ഉന്നതങ്ങളായ തേക്കുതടികളും ഗജങ്ങളും അവയുടെ വിശേഷഗുണങ്ങറംകൊണ്ട് ലോകപ്രസിദ്ധി സമ്പാദിച്ചിട്ടുണ്ട്. ഇതരഭാഗങ്ങളിൽ ഇല്ലാത്ത അനേകം ആചാരങ്ങളും അധികം അനാചാരങ്ങളും അന്യപ്രദേശങ്ങളിൽ അഭയം ലഭിക്കാഞ്ഞിട്ടൊ എന്നു തോന്നുമാറു് കേരളത്തിൽ വന്നു വാസം ഉറപ്പിച്ചിട്ടുണ്ട്. എന്നാൽ സുദർശനത്താൽ അനുധാവനം ചെയ്യപ്പെട്ട ദുർവാസസ്സിനെപ്പോലെ ഇവിടേയും പരിഷ്കാരശല്യം നിമിത്തം അവയ്ക്കു രക്ഷയില്ലെന്നുള്ള നിലയിലായിട്ടുണ്ട്. അചിരേണ അവയും നാമാവശേഷമായി തീരാനിടയുണ്ട്.

(തുടരും)

# അഫ്ഗാനിസ്ഥാനിലെ അന്തഃഛിദ്രം.

(പി. ആർ. നീലകണ്ഠൻനായർ.)

## III

### ജനറൽ നാഡർഖാൻെറ രംഗപ്രവേശം.

#### സമാധാനരക്ഷകൻ

ഒരു സമാധാനപരിരക്ഷകൻ എന്ന നിലയിൽ സ്വസഹോദരങ്ങളോടുകൂടി ജനറൽനാദിർഖാൻ രംഗപ്രവേശം ചെയ്തു. നാടുവാണിരുന്ന അമാനുള്ളയോട് രക്തസംബന്ധമുള്ള ഇദ്ദേഹം ഒരു ഉയന്ന സ്ഥാനം ഇവിടെ സ്വീകരിച്ചിരുന്നു. എന്തു സംഗതിവശാലെന്ന് അറിവാൻ കഴിവില്ലാത്ത ഒരു അസ്വാരസ്യം ഇവർതമ്മിലുണ്ടാവുകയും തന്മൂലം നാദിർഖാൻ ഫ്രാൻസിലേക്കു പോവുകയും ചെയ്തിരുന്നു. ഈ ദുർഘടഘട്ടത്തിൽ അമാനുള്ളയും ബാച്ചു ഇസാക്കവും അന്തഃഛിദ്രംകൊണ്ട് വികീർണ്ണമായ മാതൃഭൂ

മിയെ സമാധാനപരമാക്കുന്നതിന് അപേക്ഷിക്കയാൽ നാദിർ രംഗപ്രവേശനത്തിനുറച്ചു. അഫ്ഗാനിസ്ഥാനിലെ ഉൽകൃഷ്ടകുടുംബങ്ങളിൽ ചെന്നു വരെ അപേക്ഷിച്ച് പൊക്കം അല്പം ഏറുമെങ്കിലും അല്പം മെലിഞ്ഞവനും, സദാ ചിന്താക്ലമവിലക്ഷണമായ മുഖത്തോടു കൂടിയവനും ആയ ജനറൽ ജീവസ്ഫുരണം ചെയ്യുന്ന കണ്ണുകളോടു കൂടിയവനാണ്. സദാ കണ്ണട കൊണ്ട് അവയെ ആച്ഛാദനം ചെയ്തിരുന്നു. അല്പം നീണ്ടുതടിച്ച ഹനുവും, ഒതുങ്ങിയ ചുണ്ടും അദ്ദേഹത്തിൻെറ ഗൗരവം, ബുദ്ധിസാമൎത്ഥ്യം, സ്ഥിരനിശ്ചയം ഇവയെ ദ്യോതിപ്പിച്ചിരുന്നു.

ഇൻഡ്യയിൽ ജനറലിന് സൗഹാൎദ്ദമായ ആതിഥ്യം സിദ്ധിച്ചു. ഇൻഡ്യയിലുള്ള സകല വർഗ്ഗക്കാരും, എല്ലാ നിലയിലുള്ളവരും അമാനുള്ളയുടെ വിയോഗത്തിൽ സഹതപിക്കുന്നവരും അദ്ദേഹത്തിൻെറ പുനഃസന്ധാനത്തെ പ്രതീക്ഷിക്കുന്നവരുമായിരുന്നു. ഈ ഉദ്ദേശസിദ്ധിക്ക് നാദിർഖാൻ ശക്തനെന്നുള്ള വിശ്വാസത്താൽ ഇൻഡ്യാക്കാരുടെ സന്തോഷപരവും ശ്രദ്ധാപരവുമായ സൽക്കാരത്തിന് ജനറൽ പാത്രീഭവിച്ചു. ബഹുമാന്യരായ ഇൻഡ്യൻനേതാക്കളുടെ അധികാരാവൃത്തിയിൽ പെട്ടിരുന്ന യാത്രാപഥത്തിൽ—ബോംബെ മുതൽ പേഷ്വാർ വരെ—നാദിർഖാൻ ഒരു ജൈത്രയാത്രതന്നെയാണ് നടത്തിയത്. എന്നാൽ സല്ക്കാരപത്രങ്ങൾക്കും, സന്ദൎഭപ്രശ്നങ്ങൾക്കും മറുപടിപറയുന്ന ദിക്കിൽ നാദിർഖാൻ അത്യവധാനതയെ അവലംബിച്ചു. ഏതെങ്കിലുംഒരു വഴി ഖണ്ഡിതമായുറക്കാതിരിക്കുന്നതിന് അദ്ദേഹത്തിനു ചില പ്രത്യേകകാരണമുണ്ടായിരുന്നു. താൻ അനുധാവനം ചെയ്യേണ്ട വഴിയെ മാർഗ്ഗണം ചെയ്യുന്നതിന് മുമ്പുതന്നെ അമാനുള്ളയെക്കുറിച്ച് ജനങ്ങളുടെ അഭിപ്രായം അറിയേണ്ട ആവശ്യം ഉണ്ടായിരുന്നു. അനേകായിരം മഹമ്മദീയരും, ഹിന്ദുക്കളും, സിക്കുകാരും കൂടി അവിചാരിതമായ ഒരു അനുമോദനസമ്മേളനം ലാഹോറിൽവച്ചു നടത്തിയപ്പോൾ അനവധാനതയോടെ നാദിർഖാൻ ഇങ്ങിനെ പറഞ്ഞുപോയി. "സഫാവൂവ്രുടെ സിംഹാസനത്തിൽ അമാനുള്ളയെ ഉപവേശിപ്പിച്ചല്ലാതെ ഞാൻ അടങ്ങുകയില്ല." ഈ പറഞ്ഞത് അവിചാരിതവും ആലോചനാരഹിതവുമായ ഒന്നെന്നെ കരുതേണ്ടതുള്ളുവെന്ന് അഫ്ഗാസ്ഥാനിൽ ഉള്ള ചില അമാനുള്ളയുടെ ശത്രുക്കൾ ഉദ്ഘോഷിക്കാറുണ്ട്. കാബൂൾ ഗവണ്മെൻറിനു വിരോധമായി ഒരു വിപ്ലവകാരിക്ക് സുഖസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തതു ഇൻഡ്യൻ ഗവണ്മെൻറിൻെറ അനുചിതപ്രവൃത്തിയെന്നും ഇവൎക്കഭിപ്രായമുണ്ട്. ബാച്ച ഇസാക്ക ഇന്നത്തെ ഭരണകൎത്താവെങ്കിലും അഫ്ഗാനിസ്ഥാൻെറ ന്യായാവകാശിയെന്ന് പ്രഖ്യാപനം ചെയ്തിട്ടില്ലെന്നുള്ളതു് ഇവർ മറക്കരുത്. ഇനായത്തുള്ളയുടെ പലായനത്തിനു ശേഷം അമാനുള്ള കാൻഡഹാറിൽ സ്വാധികാരം സ്ഥാപിച്ചിട്ടുണ്ടെന്നും

നാഡർഖാൻ ഒരു വിപ്ലവകാരിയല്ലെന്നും ധരിച്ചിരിക്കേണ്ടതാണ്. അദ്ദേഹത്തിൻെറ കൂടെ സൈന്യമില്ല. ഇൻഡ്യയിൽനിന്ന് ഒരു പുതിയ സൈന്യത്തെ ശേഖരിച്ചിട്ടുമില്ല. യുദ്ധോചിതമായ യാതൊരു സംഗ്രഹവും അദ്ദേഹം ചെയ്തിട്ടുമില്ല. അഫ്ഗാനിസ്ഥാനിൽ എത്തിയതിനു ശേഷം എന്തുചെയ്യണമെന്ന് നിശ്ചയിക്കുമെന്നത്രെ അദ്ദേഹത്തിൻെറ ഉദ്ദേശം. സംഗതികളിങ്ങനെ ആയിരിക്കെ അദ്ദേഹത്തിനും സഹോദരന്മാൎക്കും ഫ്രാൻസിലും സമുദ്രത്തിലും എങ്ങിനെ സ്വതന്ത്രമായി സഞ്ചരിക്കാമൊ അതുപോലെ ഇൻഡ്യയിലും സഞ്ചരിക്കാവുന്നതാണ്.

പേഷുവാറിൽവച്ച് സർദാർ ആലിഅഹമ്മദുജാൻ എന്ന ആളെ നാദിർഖാൻ കണ്ടു. അമാനുള്ളയുടെ ഭരണകാലത്ത് ഈ സർദാർ കാബൂളിലെ ഗവർണ്ണർ ആയിരുന്നു. രാജാവു സിംഹാസനം ഒഴിഞ്ഞപ്പോൾ ഇയ്യാൾ ജലാലബാദിനെ തൻെറ സങ്കേതമാക്കി. വെസ്റ്റേൺഅഫ്ഗാനിസ്ഥാൻെറ അമീർ എന്നു പ്രഖ്യാപനവും ചെയ്തു. ബാച്ച ഇസാക്കു ഇതുകേട്ട് ഒരു സൈന്യത്തെ അയച്ചു സർദാറെ തോല്പിച്ചു ഓടിച്ചു. കാൻഡഹാറിൽ എത്തി അമാനുള്ളയെ കണ്ട് മാപ്പു ചോദിപ്പാനായി പോകുന്ന വഴിക്കാണ് പേഷുവാറിൽ എത്തിയതു്. രണ്ടുപേരും പേഷുവാറിൽ വച്ചു പല കാൎയ്യങ്ങളും ആലോചിച്ചു. എങ്കിലും ഒരു വ്യവസ്ഥയുണ്ടാക്കുന്നതിനു സാധിച്ചില്ല. അഫ്ഗാനിസ്ഥാനിലെ പ്രായോഗികരാജ്യമീമാംസയനുസരിച്ച് ഒരു ഭരണകൎത്താവിനെ തിരഞ്ഞെടുക്കയെന്നതു് ഒരിക്കലും സാദ്ധ്യമല്ലെന്നാണ് സർദാറുടെ ബലമായ അഭിപ്രായം. ഒരു പ്രജാധിപത്യഭരണത്തിനുതകത്തക്കവണ്ണം പൗരാവലി പ്രബുദ്ധരല്ലെന്നത്രെ അദ്ദേഹത്തിൻെറ വാദം. താൻ എത്രതന്നെ സ്നേഹിക്കുന്നുണ്ടെങ്കിലും ജനഹിതത്തിനു വിരുദ്ധമായി ഒരുവനെ രാജാവാക്കുന്നതുചിതമല്ലെന്ന് നാദിർഖാനും വാദിച്ചു. അവിടത്തെ ജനകീയസഭയുടെ (ജർഗ) പരിപൂൎണ്ണസമ്മതം സിദ്ധിച്ചല്ലാതെഅമാനുള്ളയെപ്പററി ഒന്നുംതന്നെ പറകയൊ ചെയ്യുകയൊ ഇല്ലെന്നും പറഞ്ഞു. അമാനുള്ള നാദിർഖാനെ കാൽഡഹാറിലേക്കു ക്ഷണിച്ചിരുന്നതു നിരസിച്ച് മാൎച്ച് 6-ാംനു പേഷുവാറിൽനിന്നും ഖോസ്റ്റിലേക്കു തിരിച്ചു. ബാച്ചാഇസാക്കുവിൻെറ ക്ഷണനത്തേയും അതു് അൎഹിക്കുന്ന വിധം നിന്ദാഭാവത്തിൽ നാദിർ തിരസ്കരിച്ചതെഉള്ളു. സാക്കുവിനയച്ച ഒരെഴുത്തിൽ അയാൾ അഫ്ഗാൻ സിംഹാസനത്തിനു യാതൊരു വിധത്തിലും അൎഹനല്ലെന്നു തുറന്നു പ്രസ്താവിച്ചിരുന്നു. ഒരു സമിതികൂടി ഒരു ഭരണകൎത്താവിനെ തിരഞ്ഞെടുക്കേണ്ടതാണെന്നും അതിൽ കാണിച്ചിരുന്നു. ഉടനെ ബാച്ചഇസാക്കു ഇങ്ങിനെ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. നാദർഖാൻെറ കുടുംബത്തിലുള്ളവരെ എല്ലാം തടവുകാരാക്കുകയും അദ്ദേഹത്തിൻെറ സകലവും കണ്ടുകെട്ടുകയും ചെയ്യണം. അഫ്ഗാനിസ്ഥാൻെറ

ദക്ഷിണദിക്കുകളിൽ നാദർഖാന്റെ തല കൊയ്യുന്നവനു വലിയ സമ്മാനം കൊടുക്കുന്നതാണ് എഴുത്തിന്റെ മറുപടി അമാനുള്ളക്കു വിരോധമായിരുന്നു. ഒരു സമ്മേളനം നടത്തണമെന്നുപറഞ്ഞ നാദർഖാനോട് ബാച്ചഇസാക്കുവിന്റെ ക്രോധം അനിയന്ത്രിതംതന്നെ. നാദർഖാനോടുള്ള വിരോധത്തെ സൂചിപ്പിച്ചു ബാച്ചഇസാക്കു ഒരു വിളംബരം ഏപ്രിൽമാസാവസാനത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതു അത്യന്തം രസാവഹം തന്നെ. അതു് ഇപ്രകാരം ആകുന്നു.

സമ്പൂർണ്ണസ്വാതന്ത്ര്യാധികാരം അനുഭവിക്കുന്ന മുസലീംരാജ്യത്തിൽ രാജദ്രോഹപരിധിയോളം അതിക്രമിക്കുന്ന പദവിന്യാസം നാദർഖാൻ ചെയ്തതായി നാം അറിയുന്നതും മുസലീമങ്ങളുടെയിടയിൽ അനൈകമത്യവും അസ്വരസവും ബീജാവാപം ചെയ്യുന്നതിനായി ശ്രമിക്കുന്ന വിവരം നാം അറിയുന്നതും ഇയ്യാൾ കഴിഞ്ഞ അമീറിന്റെ കമാൻഡർ ഇൻ ചീഫും ഇയ്യാളുടെ സഹോദരന്മാർ അസിസ്റ്റന്റന്മാരും ആയിരുന്നതും ആയവിവരം നിങ്ങളെ അറിവിച്ചിരിക്കുന്നു.

അതിനുമുമ്പിരുന്ന ഹബിബുള്ളയെ വധിച്ച അപരാധത്തിനു ഇവർ ഉത്തരവാദികളാണ്. ഇതു് അഫ്ഗാന്മാർക്കു സുപരിചിതമായ ഒരു പരമാർത്ഥമത്രെ. അമിയറെ വധിച്ചതിനു ശേഷം ജനറലും സ്വാനുചരരും അമാനുള്ളയുടെ ദയക്കു പാത്രീഭവിച്ചു. ഇവരുടെ കൃത്രിമങ്ങളൊന്നുംതന്നെ ഇസ്ലാംമതനിബന്ധനകളോട് എതിർക്കുവാൻ ശക്തമായിരുന്നില്ല. ഒരു മുസ്ലീംരാജധാനിയിൽനിന്നു പുറപ്പെട്ട ഹിജറാത്‌നിയമങ്ങൾ ഇവരെ മതദ്വേഷകമായ ഒരു രാജ്യത്തേക്ക് (ഫ്രാൻസ്) ഓടിച്ചു. ഞാൻ ഇപ്പോൾ അമീറും, വിശ്വാസികളുടെ രക്ഷകനും എന്ന നിലയിൽ അല്പം ദയാബുദ്ധി തോന്നുകകൊണ്ടും, ഇവരുടെ ദുരുദ്ദേശങ്ങളെക്കുറിച്ചു ജ്ഞനായിരുന്നതുകൊണ്ടും സ്വദേശത്തു വന്നുകൊള്ളുവാൻ ഞാൻ അനുവദിച്ചുപോയതാണ്.

ഈ സഹോദരങ്ങളെ യൂറോപ്പിൽനിന്നും അഭിമാനപൂർവ്വകം ഞാൻ വിളിച്ചു. ഇവർ യൂറോപ്പിൽ താമസിച്ചിരുന്ന കാലത്ത് മതനിഷിദ്ധമായ മാംസം ആഹാരം ചെയ്തു രക്തം അശുചിയും മാംസം ദൂഷിതവുമായിരിക്കുന്നു. അതിനാൽ ഇപ്പോൾ ഇതാ എന്നോട് എതിർക്കുന്നതിനും ജനങ്ങളെ വിപ്ലവകാരികളാക്കുന്നതിനും ശ്രമിക്കുന്നു.

മുൻപറഞ്ഞ കാരണങ്ങളാൽ അവരുടെ വധം ന്യായരഹിതമെന്നു തോന്നുന്നില്ല. നാദർഖാനെ ജീവനോടെ തടവുകാരനായി പിടിക്കുന്നവനു നാല്പതിനായിരം രൂപയും ഒരു വലിയ തോക്കും, അയാളുടെ തല കൊയ്യുന്നവനു മുപ്പതിനായിരം രൂപയും ഒരു വലിയ തോക്കും സമ്മാനമായി

കൊടുക്കുന്നതാണെന്നും, അയാളുടെ സഹോദരങ്ങളിൽ ഓരോരുത്തനെ വധിക്കുന്നവൎക്കു് പതിനായിരം വീതവും സമ്മാനം കൊടുക്കുന്നതാണെന്നും നാം ഇതിനാൽ വിളംബരം ചെയ്തിരിക്കുന്നു.

അമിർഹബിബുള്ള

24-ഏപ്രിൽ 1929

യാതൊന്നുംതന്നെ നാഡർഖാൻെറ ഗതിയെ ഭംശിപ്പിച്ചില്ല. അദ്ദേഹം ഒരു കക്ഷിയിലും ചേരുന്നതിനു നിശ്ചയിച്ചില്ല. അഗ് ഗാനിസ്ഥാനിൽ തൻെറ നില ഒരു കക്ഷിപിടിച്ചിട്ടല്ല. ഒരു സമാധാനരക്ഷകനായിട്ടാണ്. കഴിയുന്നതു യുദ്ധം ഒഴിക്കുവാൻ ആണു തൻെറ ആഗ്രഹം. വേണ്ടിവന്നാൽ പരസഹായം കൂടാതെ യുദ്ധം ചെയ്യുവാനും ഒരുക്കമാണ്. അയാളുടെ പ്രഥമലക്ഷ്യം കാബൂളാണ്. അതു സ്വാധീനപ്പെടുത്തുകയും സാക്കവിനെ സിംഹാസനത്തിൽനിന്നു ഭ്രഷ്ടനാക്കുകയും വേണം. അതിനു ശേഷം സൎവ്വജനസമ്മേളനമായ ജിർഗ വിളിച്ചുകൂട്ടി ഒരു രാജാവിനെ തിരഞ്ഞെടുക്കണം.

ഈ കാലഘട്ടത്തിൽ അമാനുള്ള സിംഹാസനത്തിനുള്ള അന്ത്യമായ ശ്രമം ചെയ്തു. കാൻഡഹാറിൽ 30,000 പേരെ ചേൎത്തു് ഒരു സൈന്യം സ്വരൂപിച്ചു കാബൂളിലേക്കു പുറപ്പെട്ടു. നാദർഖാൻ സമയവും പ്രതീക്ഷിച്ചു് ഗാർഡസ്സിൽ കാത്തുനില്ക്കുകയായിരുന്നു. അപ്പോൾ അമാനുള്ള ഗസ്സിനിയിൽ എത്തി. രണ്ടു സൈന്യവുമൊന്നിച്ചുചേൎന്നു് പോരാടുന്നതായാൽ വിജയം നിശ്ചയമെന്നു് നാദിർഖാനു പൂൎണ്ണവിശ്വാസമുണ്ടായിരുന്നു എങ്കിലും ഈ അവസരത്തിൽ അമാനുള്ളയുടെ സൈന്യത്തോടു തൻെറ സേനയെ ചേൎക്കാതെ ഇരുന്നതിന് അയാൾ സ്വമനസ്സോടു കഠിനസമരം ചെയ്യേണ്ടിവന്നു. അമാനുള്ളയോടു ചേരാതിരിക്കുന്നതിനുള്ള കാരണമെന്താണ്? അഫ് ഗാനിസ്ഥാൻെറ നാനാഭിക്കുകളിൽനിന്നും ജനവൎഗ്ഗത്തെ ചേൎത്തുണ്ടാക്കുന്ന ജിർഗായുടെ മനസ്ഥിതിയെന്തായിരിക്കുമെന്ന് അറിവാൻ സാധിച്ചിട്ടില്ല. ബാച്ചായെ പരാജിതനാക്കി സിംഹാസനം കൈവശപ്പെടുത്തിയല്ലാതെ അങ്ങിനെ ഒരു സമിതി കൂട്ടുവാനും സാധിക്കുന്നതല്ല. സിംഹാസനത്തെ വീണ്ടെടുക്കുന്നതിന് അമാനുള്ളയെ സഹായിക്കയും, തന്മൂലം അവിടത്തെ അന്തഃഛിദ്രത്തെ പ്രജ്വലിപ്പിക്കയും ചെയ്യുന്നതു വിവേകപൂൎവ്വമായ ഒരു പ്രവൃത്തിയാണോ.? ഒരിക്കൽ കണ്ടാലോചിക്കുന്നതിനും എതിർശക്തിയുടെ ഏഴയത്തെ അവഗാഹനം ചെയ്യുന്നതിനും സംഗതിവന്നിട്ടില്ലാത്ത സ്ഥിതിക്ക് അമാനുള്ളായുടെ ശത്രുക്കൾക്കുള്ള സങ്കടങ്ങൾക്ക് എന്തൊരു പരിഹാരമാണുള്ളതു്.? സമാധാനസംരക്ഷകനെന്ന പേരുംപറഞ്ഞു അമാനുള്ളയുടെ കക്ഷിയിൽ ചേൎന്നു് പ്രവ

ത്തിക്കുന്നവനെന്നു തെളിഞ്ഞാൽ പിന്നെ തനിക്ക് എന്തൊരു ശക്തിയാണ് അവശേഷിക്കുന്നതു്. അമാനുള്ള സ്വപരിശ്രമംകൊണ്ടു് സിംഹാസനം കരസ്ഥമാക്കട്ടെ. അപ്പോൾ ജനങ്ങളുമായുള്ള നിലയെന്തെന്നു കാണാം. താൻ ഒരിക്കലും അമാനുള്ളയെ എതിൎക്കുന്നതല്ല. അദ്ദേഹം തോല്ക്കുന്നപക്ഷം ബാച്ചഇസാക്കുവിനെ കീഴ്പ്പെടുത്തേണ്ടതു തന്റെ കടമയാണ്. അതിനുശേഷം കാബൂൾ കൈവശപ്പെടുത്തി ജനങ്ങൾക്ക് ആരെ രാജാവാക്കുവാനാണു മോഹമെന്ന് അന്വേഷിക്കാം. ജർഗായുടെ അഭിപ്രായം അമാനുള്ളായെ തിരിയെ വാഴിക്കണമെന്നാണ് എങ്കിൽ അതിൽ കൂടുതലായ സന്തോഷം തനിക്ക് മറെറാന്നുമില്ല. അവരുടെ പക്ഷം മറെറാരാളിൽ പതിക്കുന്നപക്ഷം അതിനേയും അനുവദിച്ച് അന്തഃഛിദ്രത്തെ നാമാവശേഷമാക്കുന്നതാണ്.

ഗാർഡസ്സിൽ സമയപ്രതീക്ഷയും ചെയ്തുകഴിഞ്ഞുകൂടിയിരുന്ന കാലത്തു് നാദർഖാന്റെ മനോമണ്ഡലത്തിൽ കളിയാടിക്കൊണ്ടിരുന്ന ചിന്താതരംഗങ്ങളിവയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. അന്നു രണ്ടുമാസത്തെ വിഷമപ്രയാണവും സഹിച്ച് അമാനുള്ള ഗസ്നിയിൽ എത്തി. അപ്പോൾ കാബൂളിനു പതിനാറു മൈൽ അടുത്തു അമാനുള്ളായുടെ മറെറാരു സൈന്യം എത്തിച്ചേർന്നു. ഉദാസീനനില സ്വീകരിക്കാമെന്നോററിരുന്ന ഗിൽസായിസ് പെട്ടെന്നു വഞ്ചനസ്വഭാവം സ്വീകരിച്ച് അമാനുള്ളയോടെതിൎത്തു. അതു് അദ്ദേഹത്തിനു വലിയ കുഴപ്പമുണ്ടാക്കിത്തീൎത്തു. ഗിസ്നിയെ കൈവശപ്പെടുത്തണമെന്ന അദ്ദേഹത്തിന്റെ മോഹം വിഫലമായി. കാബൂളിൽനിന്നും 16 മൈൽസ് തെക്കുകിഴക്കായി കിടക്കുന്ന അർഗാൻസിബാഗ്ബാല എന്നവക്ക് കാൻഡഹാറിനോടുള്ള ബന്ധം നശിപ്പിച്ചതുകൊണ്ടു് അമാനുള്ള നിശ്ശേഷം പരാജിതനായി. ഇങ്ങിനെ അമാനുള്ളയുടെ അന്ത്യമായ ശ്രമവും ജനസ്ഥാനത്തു് അടുത്തപ്പോൾ പരാജയത്തിൽ കലാശിച്ചു. അമാനുള്ള സ്വജാജ്യം വിട്ടു് ഓടിപ്പോകേണ്ടിവന്നു. ബോംബയിൽ എത്തി ഇററലിക്കു തിരിച്ചു.

സ്വേഛപോലെ പ്രവൎത്തിക്കുന്നതിന് നാദിർഖാൻ സ്വതന്ത്രനായി. രണ്ടു സൈന്യം കാബൂളിനോടടുത്തു. ഒന്നു താൻതന്നെ അൾട്ടിമർ വഴി നയിച്ചു. മറെറാന്നു സ്വസഹോദരനായ ഷാമഹമ്മദ് മിഴസകായ് വഴിയുമായിരുന്നു. ലാഗർ വാലിയാ അതിക്രമിച്ച് ഏതാനും ദൂരം നാദർഖാന്റെ സൈന്യം മുന്നോട്ടടുത്തു. തന്നോടെതിൎക്കുവാൻ വരുന്ന ഹബിബുള്ളയുടെ സൈന്യത്തോട്ട് യുദ്ധംചെയ്യുവാൻ സംഗതിവരുന്നതിനു മുമ്പുതന്നെ ഗുസ്ഡിൻ എന്ന ഗിൽസായിസ്നേതാവിനോടു മിഴസക്കായിൽ ചെന്നു എതിരക്കേണ്ടിവന്നുപോയി.

ഷാമഹമ്മദും ഈ വഴിയെ കുറെ മുന്നോട്ടു ചെന്നു ചില സമരങ്ങളിൽ ഏർപ്പെട്ടു. അതിൽ വിജയവും സിദ്ധിച്ചു. ഷാമഹമ്മദ് സ്വസഹോദരനെ വാസിലിയാസ് എതിർക്കുന്നതിനു മുമ്പുതന്നെ യോജിപ്പാൻ സംഗതിവന്നിരുന്നു എങ്കിൽ കാര്യം ഇതിലും ശുഭമായി അവസാനിക്കുമായിരുന്നു. ഈ നില അപകടമെന്നു് ഇയ്യാൾക്കു മനസ്സിലായി. മോഹൻഡ് ആഗയിൽ ഹബിബുള്ളായുടെ സൈന്യത്തോടു യുദ്ധംചെയ്തു് വിജയം ഫലപ്രദമാക്കുന്നതു് എളുപ്പമല്ലെന്നു് ഇയ്യാൾക്കു മനസ്സിലായി. ഇദ്ദേഹം കാബൂളിനോടു 30 മൈൽ അടുത്തു. ഇനി അടുക്കുന്നതു് അസാദ്ധ്യവുമായി. ഹബിബുള്ളായുടെ സൈന്യം വാസിലിയാസ് ചെന്നു പൂർവ്വാധികം ശക്തമാക്കി. കുഷിനഗരം പിടിച്ചു് അതിൻെറ അധികഭാഗവും തീവച്ചു നശിപ്പിച്ചു. മിഴ്സകായിലേക്കു ഷാമഹമ്മദിനെ ഓടിച്ചു. അദ്ദേഹം അവിടെ സ്വസഹോദരനോടു് ഒന്നിച്ചുചേർന്നു. ലാഗർവാലിയിൽകൂടി കാബൂളിൽ പ്രവേശിക്കുന്നതിനു് ഒരു സൈന്യത്തോടുകൂടിയുള്ള നദർഖാൻെറ ആദ്യശ്രമം ഇങ്ങനെ വിഫലമായി. ഈ തോൽവി അത്യന്തം അപകടമുള്ളതുമായി. ഇതുനിമിത്തം കൊള്ളക്കാരനായ രാജാവിനു് ആറു മാസം കൂടി സ്വൈരതവന്നു. നാദർഖാൻെറ ഉദ്യമം വിഫലവും അഫ്ഗാനിസ്ഥാൻ അന്തഃഛിദ്രകലുഷവുമായി. ശാന്തജീവിതം കഴിക്കുന്ന പല ജനങ്ങൾക്കും ഇക്കാലം അത്യന്താപദ്രവമായിത്തീർന്നു. യുദ്ധപ്രിയന്മാരായവർകൂടി ഈ ദുരന്തസ്ഥിതിയിൽ പല വിഷമങ്ങളും അനുഭവിച്ചു. ഈ ആറു മാസത്തിനിടയിൽ നാദർഖാനുണ്ടായ ജയാപജയങ്ങളെ സവിസ്തരം പറയുന്നതു പക്ഷെ ഇവിടെ യോജിച്ചതല്ല. അതിനു പ്രത്യേകം ഒരു ഗ്രന്ഥം തന്നെ ആപേക്ഷിതമാണു് ഈ കാലം മുഴുവനും നാദർഖാൻ അത്യന്തദുരിതം അനുഭവിച്ചിരുന്നു എന്നു് പറഞ്ഞാൽ കഴിഞ്ഞല്ലൊ. ലാഗർവാലിയിലെ പരാജയം നാദർഖാനെ ഉന്മേഷരഹിതനാക്കി. ബാച്ചഇസാക്കു വിജയപ്രലോഭിതനായി അതിക്രൂരകർമ്മങ്ങൾക്കും ഉദ്യതനായി. പുതിയ വിളംബരം പ്രസിദ്ധപ്പെടുത്തി. പുത്തനായി സൈന്യശേഖരവും ചെയ്തു. നാദർഖാൻെറ ലാഷ്കാർസൈന്യം അല്പാല്പം നീരസം നടിച്ചു് പിരിഞ്ഞുപോയിത്തുടങ്ങി. ധനസ്ഥിതി അത്യന്തം മോശമായി. നാനാഭാഗങ്ങളിലും നിരാശയല്ലാതെ കാണ്മാനില്ലാതായതുകൊണ്ടു മനോഭഗ്നനായ് നാദർഖാൻ രോഗശയ്യാവലംബിയുമായി. ഇൻഡ്യയിൽ പലവിധവർത്തമാനവും അങ്ങുമിങ്ങും കേട്ടുതുടങ്ങി. നാദർഖാൻ വധിക്കപ്പെട്ടു എന്നൊ, തടവുകാരനാക്കപ്പെട്ടു എന്നൊ, രോഗത്താൽ മൃതനായി എന്നൊ നാടൊക്കെ പരന്നു.

നാദർഖാൻ മുൻപറഞ്ഞ ഒരു അത്യാഹിതത്തിനു ഒന്നിനും വശഗനല്ലായിരുന്നു. മനോഭഗ്നതയും ശരീരസ്വാസ്ഥ്യവും ത്യജിച്ചു് ഊർജ്ജസ്വ

ലനായി. ഉചിതഘട്ടത്തിൽ അമാനുള്ളയുടെ കച്ചവടപ്രതിനിധിയായ സർദാർ അബ്ദുൾഹാക്കിംഖാൻ കുറെ പണംകൊണ്ടു നാദർഖാനെ സഹായിച്ചു. ഇതു വലിയ സഹായമായി. അഫ്ഗാൻെറ ഭാവിചരിത്രത്തിൽ ഒരു ഉത്തമസ്ഥാനത്തിനു അബ്ദുൾഹാക്കിം അവകാശിയാണ്. ഇദ്ദേഹം അമാനുള്ളയെ ഭക്തിപൂർവ്വം ആരാധിക്കുന്ന ഒരു ദേഹമാണ്. നാദർഖാൻ യുദ്ധത്തിനു രണ്ടാമത്തും സന്നദ്ധനായി. മിത്രങ്ങളായ വർഗ്ഗങ്ങളെ സന്ദർശിച്ചും, ധനശേഖരം ചെയ്തും ലാഷ്കാർവർഗ്ഗത്തെ പുനഃസ്സംഘടിപ്പിച്ചും ഇസ്ലാ എന്ന പത്രത്തിൽ സംഗതികളെ പ്രസിദ്ധീകരിച്ചും നാദർഖാൻ നടപടിയാരംഭിച്ചു. ഈ വിധമുള്ള പ്രവൃത്തിയുടെ ഫലമായി വാസിയഴ്സ് എന്നൊരു വർഗ്ഗക്കാർ സ്വാധീനമായി. ഇതു നാദർഖാൻെറ വിജയത്തിന് അത്യാപേക്ഷിതമായിരുന്നു. ഇവർ നല്ല യുദ്ധവീരന്മാരാണ്. ഇവരിൽപെട്ട പലരും നാദർഖാനെ സഹായിപ്പാനുറച്ചു.

സെപ്തംബർ ഒട്ടുപകുതിയോടുകൂടി നാദർ സന്നദ്ധനായി. മൂന്നുവഴിയായി കാബൂളിനെ ആക്രമിക്കുവാൻ നിശ്ചയിച്ചു. ഡാബൻസി ഒരു സങ്കേതമാക്കിക്കൊണ്ടു് വാസിയേഴ്സും, ജാജിലാഷ്കാർഴ്സും ചേന്ന സൈന്യത്തോടുകൂടി വേണ്ടതു ചെയ്യുന്നതിനു സഹോദരനായ ഷവാലിയെ നിയോഗിച്ചു. ഈ സ്ഥലം കുഷിയിൽ ഉള്ള കോഹിസ്റ്റാനിൽനിന്നും 60 മൈൽസ് അകന്നിട്ടാണ് സ്ഥിതിചെയ്യുന്നതു്. ഇയ്യാൾക്ക് രണ്ടുജോലി ഒന്നിച്ചു ചെയ്വാനുണ്ടു്. ലോഗർവാലിയെ ഗോഹിസ്ഥാനിൽനിന്നും ആക്രമിക്കാതെ രക്ഷിക്കണം. അതേസമയത്തു കാബൂളിനെ ആക്രമിക്കയും വേണം. ഈ ഉദ്യമം പൂർണ്ണവിജയമായിത്തീൎന്നു. കഴിഞ്ഞ ഒരു കൊല്ലത്തിനു മുമ്പു് ബാച്ചഇസാക്കു നാദർഖാനോടെതിർത്ത സ്ഥലത്തുതന്നെ വച്ചു് അക്ടോബർ 13-ാംനു- ഷാവാലി സാക്കുവിനെ തോല്പിച്ചു് നഗരം കൈവശപ്പെടുത്തി. കാബൂളിൻെറ പതനം ജലാലബാദ് നാദർഖാനു സ്വാധീനമാകുവാൻ ഇടയായി. മോഹൻഡിലെ ഷിൻവാറികൾ മഹമ്മദ് അഫ്ഡാലിൻെറ കീഴിൽ ഷിൻവാറിനേതാവിനെ പരാജിതനാക്കി. പേഷ്വാറിൽ കാബൂൾറോഡിൻെറ കേന്ദ്രമായ ജലാലബാദ് സ്വാധീനപ്പെട്ടതോടുകൂടി നാദർഖാൻ ഒക്ടോബർ 15-ാംനു- കാബൂളിൽ പ്രവേശിച്ചു.

ശത്രുവിൻെറ സംഖ്യാതീതസൈന്യങ്ങളുടെ ഇടയിൽ നിഷ്ഠുരമായ നിതാന്തപരിശ്രമം, ഉദ്ദേശസാദ്ധ്യത്തിനുള്ള ഏകതാനത, സൈനികസാമർത്ഥ്യത്തിൽ ഉള്ള ഔചിത്യം, ആജ്ഞാവശംവദരായ സഹോദരന്മാരുടെ ശ്രമസാഫല്യം, പേഷ്വാറിൽനിന്നും അമാനുള്ളായുടെ കച്ചവടഏജൻറിൻെറ ഉചിതകാലത്തുള്ള ധനസഹായം, ഇൻഡ്യക്കാരുടെ സന്മനസ്സ്, മിത്രമായിവർത്തിച്ച വർഗ്ഗങ്ങളുടെ സഹകരണം എന്നിവയെല്ലാം ഒന്നിച്ചു

ചേർന്നപ്പോൾ പരിണാമം ശോഭനമായി. തലസ്ഥാനനഗരിയിൽ പ്രവേശിച്ച് ഏറെത്താമസിയാതെ ജിർഗ വിളിച്ചുകൂട്ടി രാജാവിനെ തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടു. 'രാജ്യത്തിൽ സമാധാനപരിരക്ഷണത്തിന് നിരന്തരവും നിത്യവുമായ സ്ഥിരവ്രതത്തോടും, സുശോഭനമായ സേവനത്തോടും അനുവർത്തിച്ച' നാദർഖാനിൽതന്നെ ജനങ്ങളുടെ ഐകകണ്ഠ്യനയുള്ള സമ്മതം നിപതിച്ചു. ഈ അവരോധത്തെ അനപേക്ഷണീയമെന്ന നിലയിൽ നാദർഖാൻ കിരീടം സ്വീകരിച്ചു. ഗവണ്മെൻറധികാരത്തെ സംവരണവും ചെയ്തു. തലസ്ഥാനനഗരിയുടെ നഷ്ടത്തിനുശേഷം ആർക്കിൽ അഭയം പ്രാപിച്ചിരുന്ന ബാച്ചഇസാക്കു ജബാലുസുരാജിലേക്ക് ഓടിപ്പോയി. അയാളെ അവിടെവച്ച് വധിക്കുകയും ചെയ്തു. പക്ഷേ ഇതിനു മുമ്പുതന്നെ ആർക്കിൽ സാക്കു നിക്ഷേപിച്ചിരുന്ന ധനം മുഴുവനും നാദർഖാൻ കൈവശപ്പെടുത്തി. ഇങ്ങനെ മൂന്നാംരംഗം നാദർഖാൻെറ സിംഹാസനാരോഹണവും, സാക്കുവിൻെറ വധവും കഴിഞ്ഞു് അഫ്ഗാൻ അന്തഃഛിദ്രം ശാന്തമായതോടുകൂടി അവസാനിച്ചു. നിർഭാഗ്യവതിയായ സാമ്രാജ്യലക്ഷ്മി അവശ്യകരണീയമായ സമാധാനത്തോടെ കഴിയുമെന്നും നാദർഖാൻ ആഗതനാകുന്നതിനു പ്രേരിതനായത് ഏതു സന്ദേശം നിർവ്വഹിപ്പാനൊ അതു സാധിക്കുമെന്നും നമുക്ക് ആശിക്കാം.

സർവ്വജനസാമാന്യമായി ഉണ്ടാകാവുന്നതെന്നു ഞാൻ ഊഹിക്കുന്ന ഒരു പൂർവ്വപക്ഷത്തെ അല്പമൊന്ന് വിചിന്തനം ചെയ്യാമെന്നു വിചാരിക്കുന്നു. രാജശക്തിയെ സ്വീകരിച്ച വിഷയത്തിൽ നാദർഖാൻെറ പ്രവൃത്തി എത്രത്തോളം ന്യായീകരിക്കാം. ബാച്ചാവേ പാലയനം ചെയ്യിച്ചതിനുശേഷം കാബൂളിലുള്ള എല്ലാ വർഗ്ഗങ്ങളുടേയും പ്രാതിനിധ്യം വഹിക്കുന്ന ജിർഗ വിളിച്ചുകൂട്ടി അമാനുള്ളായുടെ പരമ്പരാവകാശസ്ഥാനമായ സിംഹാസനപ്രതിഷ്ഠക്ക് അവരോടു യുക്തിവാദം ചെയ്യുമെന്നത്രെ ജനങ്ങൾ വിശ്വസിച്ചിരുന്നത്. ഒരു രാജാവിനെ തിരഞ്ഞെടുക്കുന്നതിന് ഒരു ന്യൂനപക്ഷജിർഗ വിളിച്ചുകൂട്ടിയത് അല്പം ധൃതഗതിയായി എന്ന് ലോകം സംശയിക്കുന്നു. അമാനുള്ളയെ അനുകൂലിക്കുന്ന വർഗ്ഗങ്ങൾ അവരുടെ വസതിയിൽനിന്നു തലസ്ഥാനനഗരിയിൽ എത്തുന്നതിനു മുമ്പുതന്നെ—നഗരത്തിൽ പ്രവേശിച്ചതിനു അടുത്തദിവസം—സമിതി വിളിച്ചുകൂട്ടിയത് താൻ അമാനുള്ളക്കു വേണ്ടിയാണ് യുദ്ധംചെയ്യുന്നത് എന്നു പറഞ്ഞിരുന്നത് ഇവ വെറും വഞ്ചനയെന്നു തോന്നിപ്പോകുന്നു. പേഷവാറിലെ കച്ചവടഏജൻറ് ധനസഹായം ചെയ്യുന്നതിനു മുമ്പുതന്നെ നാദർഖാൻ അമാനുള്ളയുടെ വിജയത്തിനുവേണ്ടി മാത്രം ഈ ശ്രമം ചെയ്യുകയാണെന്ന് വാഗ്ദാനം ചെയ്യേണ്ടതായിരുന്നു. അക്ടോബർ 17-ാംനു ഒരു പത്രപ്രതിനിധി ഏജൻറിനെ സന്ദർശിച്ച അവസരത്തിൽ അദ്ദേഹം ഇങ്ങിനെ പറയുകയുണ്ടായി:—

"അമാനുള്ളായുടെ അവകാശസ്ഥാപനം ചെയ്യുമെന്നു നാദർഖാൻ പറഞ്ഞിരുന്നതു് വെറും തന്ത്രാകൊണ്ടു ആവരണം ചെയ്തുമാത്രമായിരുന്നു. ജർഗ വെറുമൊരു ഫാഴ്സായിരുന്നു. ആരംഭം മുതൽക്കുതന്നെ രാജസ്ഥാനത്തിനുള്ള ആഗ്രഹത്തോടുകൂടി മാത്രമാണു് നാദർഖാൻ ശ്രമിച്ചിരുന്നതു്. ഇപ്പോഴത്തെ പ്രവൃത്തി അഫ്ഗാനിസ്ഥാനിൽ പൂർവ്വാധികം കുഴപ്പമാണുണ്ടാക്കിയിരിക്കുന്നതു്. ഇതുവരെ നാദർ ചെയ്തിട്ടുള്ള സകല നന്മയും ഇതിനാൽ ധൂസരമാക്കിയിരിക്കുന്നു."

സർദാർ അബ്ദുൾഹാക്കിംഖാൻെറ ന്യായമായ ഈ കോപത്തിൽ ആരും അതിശയിക്കേണ്ടതില്ല. ഇദ്ദേഹത്തിന്നു് നാദർഖാനോടു ഇങ്ങനെ തോന്നുവാൻ പല ന്യായങ്ങളുമുണ്ടു്. ഇൻഡ്യയിൽ പലയിടത്തുംവച്ചു ചെയ്ത പ്രസംഗങ്ങളിൽ അദ്ദേഹം ശ്രദ്ധാപൂർവം അപരാധിയല്ലാതെ ആയിതിന്നിട്ടുണ്ടെങ്കിലും ധനസഹായത്തിൻെറ പ്രധാനലക്ഷ്യം അമാനുള്ളായുടെ പുനഃസ്സംഘടനമെന്നു് കച്ചവടഏജൻറു് തുറന്നുതന്നെ പറഞ്ഞിട്ടുണ്ടായിരുന്നു. വാഗ്ദത്തലംഘനത്തിനും സ്വാധികാരപ്രതീക്ഷക്കും നാദിർഖാൻ സമാധാനം പറകതന്നെ വേണം. ദേശാചാരക്കു വിരോധമായി പൊതുജനങ്ങളുടെ അഭിപ്രായത്തിന്നു് വശപ്പെട്ടതു് അഫ്ഗാനിസ്ഥാനിൽ അന്തഃഛിദ്രം ഉന്മൂലനം ചെയ്യാനെന്ന വാദം അസാധുവാണു്. ജിർഗ ഒരു ന്യൂനപക്ഷമെന്നതു് ഇരിക്കട്ടെ. അതിൽപോലും അമാനുള്ളായുടെ അവകാശത്തെയും അർഹതയേയും ബലമായി താങ്ങുകയൊ വാദിക്കുകയൊ ചെയ്തിട്ടില്ല. സർവസമ്മതത്തോടെ എന്ന ശബ്ദം അർത്ഥശൂന്യമാണു്. വർഗ്ഗങ്ങളിൽ ഏററവും ചുരുങ്ങിയ എണ്ണമെ അന്നു് പ്രതിനിധീകരിച്ചിരുന്നുള്ളു. അന്തഃഛിദ്രത്താൽ ആകുലീഭവിച്ചിരുന്ന അഫ്ഗാനിസ്ഥാനിൽ അമാനുള്ളയോളം ആദരണീയനും അന്തഃഛിദ്രവിനാശകനുമായി നാദർഖാൻ വാഴുമോ എന്നുള്ളതു് ഇന്നും സംശയാസ്പദമായിരിക്കുന്നതെ ഉള്ളു. സദാ സമാധാനപരവും ബലിഷ്ഠവുമായ ഒരു ഭരണത്തെ പ്രതീക്ഷിക്കുന്ന സമരക്ഷീണമായ അഫ്ഗാനിസ്ഥാനാണൊ നാദിർഖാനെ അനുകൂലിച്ചിട്ടുള്ളതെന്നു് ഒരുവനു സംശയം തോന്നിയേക്കാനിടയുണ്ടു്. അവകാശംകൊണ്ടു തൻേറതല്ലാത്ത കിരീടം കൈവശപ്പെടുത്തി നാദർഖാൻ ബലിഷ്ഠഭരണത്തേയും സമാധാനത്തേയും സ്ഥാപിച്ചു. നാദർഖാൻ കിരീടത്തെ അമാനുള്ളക്കുകൊടുക്കയും അദ്ദേഹം ഉപേക്ഷിക്കയുംചെയ്തു എങ്കിൽ തനിക്കുണ്ടാകുമായിരുന്ന സകലഅപവാദങ്ങളേയും ശിഥിലീകരിക്കുമായിരുന്നു. രാജ്യത്തെ പ്രതിനിധീകരിക്കുന്ന ഒരു സമിതിയിൽ അമാനുള്ളയെ സിംഹാസനവും ആന്തരഭരണപരിപാടിയും ഏല്പിച്ചിട്ടു അയാളുടെ പരിഷ്കാരങ്ങൾ കാലത്തിനോ ദേശത്തിനൊ യോജിച്ചതല്ലെന്നു് ഉപദേശിക്കേണ്ടിയിരുന്നു. അ

ങ്ങിനെ ചെയ്തിരുന്ന എങ്കിൽ അമാനുള്ളയുടെ കക്ഷികളെ തൃപ്തിപ്പെടുത്താമായിരുന്നു. അമാനുള്ളയുടെ പരിഷ്കാരത്തോട് അല്പം വെറുപ്പുണ്ടെങ്കിലും പുരുഷപരമായി അശേഷവും വിദ്വേഷമില്ലാത്ത പല യാഥാസ്ഥിതികരേയും ആശ്വസിപ്പിക്കാമായിരുന്നു. നാദർഖാൻെറ ഉദ്ദേശശുദ്ധിയുടെ പരമാർത്ഥം ലോകരെ അറിയിച്ച് അവരിൽ തങ്ങിനില്ക്കുന്ന സംശയത്തേയും തുടച്ചുകളയാമായിരുന്നു.

അശേഷവും സംശയിച്ചിട്ടില്ലാത്ത ഈ സ്ഥിതിഗതികളെക്കുറിച്ച്, നാദർഖാൻ സിംഹാസനാരോഹണം ചെയ്ത അവസരത്തിൽ ഇററലിയിൽ അഭയം പ്രാപിച്ചിരുന്ന ആ മാന്യദേഹത്തിൻെറ അഭിപ്രായമെന്തെന്ന് നോക്കുക. ഇത് അദ്ദേഹത്തിൻെറ മഹത്വം തെളിയിക്കുന്നുമുണ്ട്. "എൻെറ ഉത്തമാംഗത്തിൽ ഒരു കിരീടമൊ, ഒരു തൊപ്പി മാത്രമൊ ഞാൻ ധരിക്കുന്നതു് എന്നു ഞാൻ ശ്രദ്ധിക്കുന്നില്ല. ഒരു സിംഹാസനത്തിലൊ പലകക്കഷണത്തിലൊ ഞാൻ ഇരിക്കുന്നത് എന്നും അത്ര ഗണിക്കുന്നില്ല. ഞാൻ സർവാത്മനാ ആശിക്കുന്നതു് എൻെറ മാതൃഭൂമിയുടെ സേവനം മാത്രമാണ്." ആ രാജ്യസേവനാവസരവും നാദർഖാൻെറ അവധാനപൂർവ്വമുള്ള നോട്ടം കൊണ്ട് നിയന്ത്രിതപരിപാടിയനുസരിച്ച് പരിഷ്കാരം വരുത്തി ഭരിക്കുന്നതിനുള്ള അവകാശവും ആ ഉൽകൃഷ്ടരാജ്യാഭിമാനിയായ രാജാവിന് നഷ്ടപ്പെട്ടുപോയി.

അന്തഃഛിദ്രസംയമനത്തിന് നാദർഖാൻ ചെയ്ത പ്രയത്നങ്ങളെല്ലാം അതിൻെറ ഉജ്വലനത്തിന് സംഗതിയാക്കീട്ടില്ലയോ എന്ന് സംശയിക്കുന്നു. ഇന്നത്തെ സൈ്വരവാസം വെറും വഞ്ചനയാണ്. അമാനുള്ളായുടെ കക്ഷികളിൽ എരിയുന്ന വിരോധം ക്ഷാരംകൊണ്ട് മൂടിയിരിക്കുന്ന തീക്കനലെന്നപോലെ അപ്രത്യക്ഷമായിരിക്കുന്നു. ഉചിതകാലം വരുമ്പോൾ പൂർവ്വാധികം തീക്ഷ്ണതയോടെ അതു് ജ്വലിച്ചു കത്തുന്നതായിരിക്കും. അതു് ഭാവിയിൽ അനുഭവപ്പെടുക തന്നെ ചെയ്യും. അമാനുള്ളയും നാദർഖാനും ഹസ്തേനഹസ്തതലം അവലംബിച്ച് അഫ്ഗാനിസ്ഥാൻെറ ശ്രേയസ്സിനും സമാധാനപരതക്കും വേണ്ടി ചെയ്യാൻ സാധിക്കാത്ത വല്ലതുമുണ്ടായിരുന്നുവോ.? നാദിർഖാന് അതിനുള്ള അവസരം ഉണ്ടായിരുന്നു. അതു് അദ്ദേഹം വിഗണിച്ചുപോയി. ഇന്നത്തെ അധികാരമത്തിൽനിന്നും മോചിച്ച് നാദർഖാൻ ഉയരുമെങ്കിൽ അതിനുള്ള കാലം അതിക്രമിച്ചിട്ടില്ല. ജർഗയുടെ വാസ്തവരൂപത്തിൽ ഒന്നു വിളിച്ചുകൂട്ടുന്നതും അമാനുള്ളക്ക് സിംഹാസനം കൊടുക്കുന്നതും അസാദ്ധ്യമല്ല. കുടിലഹൃദയരായ മുള്ളാമാരുടെ ക്രയവിക്രയസാധനങ്ങളെന്നപോലെ കളിച്ചുപോയ അഫ്ഗാന്മാരുടെ അപരാധങ്ങൾ ഈ അവസരത്തിൽ പരിഹരിക്കപ്പെടാം. നാദർഖാൻെറ ബലം, വിവേകം, ജനസമ്മതം എന്നിവയും

അമാനുള്ളയുടെ രാജ്യാഭിമാനം, ആത്മവികസനേഛ എന്നിവയും ഒന്നിച്ചുചേൎന്നു് അമാനുള്ളയുടെ ആശയുള്ളതും, അദ്ദേഹം അവകാശിയായിട്ടുള്ളതുമായ സിംഹാസനപ്രാപ്തി സാധിച്ചാൽ ഇന്നത്തെ സാദ്ധ്യക്കോടിയിൽ കിടന്നു തിരിയുന്ന ഒരു മഹാകാൎയ്യം സുഖസാദ്ധ്യമായി പരിണമിച്ചതായി ഗണിക്കാവുന്നതാണു്.

# വിദ്യോദയം.

(സി. ജി. അനന്തൻപിള്ള ബി. എ.)

ഇന്നു് ലോകത്തിൽ എവിടെ നോക്കിയാലും നമ്മുടെ ശ്രദ്ധയെ പ്രധാനമായി ആകൎഷിക്കുന്ന സംഗതികളിൽ ഒന്നു് സ്ത്രീസമുദായത്തിൽ കാണുന്ന അത്ഭുതപൂൎവ്വവും അത്ഭുതാവഹവുമായ പ്രബുദ്ധതയാകുന്നു. പൊതുക്കാൎയ്യങ്ങളിൽ അവർ മുന്നോട്ടിറങ്ങി അഹമഹമികയാ പ്രവൎത്തിച്ചുതുടങ്ങിയിരിക്കുന്നു. പുരുഷന്മാൎക്കുള്ളതുപോലെ അവൎക്കും സ്വാതന്ത്ര്യമുണ്ടെന്നും പൊതുക്കാൎയ്യങ്ങളിൽ പ്രവൎത്തിക്കേണ്ടതു് അവരുടെ കൎത്തവ്യമാണെന്നും അവർ ഉൽഘോഷിക്കുന്നു. ഈ പ്രബുദ്ധത ഇന്നു് ഇൻഡ്യയിലെ സ്ത്രീസമുദായത്തിലും സുവ്യക്തമായി കാണുന്നുണ്ടു്. സുദീൎഘകാലത്തെ സുഷുപ്തിയിൽനിന്നുമുണൎന്നു് പുരുഷന്മാരെ വിസ്മയിപ്പിക്കുമാറു് അവർ പൊതുക്കാൎയ്യപ്രസക്തകളായി കാണുന്നു. "മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി സിംഹങ്ങളെപ്പോലെ ധീരധീരം പൊരുതുന്ന ഭാരതീയസ്ത്രീകളെ ഞാൻ ഹാൎദ്ദമായി അഭിനന്ദിക്കുന്നു" എന്നാണു് രാഷ്ട്രീയരംഗത്തിലിറങ്ങി പടവെട്ടുന്ന മഹിളാമണികളെപ്പററി ഒരു മഹാൻ പറയുന്നതു്. ഭാരതീയസ്ത്രീസമുദായത്തിലുണ്ടായിട്ടുള്ള ഈ ഉണൎച്ച ഇന്നു് ലോകരുടെ ശ്രദ്ധയെ മുഴുവനും സവിശേഷം ആകൎഷിച്ചിട്ടുണ്ടു്. അവർ അവരുടെ ചരിത്രത്തിലെ ഒരു പ്രധാനഘട്ടത്തിലെത്തിയിരിക്കുന്നു. ഇതിനുള്ള ഒരു കാരണം അവൎക്കു് സിദ്ധിച്ചിട്ടുള്ള വിദ്യാഭ്യാസമാണെന്നുള്ള സംഗതി നാം വിസ്മരിച്ചുകൂടാ. എന്നാൽ അവൎക്കു് ലഭിക്കുന്ന വിദ്യാഭ്യാസം അവരുടെ ചുമതലകൾ നിൎവഹിക്കുന്നതിനു് പൎയ്യാപ്തമായ ഒന്നല്ല എന്നുള്ളതും സ്മൎത്തവ്യമത്രെ. സ്ത്രീകൾക്കു് വിദ്യാഭ്യാസത്തിനു കൂടുതൽ സൌകൎയ്യമുണ്ടാക്കിക്കൊടുക്കണമെന്നുള്ള മുറവിളിക്കു് നാൾക്കുനാൾ ശക്തി കൂടിവരുന്നു. തൽഫലമായി പല സ്ഥാപനങ്ങളും അവൎക്കുവേണ്ടി ഏൎപ്പെടുത്തിക്കഴിഞ്ഞിരിക്കു

21 MAR. 1931 MADRAS

ന്നു. മദിരാശിയിൽതന്നെ രണ്ടു കലാശാലകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതെല്ലാം സ്ത്രീസമുദായചരിത്രത്തിലുണ്ടാകുവാൻപോകുന്ന സുവൎണ്ണകാലത്തിന്റെ അരുണോദയത്തെയാണു സൂചിപ്പിക്കുന്നതു്. അന്നു് അവരുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനു പ്രാപ്തകളാക്കേണ്ട പരിശീലനം നൽകുക എന്ന പ്രധാനജോലിയാണു് ഇന്നു നമ്മെ അഭിമുഖീകരിച്ചിരിക്കുന്നതു്. വെറും മാനസികപരിശീലനം പോരെന്നും, സ്വയംപ്രകടനത്തിനും സ്വഭാവരൂപവൽക്കരണത്തിനും സമുദായസേവനത്തിനും ഗൃഹഭരണപരിശീലനത്തിനും കൂടി വിദ്യാഭ്യാസസ്ഥാപനങ്ങൾ സൌകര്യം നൽകേണ്ടതാണെന്നും ഉള്ള പൊതുജനാഭിപ്രായത്തിനു് പ്രാബല്യം വൎദ്ധിച്ചുവരുന്നു. ഈ ഉദ്ദേശസാദ്ധ്യത്തിനായി ഉൽകൃഷ്ടങ്ങളായ ചില ആദൎശങ്ങളോടുകൂടി 1924-ൽ പല്ലവരാം എന്ന സ്ഥലത്തു് ആരംഭിച്ചിട്ടുള്ള ഒരു പാഠശാലയാണു് 'വിദ്യോദയം' എന്ന പേരിൽ നാം അറിയുന്നതു്. ഈ വിദ്യാലയം സ്ഥിതിചെയ്തിരുന്ന സ്ഥലം ഒരാൾ തീറുവാങ്ങിയതുകൊണ്ടും അതു് അയാളുടെ സ്വന്തം ആവശ്യത്തിനുപയോഗിക്കേണ്ടി വന്നതുകൊണ്ടും രണ്ടു സംവത്സരത്തിനുശേഷം പ്രവൎത്തകന്മാർ അതിനെ മദിരാശിനഗരത്തിലേക്കു് മാററുകയുണ്ടായി. അതുകൊണ്ടു് ഈ വിദ്യാലയം ഇന്നു മദിരാശിയിലാണു പ്രശസ്തരീതിയിൽ നടത്തിവരുന്നതു്. അവിടത്തെ അദ്ധ്യയനരീതി ഏതു തരത്തിലുള്ളതാണെന്നറിയുന്നതു് കൌതുകകരമായിരിക്കുമല്ലോ.

സ്ത്രീകളുടെ അഭ്യുദയത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള വിദ്യോദയത്തിലെ അഭ്യസനരീതി സാധാരണ ബാലികാപാഠശാലകളിലേക്കാൾ വ്യത്യസ്തമായ ഒന്നാണു്. ചില പ്രത്യേക ആദൎശങ്ങളെ ആസ്പദമാക്കിയാണു് അവിടെ അദ്ധ്യാപനം നൽകുന്നതു്. വിദ്യാലയം കുട്ടികൾക്കുവേണ്ടിയാണെന്നും കുട്ടികൾ വിദ്യാലയത്തിനുവേണ്ടിയല്ലെന്നുമുള്ള പ്രധാനതത്വത്തെയാണു് പ്രവൎത്തകന്മാർ സ്വീകരിച്ചിട്ടുള്ളതു്. സാധാരണവിദ്യാലയങ്ങളിൽ കാണുന്ന ഒരു ന്യൂനത അദ്ധ്യാപകന്മാൎക്കു് കുട്ടികളിൽ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കുവാൻ സൌകര്യം ലഭിക്കുന്നില്ലെന്നുള്ളതാണു്. ക്ലാസ്സുകൾ വലുതായിരിക്കുന്നതുകൊണ്ടു് ഓരോ കുട്ടിയെയുംപററി പ്രത്യേകം പഠിക്കുന്നതിനോ, ന്യൂനതകൾ ശരിയായി മനസ്സിലാക്കുന്നതിനോ, വ്യക്തിത്വത്തെ വളൎത്തുന്നതിനോ, ഉൽകൃഷ്ടാശയങ്ങളെ വികസിപ്പിക്കുന്നതിനോ, ആവശ്യമുള്ള ഉപദേശം നൽകുന്നതിനോ അവൎക്കു് സൌകര്യം തീരെ ലഭിക്കാത്തതരത്തിലാണു് ഇന്നത്തെ വിദ്യാലയങ്ങളിലെ പ്രവൎത്തനരീതി. വിദ്യോദയത്തിലെ ഒരു വിശേഷത അദ്ധ്യാപകന്മാർ അദ്ധ്യേതാക്കളിൽ വ്യക്തിപരമായി ശ്രദ്ധിക്കുന്നുണ്ടെന്നുള്ളതാണു്. ചെറിയ ക്ലാസ്സുകളാണു് അവിടെയുള്ളതു്. തന്മൂലം ഓരോ ബാലികക്കും സ്വയംപ്രകടനത്തിനു് ധാരാളം സൌകര്യം ലഭിക്കുന്നു. കുട്ടികളുടെ വിഭിന്നതയനുസരിച്ചു്

ആദ്ധ്യയനം നൽകുവാൻ അദ്ധ്യാപകന്മാൎക്ക് സാധിക്കയും ചെയ്യുന്നു. ഇതു് എത്രയും വിഷമമേറിയ ഒരു ജോലിയാണെന്നുള്ളതു് നാം വിസ്മരിക്കരുതു്. വിദ്യാഭ്യസനത്തിൽ കൌതുകമില്ലാതെ ശമ്പളത്തിനു വേണ്ടി മാത്രം വേലചെയ്യുന്ന ഗുരുജനങ്ങൾക്ക് ഇതു ഒരിക്കലും സാധ്യമല്ല.

സ്ത്രീകൾക്കെല്ലാവൎക്കും ഉദ്യോഗം ലഭിക്കുമെന്നോ ഉദ്യോഗത്തിനു പോകുവാൻ സാധിക്കുമെന്നോ തോന്നുന്നില്ല. എന്നാൽ അവർ ഉത്തമകളായ ഗൃഹണികളും ഉപയോഗവതികളായ സമുദായാംഗങ്ങളും ആയിരിക്കേണ്ടതും ആയിരിക്കുവാൻ അവൎക്കു സാധിക്കുന്നതുമാണ്. അതിനുവേണ്ട പരിശീലനം നൽകുന്ന വിദ്യാഭ്യാസമാണ് വിദ്യോദയത്തിൽ ലഭിച്ചുവരുന്നതു്. ഇന്നു വിദ്യാഭ്യാസത്തിനായി പോകുന്ന ബാലികമാരിൽ ഭൂരിഭാഗവും ഗൃഹജോലി നിർവഹിക്കേണ്ടവരാകയാൽ, അനന്തരകാലത്തു് നിഷ്പ്രയോജനകരമായ ഒരുതരം അറിവു് പാഠശാലകളിൽനിന്നും പ്രദാനംചെയ്യുന്നതു് ബുദ്ധിപൂൎവകമായിട്ടുള്ളതല്ലല്ലോ. സ്ത്രീകൾക്ക് പ്രയോജനത്തെ നൽകുന്നതും, ഗുണഭൂയിഷ്ഠമായ ജീവിതനിർവഹണത്തിനുപയുക്തമായിട്ടുള്ളതും, ഗൃഹങ്ങളെ ആനന്ദകരങ്ങളാക്കുന്നതിനു സഹായിക്കുന്നതും ആയ വിഷയങ്ങൾ പഠിപ്പിക്കുന്നതിൽ നമ്മുടെ ഈ പാഠശാല പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. മററു പല വിഷയങ്ങൾക്കുപുറമെ ആരോഗ്യശാസ്ത്രം, ഉദ്യാനനിൎമ്മാണം, സംഗീതം, പാചകവൃത്തി, തുന്നൽ, ഗൃഹത്തെ സന്തോഷകരമാക്കുന്ന കലകൾ മുതലായവ പഠിപ്പിക്കുന്നതിൽ പ്രവൎത്തകന്മാർ ബദ്ധശ്രദ്ധരാണ്. ബാലികമാർ സ്വയമായി വായിക്കുന്നതിനും, ചിന്തിക്കുന്നതിനും, നിരീക്ഷിക്കുന്നതിനും അവിടെ പരിശീലിപ്പിച്ചുവരുന്നു.

സാധാരണയായി പാഠശാലകളിൽ അദ്ധ്യാപകാദ്ധ്യേതാക്കൾ തമ്മിൽ രഞ്ജിപ്പോ, സ്നേഹമോ, കണ്ടുവരുന്നില്ല. എന്നാൽ ഇവർ അടുത്തു പെരുമാറുന്നതിനും സൗഹാൎദ്ദമുണ്ടാകുന്നതിനുംവേണ്ടി അദ്ധ്യാപകന്മാർ വിദ്യാലയത്തിൽതന്നെ താമസിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ടു്. അവർ ഒന്നിച്ചു ഭക്ഷണം കഴിക്കയും, വിനോദങ്ങളിലേൎപ്പെടുകയും, സന്ദൎശനം നടത്തുകയും ചെയ്യുന്നു. ഒരു വലിയ ഗൃഹത്തിലെ അംഗങ്ങളുടെ നിലയിലാണ് അവർ അവിടെ വസിക്കുന്നതു്. ഒഴിവുദിവസങ്ങളിൽ വിദ്യാൎത്ഥികൾ വീട്ടിൽപോകുവാനാഗ്രഹിക്കാതെ അവരുടെ സഹോദരികളും ഗുരുജനങ്ങളുമായി പാഠശാലയിൽതന്നെ കഴിഞ്ഞുകൂടുന്നതിനാഗ്രഹിക്കുന്നു. ഇത്തരത്തിലുള്ള ഒരു ജീവിതംകൊണ്ടു ബാലികമാൎക്കു വിലയേറിയ പല ഗുണങ്ങളും സിദ്ധിക്കുന്നുണ്ടു്. ശുചിയായിരിക്കുക, മൎയ്യാദയായി പെരുമാറുക, പരസ്പരം സഹകരിക്കുക, അതിഥികളോടു വേണ്ടവിധത്തിൽ വൎത്തിക്കുക എന്നിവയെല്ലാം അവർ മനസ്സിലാക്കുന്നു.

വിദ്യോദയത്തിൽ കായികാഭ്യാസത്തിന് ഒരു പ്രധാനസ്ഥാനം നൽകിയിട്ടുണ്ട്. സാധാരണപാഠശാലകളിൽ ഈ വിഷയം അത്ര ഗണ്യമായി കരുതാറില്ല. അതുകൊണ്ട് പഠിത്തം പൂർത്തിയാക്കിവരുന്നവർ പ്രായേണ അനാരോഗ്യവതികളായിട്ടാണ കണ്ടുവരുന്നത്. വിദ്യോദയത്തിൽ ബാലികമാരെക്കൊണ്ട് വ്യായാമം ചെയ്യിക്കുന്നുണ്ട് അവൎക്കായി പലതരത്തിലുള്ള കായികവിനോദങ്ങളും ഏൎപ്പെടുത്തിയിരിക്കുന്നു. ഇവയിൽ അദ്ധ്യാപകന്മാരും ഭാഗഭാക്കുകളാകുന്നുണ്ട്. കായികവിനോദങ്ങളെ അവർ ശരിയായി പരിശോധിക്കും. സ്വഭാവരൂപവൽക്കരണത്തിലും അദ്ധ്യാപകന്മാരുടെ ശ്രദ്ധ വേണ്ടപോലെ പതിയുന്നുണ്ട്. സ്വഭാവം അദ്ധ്യയനംകൊണ്ടല്ല രൂപവൽക്കരിക്കപ്പെടുന്നതെന്നും ഓരോന്നിലും പ്രവൎത്തിച്ചു പരിചയിച്ചാണുണ്ടാകുന്നതെന്നും അവർ വിശ്വസിക്കുന്നു. ഇക്കാരണത്താൽ നിയമപരിപാലനത്തിന്റെ ഉത്തരവാദിത്വം വിദ്യാൎത്ഥികൾക്കുതന്നെ വിട്ടുകൊടുത്തിരിക്കുന്നു. അവരുടെ പ്രതിനിധികളടങ്ങിയ ഒരു വിദ്യാൎത്ഥിസമാജമുണ്ട്. സ്കൂൾജീവിതത്തിലെ മിക്ക കാൎയ്യങ്ങളും അവരാണു നിൎവ്വഹിക്കുന്നത്. പുതുതായി ബാലികമാർ വന്നുചേൎന്നാൽ അവരെ അതിനുമുമ്പേതന്നെ അവിടെ പഠിച്ചുവരുന്ന ജ്യേഷ്ഠബാലികമാരെ ഏല്പിക്കുന്നു. അവരെ നോക്കേണ്ട ഭാരം അവർ താല്പൎയ്യത്തോടും സന്തോഷത്തോടുംകൂടി ഏറെറടുക്കുന്നു. ഭക്ഷണം, വസ്ത്രധാരണം, സ്വഭാവരൂപവൽകരണം, ശുചീകരണം എന്നീ വിഷയങ്ങളിലെല്ലാം പ്രത്യേകിച്ച് അവരുടെ മേൽനോട്ടമുണ്ടായിരിക്കുന്നതാണ്. സ്വന്തം കാൎയ്യങ്ങൾ തന്നെത്താൻ നിൎവ്വഹിക്കുന്നതിനു പ്രാപ്തിയുണ്ടാകുന്നതുവരെ അവർ പ്രായമായവരുടെ മേൽനോട്ടത്തിലിരിക്കുന്നതാണ്. ചുരുക്കിപ്പറയുകയാണെങ്കിൽ വിദ്യാലയജീവിതസംബന്ധമായ മിയ്ക്കകാൎയ്യങ്ങളിലും ബാലികമാരുടെ സഹായത്തെ വിദ്യാലയാധികൃതന്മാർ അപേക്ഷിക്കുന്നുണ്ട്. ഇങ്ങനെ അദ്ധ്യേതാക്കളുമായി സഹകരിച്ചു പ്രവൎത്തിക്കുന്നതുകൊണ്ടും, അവരുടെ ആഗ്രഹമനുസരിച്ച് പ്രവൎത്തിക്കുവാൻ സാധിക്കുന്നതുകൊണ്ടും അവൎക്ക് പ്രത്യേകം താല്പൎയ്യവും സന്തോഷവും ജനിക്കയും, അവരെ ചുമതലപ്പെടുത്തുന്ന ജോലികൾ സാമൎത്ഥ്യത്തോടുകൂടി നിറവേററുകയും ചെയ്യുന്നു.

വിദ്യോദയം ഒരു ഗുരുകുലവിദ്യാലയമാണെന്നുള്ള സംഗതിയും ഇവിടെ പ്രസ്താവയോഗ്യമത്രെ. പണ്ടത്തെ ഗുരുകുലവിദ്യാലയത്തിന്റെ ആദൎശങ്ങളനുസരിച്ചാണ് പ്രവൎത്തകന്മാർ വിദ്യാലയം നടത്തിവരുന്നത്. ഇപ്പോൾ 120 ബാലികമാരോളം അവിടെ താമസിക്കുന്നുണ്ട്. അവരിൽ 40 പേർ ഹിന്ദുബാലികകളും 12 പേർ ക്രിസ്ത്യൻബാലികമാരുമാണ്. ഇങ്ങനെ വിവിധവൎഗ്ഗത്തിൽപെട്ട ബാലികമാരെ ഒന്നിച്ചു പഠിപ്പിക്കുന്നതും താമസിപ്പിക്കുന്നതും പ്രാധാന്യമേറിയ ഒരു സംഗതിയാണല്ലൊ. ഈ സ

മ്പ്രദായം പലരുടേയും അഭിനന്ദനത്തിനു പാത്രീഭവിച്ചിട്ടുണ്ട്. അതു് മഹത്തായ ഒരു ഭാവിയെയാണു സൂചിപ്പിക്കുന്നതു്. മഹാമനസ്കന്മാരായ മഹതീമഹാന്മാരുടെ സംഭാവനകൾ കൊണ്ടാണ് ഈ വിദ്യാലയം നടന്നുവരുന്നതു്. ഭാരതീയസ്ത്രീസമുദായത്തിൻെറ ഉദ്ധാരണത്തിലും അഭിവൃദ്ധിയിലും താല്പര്യമുള്ള സ്ത്രീപുരുഷന്മാരുടെ വിലയേറിയ സഹായസഹകരണങ്ങൾ വേണ്ടപോലെ ലഭിക്കുമെന്നാണ് പ്രവൎത്തകന്മാരുടെ പ്രതീക്ഷ. ഈ വിദ്യാലയം സന്ദൎശിച്ചിട്ടുള്ള പല മഹാന്മാരും അതിനെ പ്രശംസിച്ചിട്ടുണ്ട്. വിദ്യാഭ്യാസമേധാവികൾക്കുതന്നെ ഈ വിദ്യാലയത്തെക്കുറിച്ച് വളരെ തൃപ്തിയും സന്തോഷവും ജനിച്ചിട്ടുണ്ട്. ഒരു ഇൻസ്പെക്ടറസ്സിൻെറ റിപ്പോർട്ടിൽ ഇങ്ങനെ കാണുന്നു. "ഒരു പുതിയതരം വിദ്യാഭ്യാസസമ്പ്രദായത്തിൻെറ അടിസ്ഥാനമിട്ടിരിക്കുന്നു. ഇതിൻെറ ഒരു വിശേഷത വിവിധഭാഗങ്ങളിൽനിന്നും വരുന്ന വിവിധജാതിമതസ്ഥരായ കുട്ടികൾക്കുള്ള ഗുരുകുലസമ്പ്രദായമാണ്. ഇങ്ങനെയുള്ള ഒരു അന്തരീക്ഷത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾക്കു യോജിച്ച ഒരു വിദ്യാഭ്യാസത്തിൻെറ അസ്തിഭാരമുറപ്പിച്ചിരിക്കുന്നു. ഇതു് മദിരാശിയിലെ കൌതുകകരമായ ഒരു പാഠശാലയാണ്. കുട്ടികളുടെ സന്നദ്ധതയും സുഖവും സന്തോഷവും അവിടത്തെ ജോലിയുടെ ഫലമാണ്. അവിടെ ചെയ്യുന്ന പ്രവൃത്തി എത്രയും ശ്രേഷ്ഠമായിട്ടുള്ളതും ശുഭമായ ഭാവിയെ സൂചിപ്പിക്കുന്നതുമാകുന്നു."

ഇതുപോലെ ബാലികമാരുടെ അഭിവൃദ്ധിക്കു വേണ്ടിയുള്ള 'സരസ്വതീമന്ദിരങ്ങൾ' കേരളീയരുടെ ശ്രദ്ധയേയും പ്രോത്സാഹനത്തേയും അൎഹിക്കുന്നവയെന്നു വിശ്വസിക്കുന്നു.

# വിഹായസ്വിഹാരം.

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.)

## ഏഴാം അദ്ധ്യായം

വലിയ ആളുകൾ പലപ്പോഴും വേഷം മാറി സഞ്ചരിക്കാറുണ്ടല്ലൊ. അതു് അവൎക്കൊരു വിനോദമാണ്; ഉല്ലാസമാണ്; സ്വതന്ത്രരായി നടക്കാനൊരവസരമാണ്. മഹത്തായ അന്തരീക്ഷത്തിൻെറ വേഷപ്പകൎച്ച കാണാനാണ് ഇന്നത്തെ നമ്മുടെ യാത്ര. അന്തരീക്ഷം സമീരണവേഷം

(Wind) കെട്ടി കൂത്താടുമ്പോൾ കാണിക്കുന്ന ചപലതകൾ ചില്ലറയല്ല. കാററിനുള്ള സ്വാതന്ത്ര്യം മറെറതിനുണ്ട്. എന്തും കാണിക്കാം; എവിടേയും കയറിച്ചെല്ലാം; ആരേയും കൂട്ടാക്കേണ്ട. യഥേഷ്ടം ചേഷ്ടിക്കുന്നവരുടെ പ്രവൃത്തികളെ കണ്ടറിയാൻ അത്ര എളുപ്പമല്ല. പക്ഷെ, വലിയവരുടെ തോന്ന്യാസത്തിന് ഒരതിരുണ്ടെന്നുള്ളതു ഭാഗ്യംതന്നെ. ആ ഗുണം കാററിനുമുണ്ട്. എന്നുതന്നെയല്ല, ഏതു താന്തോന്നിയേയും പിടിച്ചുനിറുത്താൻ ശക്തി ഒന്നുവേറെതന്നെയാണ് പ്രകൃതിമാതാവിന്. ആ ദേവിയുടെ അങ്കുശത്തിൽ പിടികിട്ടാത്ത ഒരു ദുസ്സ്വാതന്ത്ര്യനുമില്ല. കീഴടങ്ങിയില്ലെങ്കിലുള്ള ശിക്ഷ കേമമാണുതാനും. അതിരുകവിഞ്ഞ പ്രവൃത്തിക്ക് പ്രകൃതി ആദ്യമെ തടസ്ഥങ്ങൾ ഉണ്ടാക്കും. പ്രകൃതിനിയമങ്ങളെ അല്പം മനസ്സിരുത്തി മനസ്സിലാക്കണം. എന്നാൽ മാത്രമെ സമീരണൻെറ വിക്രിയകളെ നമുക്കു ഗ്രഹിക്കാൻ കഴിയൂ.

ഒന്നാമതായി ധരിക്കേണ്ടതു്, ഭൂമദ്ധ്യരേഖാപ്രദേശത്തിനും ധ്രുവദേശത്തിനും തമ്മിൽ ഉഷ്ണമാനത്തിന് സ്ഥിരമായ ഭേദമുണ്ടെന്നാകുന്നു. ഇതു് മുന്നദ്ധ്യായങ്ങളിൽനിന്നു സ്പഷ്ടം. രണ്ടാമതു ഓർമ്മിക്കേണ്ടതു്, ഭൂമി ഗോളമാണെന്നും അതു് അക്ഷരേഖ (Axis)യിൽ കറങ്ങുന്നുണ്ടെന്നുമാണ്. ഇതു് പള്ളിപ്പിള്ളേളക്കെല്ലാമറിയാം. മൂന്നാമതു അറിഞ്ഞിരിക്കേണ്ടതു്, ചൂടു കുറവുള്ള സ്ഥലത്തുനിന്നും കൂടുതലുള്ള സ്ഥലത്തേക്കു് അന്തരീക്ഷം ചലിക്കുമെന്നാണ്. ഇതു നിത്യാനുഭവം കൊണ്ടറിയാമെല്ലാവൎക്കും. ഈ മൂന്നു സംഗതികളിൽ ചിലതിനെ മാത്രം പ്രമാണമാക്കി പണ്ടു പല തെററായ അനുമാനങ്ങൾ ഉണ്ടാക്കിയിരുന്നു. ഭൂമദ്ധ്യരേഖാപ്രദേശങ്ങളിൽ ചൂടും ധ്രുവദേശങ്ങളിൽ തണുപ്പുമധികമാകകൊണ്ടു, ധ്രുവങ്ങളിൽനിന്നു മദ്ധ്യരേഖാപ്രദേശത്തേക്കുവീശുന്ന കാററാണ് 'വണിഗ്വാതങ്ങൾ'*(Trade winds) എന്നു് ഒരു കാലത്തു ഗണിച്ചുവന്നതു്. അങ്ങനെയായിരുന്നെങ്കിൽ അതു് തെക്കുവടക്കുഭാഗങ്ങളിൽ നിന്നല്ലാതെ, കിഴക്കുപുറത്തുനിന്ന് അടിക്കാനെന്തു കാരണം എന്നു് ശങ്ക ജനിച്ചു. അതിനു സമാധാനം, ഭൂമി കിഴക്കോട്ടു കറങ്ങുന്നതിനാൽ കുറഞ്ഞ വേഗത്തിൽ സഞ്ചരിക്കുന്ന വായു പിന്നോക്കം തള്ളിപ്പോകുന്നു എന്നും, തന്നിമിത്തം മദ്ധ്യരേഖയുടെ വടക്കുവശത്തു് വണിഗ്വാതം വടക്കുകിഴക്കായും, തെക്കുപുറത്തു് തെക്കുവടക്കായിട്ടും വീശുന്നു എന്നും, പറഞ്ഞുവന്നു. ഈ വാദം ശരിയായിരുന്നെങ്കിൽ, വണിഗ്വാതങ്ങൾ ധ്രുവദേശത്തുനിന്നു മദ്ധ്യരേഖവരെ അടിക്കണം; അതും പോര, വായുസമ്മൎദ്ദം ഏററവും കൂടുതൽ ധ്രുവദേശങ്ങളിലായിരിക്കണം. ഇതുരണ്ടും വാസ്തവവിരുദ്ധങ്ങളാണ്. വണിഗ്വാതങ്ങൾ ഭൂമദ്ധ്യരേഖയുടെ തെക്കും വ

* പണ്ട് കപ്പലോട്ടങ്ങൾക്കു സഹായമായിരുന്നതുകൊണ്ടു് ഈ പേർ സിദ്ധിച്ചു

ടക്കം 30° ഡിഗ്രിവരെയല്ലാതെയില്ല; വായുസമ്മർദ്ദം മദ്ധ്യരേഖാപ്രദേശത്തെക്കാൾ കുറവാണ് ധ്രുവദേശങ്ങളിൽ; സമ്മർദ്ദം (Pressure) ഏററവും കൂടുതലുള്ളത് മദ്ധ്യരേഖയുടെ 30° മേൽ 40° ഡിഗ്രി വരെയുള്ള പ്രദേശങ്ങളിലാണ്. അനുമാനം ഇങ്ങനെ തെററിപ്പോകാനുള്ള കാരണം, ഭൂമി പരന്നതല്ല കോഴിമുട്ടപോലെ അണ്ഡാകൃതിയായുള്ളതാണെന്ന സംഗതി ഗ്രഹിക്കാഞ്ഞിട്ടാണ്. അണ്ഡാകൃതിയുള്ള ഒരു സാധനം കറങ്ങുമ്പോൾ ചുററുമുള്ള വായുവിന് ഒരു കുനിവു (Deflection) പററുമെന്നുള്ള ഭാഗം ഈ വിദ്വാന്മാർ ഓർമ്മിച്ചില്ല.

1856-ൽ അമേരിക്കൻ പ്രൊഫസ്സറായിരുന്ന ഫെററൽ (Ferrel) എന്ന ധീരയാണ് മുൻപറഞ്ഞ തെററായ അനുമാനത്തെ ഖണ്ഡിച്ചത്. സമീരണസാമാന്യസഞ്ചരണവ്യവസ്ഥകളെ (Laws of atmospheric general circulation) വിശദീകരിച്ച്, കൊടുങ്കാററുകളുടേയും മഹാവാതങ്ങളുടേയും മററും സ്വഭാവങ്ങളെ വിവരിച്ചത്. ഈ വ്യവസ്ഥകളെ മനസ്സിലാക്കാൻ പ്രകൃതിശാസ്ത്രന്യായങ്ങളെപ്പററി അല്പം പറയാതെ തരമില്ല.


ആദ്യമായി നമുക്ക് ഒരു പ്രയോഗം (Experiment) ചെയ്തുനോക്കാം. ഒരു ചെറിയ വട്ടമേശപ്പുറത്ത് നല്ല വെള്ളത്താൾ പററിച്ചുവെയ്ക്കുക; എന്നിട്ട് ഒരു ഉരുണ്ട ഗോലി (Marble) മഷിയിൽ മുക്കി മദ്ധ്യത്തിൽ വയ്ക്കുക; പിന്നെ ഗോലി വക്കത്തേക്ക് ഉരുളത്തക്കവണ്ണം മെല്ലെ മേശയൊന്നിളക്കുകയും മേശ കറക്കിത്തുടങ്ങുകയും ചെയ്യണം. പമ്പരം ചുററിക്കുന്നപോലെ വേണം കറക്കാൻ. അപ്പോൾ വൃത്താകാരമായി ഗോലി ഉരുണ്ട പാട് കടലാസിൽ കാണാം. മേശയുടെ ഏതേതു ഭാഗത്ത് ചുഴററിയതിൻെറ വേഗം കൂടുതലുണ്ടായിരുന്നോ അവിടെ ഗോലിയുടെ ഉരുളിന് വളവേറിയിരിക്കും; മററുള്ളിടങ്ങളിൽ കുറവായി പാട് ഋജുരേഖയിലായിരിക്കും. കറങ്ങുന്നതിൻെറ വേഗമനുസരിച്ചിരിക്കും വളവിൻെറ കൂടുതൽ. വളവ് വലതുവാക്കായിരിക്കുമെന്നും കാണാം.

ഈ പ്രയോഗത്തിൽനിന്ന് മനസ്സിലാക്കാനുള്ള പ്രമേയങ്ങളെന്താണ്.? മൂർത്തപദാർത്ഥങ്ങൾക്കെല്ലാം (Matter) അവിചലത അല്ലെങ്കിൽ ജഡത്വം (Wertia) എന്ന് പ്രകൃതിസിദ്ധമായ ഗുണമുണ്ട്. അതിൻെറ അർത്ഥമെന്തെന്നാൽ, മറെറാരു ശക്തിയുടെ തള്ളൽകൊണ്ടല്ലാതെ മൂർത്തപദാർത്ഥം അനങ്ങുകയില്ല എന്നാകുന്നു. ജീവശ്ശക്തികൊണ്ടു ദേഹം ചലിക്കുന്നു; യന്ത്രശക്തികൊണ്ടു അയസ്സാകർഷിതമാകുന്നു. ഇങ്ങനെ ശക്ത്യന്തരം കൊണ്ടല്ലാതെ ഒരു പദാർത്ഥവും ഇളകുന്നില്ല. ഏതു മൂർത്തപദാർത്ഥവും തൊട്ടാൽ തടയുമെന്ന് നമുക്കനുഭവമുള്ളതല്ലെ.? അതെന്തുകൊണ്ടാണ്.? ജഡത്വത്തിൻെറ സാന്നിദ്ധ്യംകൊണ്ടാകുന്നു. ജഡത്വം മൂ

ത്തപദാൎത്ഥങ്ങളുടെ സ്വഭാവഗുണമായിരിക്കുന്നതുപോലെ, ശക്ത്യന്തരാഘാതത്തിൽ ചലിക്കുമെന്നുള്ളതും അവയുടെ പ്രകൃതിസിദ്ധമായ ഗുണമാകുന്നു. അതായത്, ചലനപ്രവണത (Potential energy) എപ്പോഴും അവയ്ക്കുണ്ട്. പ്രതിബന്ധമില്ലെങ്കിൽ ചലനമെപ്പോഴും ഋജുരേഖയിൽ, എന്നുവെച്ചാൽ നേരെ നീളത്തിൽ ആയിരിക്കും; മറെറാന്നിൻെറ ഹേമമുണ്ടെങ്കിൽ മാത്രമേ വക്രമാകയുള്ളു.

മേൽപറഞ്ഞ സംഗതികൾ മനസ്സിലാകുമ്പോൾ, വട്ടമേശമേൽ വച്ച ഗോലിക്ക് ആദ്യം ഇളക്കംതട്ടുവേ ഏതുവശത്തുനിന്നു ഹേമം തട്ടിയോ അതിനെതിർവശത്തേക്ക് അതു നേരെ (അതായത് ഋജുരേഖയിൽ) ഉരുളാൻ തുടങ്ങുമെന്നും, അപ്പോൾ മേശയുടെ കറക്കംകൊണ്ടുള്ള ശക്തി അഭിമുഖമായി നേരിടുന്നതിനാൽ ഋജുരേഖവിട്ടു വളഞ്ഞുരുളുന്നു എന്നും, മേശയുടെ കറക്കം നല്ല വേഗത്തിലാകുന്തോറും ഗോലിയുടെ ചലനം വൃത്താകൃതിയെ പ്രാപിക്കുന്നു എന്നും വിശദമാകാതെ വരികയില്ല.


ഇങ്ങനെതന്നെയാണ് ഭൂഗോളത്തെ ചുററിയിരിക്കുന്ന അന്തരിക്ഷത്തിൻെറ ചലനവും. ഭൂഗോളം പടിഞ്ഞാറുനിന്നു കിഴക്കോട്ടാണ് കറങ്ങുന്നത്. ആ ഭ്രമണത്തിൽ ആവരണമായ അന്തരിക്ഷം വടക്കേ ധ്രുവത്തിൽ നോക്കിയാൽ വലത്തുവാക്കായും തെക്കെ ധ്രുവത്തിൽനിന്നു നോക്കിയാൽ ഇടത്തുവാക്കായും വളഞ്ഞു ചുററുന്നു. താഴെ വരച്ചിരിക്കുന്ന പടം നോക്കുക:-




(ക) എന്ന സ്ഥാനത്തുനിന്ന് (ഖ) എന്ന സ്ഥാനത്തേക്കു പായാൻതുടങ്ങുന്ന വായു, ഭൂമിയുടെ ഭ്രമണംനിമിത്തം (ഗ) എന്ന സ്ഥാനത്തേക്കു വളഞ്ഞുവീശുന്നു. ധ്രുവത്തിനോട് അടുക്കുന്തോറും വളവു കൂടുതലായി ഖണ്ഡവൃത്ത(Curve)ത്തിനു പകരം മുഴുവൃത്താകൃതിയിൽ വായു ചലിക്കുന്നു. ഒരു വണ്ടിച്ചക്രത്തിൻെറ മധ്യത്തിലുള്ള കുടത്തിനോളം കറക്കം തട്ടുന്നില്ല ചുററിനെന്ന് ആക്കം നോക്കിയാലറിയാം. അതുപോലെയാണ് കേന്ദ്രസ്ഥാനമായ ധ്രുവപ്രദേശത്തുണ്ടാകുന്ന കറക്കം. ഭൂഭ്രമണത്തിൽ മററുള്ളിടങ്ങളിൽ

വരുന്നതല്ല. അതുകൊണ്ടു ധ്രുവത്തിൽ അന്തരിക്ഷചലനം വൃത്താകൃതിയെ പ്രാപിക്കുന്നു. പദാൎത്ഥങ്ങളുടെ ചലനത്തിനു നേരിടുന്ന ഈ വളവിനു "സ്ഥിരവളവ്"(Inertia curve) എന്നാണ് പാശ്ചാത്യശാസ്ത്രിമാർ പേർ കൊടുത്തിരിക്കുന്നതു്. ഭ്രമണരയം (speed) ധ്രുവങ്ങളിൽ കൂടുതലും മദ്ധ്യരേഖയോടടുക്കുന്തോറും കുറവുമാകകൊണ്ടു്, സ്ഥിരവളവ് ധ്രുവങ്ങളിൽ കൂടുതലും മദ്ധ്യരേഖയോടടുക്കുന്തോറും കുറവായും വരുമെന്നു പറയേണ്ടതില്ലല്ലൊ.

ഭ്രമണം നിമിത്തം വായുവിന്റെ ഗതി വലതുവാക്കായി ചായുന്നതുനിമിത്തമാണ്. ഭാരമാനക്കുഴലിൽ (barometer) സ്ഥിരമായും പെട്ടന്നനെയും ഭേദഗതികൾ (അതായതു ഏററമിറക്കങ്ങൾ) കാണാറുള്ളതു്. അല്ലാതെ ദേശഭേദമനുസരിച്ചുള്ള ഉഷ്ണവ്യത്യാസം മാത്രംകൊണ്ടു് അത്രവലിയ ഏററക്കുറവുവരാൻ തരമില്ല. വലതുവാക്കായുള്ള സ്ഥിരവളവു (Inertia curve) നിമിത്തം സാന്ദ്രത (density) കൂടുതലുള്ള ദിക്കിൽനിന്നു കുറവുള്ള ദിക്കിലേക്കു കാററടിക്കുമ്പോൾ വലതുപുറത്തുള്ള അന്തരിക്ഷത്തിനു സമ്മൎദ്ദവും ഞെരുക്കവും കൂടുന്നു. അപ്പോൾ വായുസഞ്ചാരത്തിനു തടസ്ഥം നേരിടുന്നു. ആ വശത്തേക്കു പായാൻ നിൎവ്വാഹമില്ലെന്നു വരുമ്പോൾ പിന്തിരിഞ്ഞു് ഇടതുവാക്കായി പായുന്നു. താഴെ വരച്ചിട്ടുള്ള പടം നോക്കുക:—




(എ) എന്ന തണുത്ത ഭാഗത്തുനിന്നു് (ബി) എന്ന ഉഷ്ണഭാഗത്തേക്കു വായു സഞ്ചരിക്കാൻ തുടങ്ങുന്നു. അപ്പോൾ സ്ഥിരവളവ്(Inertia curve) നിമിത്തം അതു വലതുവാക്കായി വളഞ്ഞ് (ഡി) എന്ന ദിക്കിലേക്കു പായുന്നു. അപ്പോൾ അവിടെയുള്ള അന്തരിക്ഷത്തിനു സാന്ദ്രതയും സമ്മൎദ്ദവുംകൂടി വായുസഞ്ചാരത്തിനു നിരോധംവരുത്തി അതിനെ ഇടതുവാക്കായി പിന്നോക്കം തള്ളുന്നു. അതുകൊണ്ടു് വയു വാസ്തവത്തിൽ (ഡി) എന്ന സ്ഥലത്തേക്കു അടിക്കുന്നു. ഇപ്രകാരമാണ് ധ്രുവങ്ങളിൽനിന്നു ഭ്രമ

ധ്യരേഖാപ്രദേശത്തേക്കു വരുന്ന വായു ഉല്ലിഷ്ടസ്ഥലത്തു പററാതെ പിന്തിരിഞ്ഞു മുപ്പതും നാല്പതും ഡിഗ്രി അക്ഷാംശംവരെ വന്നശേഷം വണിഗ്‌വാതങ്ങളായി സഞ്ചരിക്കുന്നതു്. മധ്യരേഖയുടെ വടക്കുഭാഗത്തു വലത്തുവശമായി അടിക്കുന്ന കാററ് തെക്കുഭാഗത്തു് എടത്തുവശമായി അടിക്കുമെന്ന് ധരിക്കേണ്ടതാണ്.

മേൽ വിവരിച്ച പ്രകൃതിനിയമങ്ങളെ ഭൂമിയോടു ചേർന്നിരിക്കുന്ന അന്തരിക്ഷത്തിന്റെ ചലനങ്ങളോടു ചേർത്തു ഗണിക്കുമ്പോൾ ഒരു സംഗതികൂടി ഓർമ്മിക്കാനുണ്ട്. അതെന്തെന്നാൽ, സ്ഥലമായ ഭാഗത്തു വായു തറയോടുരസുന്നതുനിമിത്തം ചലനസ്വാതന്ത്ര്യത്തിനു കുറവുനേരിടുന്നതിനാൽ പുറന്തള്ളൽ (back thrust) കൂടുതലായിരിക്കുമെന്നും അതുകൊണ്ടു സമ്മർദ്ദക്കുറവുള്ള എടത്തുവശത്തേക്കു കാററിനു വളവു് കൂടുതലായിരിക്കുമെന്നുമാകുന്നു. സമുദ്രത്തിലും മേലാകാശത്തും, ഉരസൽ അല്പമാകകൊണ്ടു, സമ്മർദ്ദം കൂടുതലും കുറവുമുള്ള സ്ഥാനങ്ങൾ തമ്മിലുള്ള ഋജുരേഖയ്ക്കു സമകോണമായി വായു ചലിക്കും. ഈ സംഗതിയെ ശാസ്ത്രീയഭാഷയിൽ പറയാവുള്ളതു്, ഭാരമാനച്ചായ്വിനു സമകോണമായി വായു ചലിക്കും (right angles to the direction of the barometric gradient) എന്നാകുന്നു.

ഫെറൽധാരയുടെ യുക്തികളുടെയും പ്രമേയങ്ങളുടെയും പ്രത്യക്ഷാനുഭവങ്ങളോടുള്ള സാമരസ്യത്തെപ്പററി അടുത്ത അധ്യായത്തിൽ ചിന്തിക്കാം.

## സത്യസൗന്ദര്യം.

(തുടർച്ച)

(N. N. R. P.)

സൗന്ദര്യം ക്ഷീണഗതിയിൽ ആയേക്കുമെന്നു് ഇരുപതു വയസ്സ് പ്രായമുള്ള ഒരു യുവതി വാർദ്ധക്യത്തെ ഭയപ്പെട്ടുകൊണ്ടു് സങ്കടപ്പെടുന്നു. അവൾക്കുള്ള വശ്യശക്തി നശിച്ചെങ്കിലോ എന്നത്രെ അവളുടെ ഭയം. കഷ്ടം! അവൾ സൗന്ദര്യത്തിന് ആധാരം സൗന്ദര്യമെന്നത്രെ ഉറപ്പായി വിശ്വസിച്ചിരിക്കുന്നതു്. സൗന്ദര്യത്തിന്റെ ഉത്തമമാതൃക ആത്മസൗന്ദര്യമെന്നു് അവൾ അറിയാത്തതു കഷ്ടംതന്നെ. ഈ സൗന്ദര്യത്തെ അവൾ

ക്കു സമ്പാദിച്ച് സമൃദ്ധമാംവണ്ണം സൂക്ഷിപ്പാൻ കഴിയും. അതിനാൽ ഇരുപതു വയസ്സിനക്കാൾ അധികാഷ്ണീയത നാല്പതാമത്തെ വയസ്സിൽ ഉണ്ടാകുവാനാണു സംഗതി കാണുന്നതു്. അന്ന് അവൾക്കു സൌന്ദര്യത്തിന്റെ വശ്യശക്തി ന്യായമായി സംരക്ഷിപ്പാനും സാധിക്കുന്നതാണ്. കർമ്മപരമായ മനസ്സിൽനിന്നും ഉൽകൃഷ്ടചൈതന്യത്തിൽ നിന്നുമാണ് സൗന്ദര്യം ജീവസന്ധാനം ചെയ്യുന്നതു്. അതു പ്രായത്തിൽനിന്നും സ്വതന്ത്രമായി ഉപജീവിച്ചുപോരുന്നു. സൗന്ദര്യം പക്ഷെ അതിന്റെ പക്വദശയിൽ എത്തുന്നതുതന്നെ പ്രായപൂർത്തിയിലല്ലെ എന്ന് സംശയിക്കുന്നു.

ചരിത്രപ്രസിദ്ധകളായ വശ്യവനിതകൾ ഒരിക്കലും യുവതികളായിരിക്കുന്നില്ല. അതുതന്നെയല്ല അവർ ശാരീരസുഭഗതയിൽ അദ്വിതീയകളല്ലതാനും. അവരുടെ ശക്തി മുഴുവനും മാനസികമത്രെ. അവരുടെ വശ്യത മുഴുവനും മനസ്സിന്റേതാണുതാനും.

സൗന്ദര്യം ബുദ്ധിപ്രചോദനത്തിലെന്നപോലെതന്നെ സാന്മാർഗ്ഗിക നിയമങ്ങളിലും ദൃഢബന്ധം ചെയ്തിരിക്കുന്നു. വദനമാർഗ്ഗേണതന്നെയാണ് ബുദ്ധിയും സകലവിധങ്ങളായ അന്തഃകരണവും പ്രസ്ഫഷ്ടമാകുന്നതു്.

"നാം എന്തുകൊണ്ടാണ് വിരൂപികളായിരിക്കുന്നതു്. നമുക്കാക്കും ദേവത്വമില്ലായ്കതന്നെ. നാം സദാ പാപചിന്തയോടും ദുർഗ്ഗതയോടും അസന്തുഷ്ടിയോടും കഴിച്ചുകൂട്ടുന്നു. വീര, ശാന്ത, ഭക്തിപ്രേമങ്ങൾ നമ്മുടെ മുഖത്തെ ഒരു ദിവ്യതേജസ്സുകൊണ്ടു് ആച്ഛാദനം ചെയ്യുന്നു. അവ ആന്തരസത്വത്തിന്റെ വിമോചനമത്രെ. അതു് അവയിൽക്കൂടി ബഹിഷ്ഫുരണം ചെയ്യുമ്പോൾ പ്രത്യേകമായ ഒരു ശക്തി സമ്പാദിച്ച് മുഖാവരണമായിത്തീരുന്നു. അതുതന്നെയാണ് അതിന്റെ പരിസരപ്രദേശങ്ങളെ പ്രകാശമാനമാക്കിത്തീർക്കുന്നതു്. ജഡവസ്തുക്കളെ ചൈതന്യപരങ്ങളാക്കുന്ന ഒരു വ്യാപാരമത്രെ സൗന്ദര്യം എന്നു പറയാം. ഗാഢമായ ജീവസ്ഫുരണവും സച്ചിദാനന്ദ ജീവിതവും നിസ്സാരനായ ഒരുവനെ മരണവിമുക്തനാക്കി നിത്യസുന്ദരമായ ഒരു ജ്യോതിഷ്കണമാക്കിയേക്കാം." ഇതു് ഒരു മാന്യയുടെ അഭിപ്രായമാണ്.

"സുന്ദരമായ കർമ്മം ചെയ്യുന്നവനത്രെ സുന്ദരൻ." കർമ്മിയുടെ സുരൂപവിരൂപതകൾ കർമ്മത്തിന്റെ ഭംഗികൊണ്ടു് ചിന്താവിഷയമാകുന്നില്ല എന്നു സാരം. അനവരതം സൽപ്രവൃത്തി ചെയ്യുന്നതു് എന്തോ ഒരു മഹത്വമുള്ളതാണ്. അങ്ങിനെയുള്ള ഒരുവന്റെ ചിന്തകളും സദാചാരനിഷ്ഠങ്ങളാകുന്നതാണ്. അപ്പോൾ മുഖം, ജീവകാരുണ്യം ശുദ്ധി വശ്യത എന്നിവയ്ക്കു രംഗവും തന്മൂലം സുന്ദരവുമാകുന്നതാണ്. ഇതത്രെ നിത്യസംഭവം.

പല ജനങ്ങളും സൗന്ദര്യത്തെ പ്രതിക്ഷണം കാംക്ഷിക്കുന്നു. ഹാ.! എത്ര തൃഷ്ണയോടെ അതിനെ പ്രാൎത്ഥിക്കുന്നു. സൗന്ദര്യമില്ലാത്തതുകൊണ്ട് ജീവിതം ദുരിതമെന്ന് എണ്ണുന്ന പല യുവതികളും ഇന്നു ജീവിക്കുന്നുണ്ട്. പക്ഷെ അവർ ചിന്തിക്കുന്ന സൗന്ദര്യം വെറും ബാഹ്യമോടിയും ശുദ്ധമല്ലാത്തതുമത്രെ. ശുദ്ധതരമായ സൗന്ദര്യം ബുദ്ധിയെ ആശ്രയിച്ചിരിക്കുന്നു എന്നും ശുദ്ധതമമായ സൗന്ദര്യം—ഏററവും ഉത്തമവും, വശ്യവും, നിത്യവുമായ സൗന്ദര്യം— ചൈതന്യസ്ഫുരണംകൊണ്ടുണ്ടാകുന്നതെന്നും അറിയുന്നതെ ഇല്ല. ഒരാൾ ഇതിനെ ഗ്രഹിക്കുന്നു എങ്കിൽ അതു് സദാ കാത്തുകൊണ്ടുതന്നെ ഇരിക്കുന്നതാണ്.

ആരുംതന്നെ ജരയെ സസന്തോഷം വരിക്കുന്നില്ല. വൈരൂപ്യത്തിൻേറയൊ വാൎദ്ധക്യത്തിൻേറയൊ അതോ രണ്ടുംകൂടിയതിൻേറയൊ ലക്ഷണമായിട്ടാണ് ഇതിനെ എണ്ണിയിരിക്കുന്നതു്. അതു് എങ്ങിനെ തടയും?. മാനസികമൊ, സാന്മാൎഗ്ഗികമൊ ആയ കാരണങ്ങളാലല്ലാതെ ഒരിക്കലും കായികകാരണമല്ല. അതിനെ തടയണം. ജര അന്തർഭാഗത്താണാരംഭിക്കുന്നതു്. ഉപരിതലത്താണവ രേഖപ്പെടുത്തീട്ടുള്ളതു് എങ്കിലും അവയുടെ മൂലം തലച്ചോറിലാണ്. ശീലങ്ങളുടെ വിവിധതുകയനുസരിച്ച് ജരയും ഭിന്നരൂപങ്ങളിൽ കാണപ്പെടുന്നു. സാധാരണവും, നിക്ഷിപ്തവുമായ മുഖവികാരങ്ങൾ ത്വഗിന്ദ്രിയത്തിൽ ഉണ്ടാക്കിത്തീൎക്കുന്ന രേഖകളത്രെ ജര. മുഖവികാരങ്ങൾ ചിന്തയുടേയും ഉദ്വേഗത്തിൻേറയും ഫലങ്ങളത്രെ. വിരൂപമായ ജരയെ പരിഹരിപ്പാനുള്ള മാൎഗ്ഗം അശുഭചിന്തകളിൽനിന്നും ഒഴിയുകതന്നെയാണ്. മററു മാൎഗ്ഗങ്ങളൊന്നുമില്ല. സമൎത്ഥമായ മുഖചേഷ്ടകൾ അല്പമായ ഒരു ഔഷധമാണ്. മാനസികസന്ദേശങ്ങളത്രെ വരൗഷധം. അതു് സ്വഭാവം, അക്ഷമത, മുഷിവു്, കോപം, വെറുപ്പ്, അസൂയ, ക്ഷോഭം എന്നിവയെ ദൂരീകരിച്ച് സമാധാനം, ചാരിതാൎത്ഥ്യം, പുരോവീക്ഷണം, ദയാമസൃണമായ ചിത്തവികാരം, ആശ, വിശ്വാസം എന്നിവയെ മുഖത്തു മുദ്രണം ചെയ്യും.

പ്രഭാതത്തിൽ ശയനമുറിവിടുന്നതിനുമുമ്പ് വസ്ത്രധാരണം ചെയ്യണമല്ലൊ. അതിനുമുമ്പുതന്നെ മുഖത്തെ അലങ്കരിച്ചിരിക്കണം. ഒരു വശ്യമുഖത്തെ എങ്ങിനെ സ്വീകരിക്കും. ഒരു മുഖക്കണ്ണാടിയുടെ സഹായംകൊണ്ടല്ല അതു് വെറും പരാജയമാണ്. അല്പംകൂടി ആഴമേറിയ ഒരു മാൎഗ്ഗമുണ്ടു്. കരുണാമസൃണമായ വികാരങ്ങളെ ഹൃദയഗഹ്വരത്തിലേക്കു ക്ഷണിക്കുക. ശോഭനവും, ധീരവുമായ ചിന്തകളെ മനസ്സിലും വരിക്കുക. എന്നാൽ നിങ്ങളുടെ മുഖം വശ്യശക്തിയുള്ളതായിത്തീരും. നിങ്ങളുടെ ഹൃദയത്തെ നിൎമ്മലമായ സവിതൃകിരണങ്ങളാൽ ആപൂരണം ചെയ്ക. എന്നാൽ നിങ്ങളുടെ മുഖം അതിനോടു് എതിരാകും.

സ്ത്രീകളിൽ രാജ്ഞികണക്കെ ജീവിച്ചിരുന്ന ഒരു സ്ത്രീരത്നം ഇങ്ങിനെ പറയുന്നു. എന്റെ ബാല്യകാലത്ത് സൗന്ദര്യമൊന്നത്രെ എന്റെ ആഗ്രഹങ്ങളിൽ പ്രാധാന്യതയെ വഹിച്ചിരുന്നത്. വാമമായ വിധിവൈഭവം കൊണ്ടു ഞാൻ വിരൂപയുമായിരുന്നു. അക്കാലത്ത് ഒരു വൃദ്ധസുഹൃത്ത് ഇങ്ങിനെ എന്നെ ഉപദേശിച്ചു. മാനസികസൗന്ദര്യത്തോളം മഹിമ ശരീരസൗന്ദര്യത്തിനില്ലെന്നത്രെ അതിന്റെ സാരം. അന്നുമുതൽ ആന്തരസൗന്ദര്യത്തെ ഞാൻ ഭജിച്ചുതുടങ്ങി. ഈ ലക്ഷ്യത്തോടുകൂടിയ എന്റെ ഭജനം ലോകവിശ്രുതമായ ഒരു സ്ഥാനവും വിശംവദ്യമായ ഒരു രൂപവും എനിക്ക് സിദ്ധിക്കുന്നതിനു കാരണമായി.

മാനുഷികസൗന്ദര്യം ചിലപ്പോൾ അവർ സ്വപ്നദൎശനംപോലും ചെയ്തിട്ടില്ലാത്ത മാർഗ്ഗങ്ങളിൽക്കൂടി സിദ്ധിച്ചു എന്നു വന്നേക്കാം. സ്വാൎത്ഥമാത്രപരതയോടെ സൗന്ദര്യത്തിനു മുക്തകണ്ഠം ചിലർ മുറവിളികൂട്ടുന്നു. പക്ഷെ എന്തൊരത്ഭുതം, അവൎക്ക് അതിനു സിദ്ധിക്കുന്നതു കൎത്തവ്യബോധമത്രെ. അവർ, യേനകേനപ്രകാരേണ അപഹൃതചിത്തവൃത്തികളായി സ്വകൃത്യനിൎവ്വഹണത്തിൽ അതിതല്പരരായി ഭവിക്കുന്നു. ഈ വിസ്മൃതിയിൽ നിന്ന്, ഈ പ്രണയത്തിൽനിന്ന്, ഈ കൎത്തവ്യാനുഷ്ഠാനത്തിൽനിന്ന്, ദേവന്മാരോടൊ ദൈവത്തോടു തന്നെയൊ സാരൂപ്യമൊ, അനശ്വരമായ സൗന്ദര്യസമ്പത്തൊ, യാതൊരുവനും അസൂയാകാലുഷ്യം വരാത്ത സൗന്ദര്യമൊ, സകല ജനങ്ങളുടേയും സൗഹാൎദ്ദത്തിനു നിദാനമായ ഒരു സൗന്ദര്യമൊ, അദ്വിതീയമായ ഔന്നത്യപദം അലങ്കരിക്കുന്ന ഒരു സൗന്ദര്യമൊ അവനിൽ അങ്കുരിക്കുന്നു.

"ഒരുവന്റെ ജിഹ്വ പ്രദാനംചെയ്യുന്ന രസത്തേയും ജ്ഞാനത്തേയും അതിശയിക്കുന്ന ഒരു ബോധം അവന്റെ മുഖം നമുക്ക് പ്രദാനം ചെയ്യുന്നു. ചിന്തയുടേയും കൎമ്മത്തിന്റേയും സംഗ്രഹസങ്കേതമത്രെ അവന്റെ മുഖം."

"നാം എല്ലാവരും ശില്പപടുക്കളും ചിത്രകലാകുശലന്മാരുമാണ്. നമ്മുടെ ഉപകരണം മാംസവും, രക്തവും, അസ്ഥിയുമത്രെ. ഏതുമാതിരി 'മഹത്വവും' ഒരുവന്റെ ആകൃതിയെ സംസ്കരിച്ചു തുടങ്ങുന്നതാണ്. അതുപോലെ ഹീനചിന്തയും വൈഷയികവികാരവും അതിനെ മലിനപ്പെടുത്തുന്നു."

"എല്ലാക്കാലങ്ങളിലും സ്ത്രീപുരുഷസാമാന്യമായ സകലവിധ സൗന്ദര്യവും അവർ ധരിച്ചിട്ടുള്ള സനാതനനിയമങ്ങളുടെ പരിശുദ്ധിയിലും മഹത്വത്തിലും സ്ഥിതിചെയ്യുന്നതിനു പുറമെ അവയുടെ അനുഷ്ഠാനത്തിലുള്ള ഔദാൎയ്യത്തിലും ശാന്തതയിലും സ്ഥിതിചെയ്യുന്നുണ്ട്. വൈരൂപ്യമൊ,

സനാതനനിയമങ്ങളുടെ അജ്ഞതയിലും, അവയുടെ പ്രതിഷേധമെന്ന അപരാധത്തിലും സ്ഥിതിചെയ്യുന്നു.''

"സത്തിൽ അങ്കിതമായ ഒരു ചിഹ്നമത്രെ സൗന്ദര്യം."

നിങ്ങളുടെ അനുഭൂതിയിൽ പെട്ട സംഗതികളുടെ എണ്ണം സാഹിത്യത്തിൻേറയൊ, മുദ്രകളുടേയൊ എണ്ണംകൊണ്ട് എന്നെ അറിയിക്കരുത്. നിങ്ങൾ ജീവിച്ചിരുന്നു എന്ന് പറയാവുന്ന കാലം ഏതെന്ന് തോന്നിക്കണം. അത്ഭുതാവഹമായ സംഭവങ്ങളേക്കൊണ്ടും അനുഭവങ്ങളെക്കൊണ്ടും ചിത്രണം ചെയ്ത അംശുകാവൃതയായ ഒരു ദേവിയെന്നപോലെ രൂപവിശിഷ്ടതയും സ്വഭാവനൈർമ്മല്യവും ബുദ്ധിവിശേഷത്താൽ വർണ്ണവിശേഷം ചെയ്യപ്പെട്ടതായിരിക്കണം.''

മനുഷ്യശരീരത്തിലല്ല പ്രധാനമായി മുഖത്തു തന്നെ രേഖപ്പെടുത്തിയിരിക്കുന്നവയോളം അത്ര സൂക്ഷ്മപ്രമാണം മറെറാന്നുംതന്നെയില്ല. നാം അതിനെ വായിച്ചു ഗ്രഹിക്കാൻ പഠിക്കണമെന്നെ ഉള്ളു.

മനുഷ്യനേത്രങ്ങളിൽനിന്ന് എത്രതരം ദുരന്തപരിണാമങ്ങളാണ് നാം അറിയുന്നത്. അധരവലയങ്ങളിൽ പര്യടനം ചെയ്യുന്ന എത്ര സന്തോഷസ്മരണകളാണ് സദാ പ്രത്യക്ഷമാകുന്നത്. മനുഷ്യകപോലങ്ങളിലും, ഫാലദേശത്തും വയസ്സോടൊത്ത് അമൎത്തി അമൎത്തി രേഖപ്പെടുത്തിയിരിക്കുന്ന എത്ര കഥകൾ നമുക്കു വായിപ്പാൻ കഴിയുന്നതാണ്. വിശ്രമരഹിതമായ ജോലി ഉദരം ഭരിക്കുന്നതിനും, ഗത്യന്തരമില്ലെന്ന ഭാവനയിൽ പരപീഡയെ സഹിക്കുന്നതിനും, നിത്യദുഃഖാനുഭവത്തിനും, നിത്യപരാജയത്തിനും, വിജയത്തിനും, നിത്യമൈത്രിക്കും വെറുപ്പിനും; ആഹ്ലാദത്തിനും അസന്തുഷ്ടിക്കും; ലിഖിതഭാഷയുടെ അപേക്ഷതന്നെയില്ല.

മുഖചേഷ്ടിതങ്ങൾവഴി ഹൃദയമനസ്സുകളിൽ നിക്ഷിപ്തങ്ങളായ മഹൽഗുണങ്ങൾ പ്രസ്ഫുഷ്ടമായി സൗന്ദര്യവിഹീനമായ ഒരു മുഖം അക്ഷീണഗംഭീരവും, ആകർഷണീയവുമായിത്തീരുന്നതു് നമുക്കു കണ്ടറിയാവുന്നതാണ്. മഹാത്മാഗാന്ധിയുടെ മുഖം സുന്ദരമെന്നു പറവാൻ ഒരിക്കലും തരമില്ല. എങ്കിലും അടുത്തു നോക്കുന്ന ഏതൊരുവനും അതിൻെറ ശാന്തതയിലും, ആകർഷണീയതയിലും ലയിച്ചുപോകുന്നു. രാമകൃഷ്ണപരമഹംസൻെറ മുഖവും അതീതകാലത്തെ ഒരു ദൃഷ്ടാന്തമാണ്. ഇങ്ങിനെ നോക്കിയാൽ അനവധി സ്ത്രീപുരുഷന്മാരേയും നമുക്ക് കണ്ടെത്തുവാൻ കഴിയും.

ഉൽകൃഷ്ടശീലസ്ഥാപനം ചെയ്തിട്ടുള്ള മനുഷ്യരിൽ ഫാലദേശവികീൎണ്ണങ്ങളായ ജരകൾ വൈരൂപ്യത്തിനല്ല സംഗതിയാക്കീട്ടുള്ളതു്. അവ ധൈര്യം, മാർദ്ദവം, ബലം, മഹത്വം ഇവയ്ക്കു് സാക്ഷ്യങ്ങളായി നിന്നുകൊണ്ട് ലോകവശ്യവും, വിജയവും സാധിക്കുന്നു.

ഒരു കവി ഇങ്ങനെ എഴുതുന്നു:—

എന്റെ അഭ്യസനഭിത്തികളിൽ ലംബമായിക്കിടക്കുന്ന മുഖചിത്രങ്ങൾ പൂർവികരായ വന്ദ്യവൃദ്ധന്മാരുടേതാണ്.

ചിന്തകളാലൊ, ജീവിതസംരംഭങ്ങളാലൊ, ചിരപരിശ്രമത്താലൊ അങ്കിതമല്ലാത്തതും വിപാടിതമല്ലാത്തതുമായ മസൃണശിലാനിർമ്മിതമുഖങ്ങളുടെ സൗന്ദര്യം എന്നെ വിരക്തനാക്കി.

ഇനി ഉൽകൃഷ്ടവും നവീനവുമായ ഒരു സുന്ദരവസ്തുവാണെനിക്കാവശ്യം.

ജീവിതവിജയപരാജയങ്ങളുടെ ദർശകമായ ഒരു ദുരന്തമുഖസൗന്ദര്യമാണ് ഞാൻ ഇച്ഛിക്കുന്നത്.

മനുഷ്യചരിത്രത്തിൽ ഉൽകൃഷ്ടങ്ങളായവ എന്തെല്ലാമെന്ന് സൂക്ഷ്മവീക്ഷണം ചെയ്യാവുന്ന താമ്രശാസനങ്ങളും, പ്രേമത്തെ കടുകിട കളയാതെ അശ്രാന്തപരിശ്രമംകൊണ്ടുണ്ടായ സുന്ദരരേഖകളും, വലയങ്ങളും, ഉൽകൃഷ്ടാത്മാക്കൾ നിരന്തരമായി ബഹുകാലം ശ്രമിച്ച് മുദ്രണം ചെയ്യണമെന്നും അത് സൗന്ദര്യപരിണാമിയായി തീരണമെന്നും ഗണിച്ചിരുന്ന മുഖങ്ങളും, തന്നെയാണ് എന്റെ മുമ്പിൽ തൂങ്ങിക്കിടക്കുന്ന ഈ പൂർവികരുടെ ചിത്രങ്ങൾ. "മനുഷ്യൻ അവന്റെ സ്രഷ്ടാവാണ്. ശിശുക്കളെ മാത്രമെ ദൈവം സൃഷ്ടിക്കുന്നുള്ളു."

സല്ക്കരിച്ചു വരിച്ച ഒരു പുതിയ ആശയം ഒരു മനുഷ്യനിൽ രേഖപ്പെടുത്തിയിരിക്കും.

ഒരു ഉൽകൃഷ്ടാശയം ഒരു നിസ്സാരനെ ഉൽകൃഷ്ടനാക്കും. രിക്തമായ മുഖത്ത് ആ ആശയം തനിയേ പതിഞ്ഞ് നിസ്സാരതയും, നിന്ദ്യഭാവവും മാർജ്ജനം ചെയ്യും.

പൂർവപിതാമഹന്മാരെ സൃഷ്ടിച്ച ചൈതന്യത്തിന് പ്രവേശിപ്പാൻ നമ്മുടെ കവാടങ്ങളെ ഉൽഘാടനം ചെയ്കതന്നെ.

അന്തരാത്മാവിനെപ്പോലെ അതിസമർത്ഥമാംവണ്ണം മുഖരൂപരൂപീകരണം ചെയ്വാൻ മറ്റൊന്നിനും ശക്തിയില്ല. മനസ്സ് അതിന്റെ ഉപാധിയോടുകൂടി ഇരിക്കുന്നിടത്തോളം ആ ഉപാധിയുടെ രൂപത്തെ സ്വരൂപത്തോടു സാമ്യമുള്ളതാക്കുവാൻ തേച്ചും തുടച്ചും സദാ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നു. ഒന്നിനും അതിന്റെ വൃത്തിയെ തടയുവാൻ സാധിക്കുന്നതല്ല. ഒരു രിക്തമനസ്സ് താദൃശമായ മുഖത്തേയും, വിഷയവിലക്ഷണമായ മനസ്സ് വിടവേഷത്തേയും നിർമ്മിക്കുന്നു. നിർവികാരവും അശ്രദ്ധവും ആയ ഹൃദയം രൂക്ഷവും കർക്കശവും ആയ വീക്ഷണം സൃഷ്ടിക്കുന്നു. ഹൃദയനിക്ഷിപ്തമായ ക്രൗര്യം മുഖചേഷ്ടയിൽ ബിംബിക്കുന്നു. സദാചാര

ഭ്രഷ്ട് അകത്തുണ്ടെങ്കിൽ അതു് വിളിച്ചുപറവാൻ ഒരുത്തൻ പുറത്തു സന്നദ്ധനായിട്ടുണ്ട്. രക്തത്തിൽ പ്രസരിക്കുന്ന പ്രമേഹബീജം കരുവായി പുറത്തു കാണുന്നില്ലേ.

ഉൽകൃഷ്ടവും മഹത്തുമായ ചിന്തകളും വൃത്തികളും ശാന്തതയും ആഭിജാത്യവും മുഖത്തു് വിശദമായി രേഖപ്പെടുത്തുന്നു. ഒരു ഉൽകൃഷ്ട സാദ്ധ്യത്തിന് നിരന്തരമായ ചിന്ത ഒരുവനിൽ അക്ഷീണമായി ജ്വലിച്ചു കൊണ്ടിരുന്നാൽ അവൻെറ മുഖം സദാ വിജയമുദ്രയോടുകൂടിയിരിക്കുന്നതാണ്. ഹൃദയം ജീവകാരുണ്യംകൊണ്ടു് നിറഞ്ഞിരുന്നാൽ അതിൻെറ പ്രസന്നമാധുര്യം മുഖത്തു കാണിക്കാതിരിപ്പാൻ ഒരു ശക്തിക്കും സാധിക്കുന്നതല്ല.

മനോദൗർബല്യവും ദുഃഖസന്താപവും സൗന്ദര്യവിഘാതം ചെയ്യുമെന്ന് ഒരു പക്ഷമുണ്ട്. അതു ശരിയാണ്. ചിലപ്പോൾ അങ്ങിനെ വന്നേക്കാം. ആ വക അസഹ്യതകൾ മനസ്സിനെ സദാ ഉപദ്രവം ചെയ്യുകയും അതുനിമിത്തം ജീവശ്ശക്തിക്ക് ക്ഷയം വരികയും ചെയ്യുന്നഎങ്കിൽ വൃദ്ധതയും വൈരൂപ്യവും മുഖത്തു പ്രത്യക്ഷമാകുന്നതാണ്. ഈവക ദുരിതങ്ങളെ ധൈര്യത്തോടെ എതിർത്തുസഹിപ്പാൻ പരിശീലിക്കുന്നതായാൽ ആ ഒരു വിശിഷ്ടതകൊണ്ടു് മുഖത്തിനു പ്രത്യേകമായ ഓജസ്സും സൗന്ദര്യവും കാണുന്നതാണ്.

പ്രേമത്തിൻെറ ബാഹ്യരൂപമാണ് സൗന്ദര്യം എന്നൊരഭിപ്രായമുണ്ട്. ഹൃദയനിഷ്ഠമായ പ്രേമത്തിന് ആലംബനമായ വസ്തുവിനെ രമണീയമാക്കുവാനുള്ള ശക്തിയുണ്ട്. സ്വമാതാവിനെ ഒരു പുത്രൻെറ നിലയിൽനിന്നു സ്നേഹിക്കുന്ന ഒരുവന് അവളിൽ സൗന്ദര്യമില്ലെന്നു തോന്നുന്നതെങ്ങിനെയാണ്?. ദേവന്മാരെ സൗന്ദര്യമുള്ളവരെന്നു പറയുന്നതുതന്നെ അവർ നല്ലവരും സ്നേഹിക്കുന്നവരുമെന്നതുകൊണ്ടു തന്നെയാണ്.

വാസ്തവമായ മതവും സൗന്ദര്യസംവർദ്ധകമാണ്. ആത്മാവിൽ പ്രേമവും വിശ്വാസവുമാണ് അതു നമ്മെ പഠിപ്പിക്കുന്നതു്. കൃത്രിമമതങ്ങൾ നമ്മെ വിരൂപന്മാരും, മന്ദന്മാരും, നീചന്മാരുമാക്കുന്നു. അതിൽ ആത്മാവിനെക്കുറിച്ചു് സദാ ഭയമാണുള്ളതു്.

ദയയും അനുകമ്പയും സൗന്ദര്യത്തിനു കാരണങ്ങളാണ്. ആശയ്ക്കു അത്ഭുതശക്തിയുമുണ്ടു്. ഓജസ്സും വശ്യശക്തിയും ഉളവാകുന്ന രേഖകൾ മുഖത്തുളവാകുന്നതു് ധൈര്യപരിശീലനംകൊണ്ടത്രെ. വിശ്വാസം, ബഹുമാനം, ആലംബനം എന്നിവ മുഖത്തിൻെറ രൂപത്തെ അന്തരപ്പെടുത്തുന്നവയാണ്. ആത്മപരിവർത്തനം ചെയ്യാൻതന്നെ ഇവയ്ക്കു ശക്തിയുണ്ട്. ദൈവസന്നിധിയോടടുത്തു പെരുമാറുന്നവരുടെ മുഖം പ്രസന്നമല്ലാതെ വരുന്നതല്ല.

ഒരു ഫോട്ടൊഗ്രാഫ്റുടെ സഹായത്താൽ നമ്മുടെ ഒരു രൂപസിദ്ധിക്കു നാം ആഗ്രഹിച്ചു എന്നിരിക്കട്ടെ. നിങ്ങളുടെ അശുചിയൊ, അനാകൎഷണീയമൊ ആയ രൂപത്തിന്റെ ഛായയല്ല നിങ്ങൾ ആവശ്യപ്പെടുന്നതു്. ഏററവും വശ്യമായ നിങ്ങളുടെ രൂപം ചിത്രത്തിൽ പതിഞ്ഞു കാണ്മാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതു്. ചിത്രകാരൻ എന്താണിവിടെ ചെയ്യുന്നതു്.? അയാൾ ഒരു 'നെഗററീവ്' എടുത്തു് ഉടനെ അതിൽനിന്നു പടങ്ങളെ നിൎമ്മിക്കുകയാണോ ചെയ്യുന്നതു്.? അങ്ങിനെയല്ല. ആദ്യമായി നെഗററീവ് എടുത്തു് അതു 'ടച്ചു്' ചെയ്യുകയാണ് ചെയ്യുന്നതു്. അതിനുശേഷമെ അതു് 'പ്രിൻറു' ചെയ്യുവാൻ ഒരുങ്ങുകയുള്ളു. ഇയ്യാൾ ഒരു കലാവിദഗ്ദ്ധനല്ലെങ്കിൽ മുഖത്തുള്ള ചില വിശിഷ്ടരേഖകൾകൂടി മാൎജ്ജനം ചെയ്തു എന്നു വരാം. കലാവൈദഗ്ദ്ധ്യമുണ്ടെങ്കിൽ വൈരൂപ്യത്തെ മാത്രമെ നീക്കിക്കളയുകയുള്ളു. സ്വാൎത്ഥം, നിഷ്ക്രിയത്വം, വൈഷയികവ്യാപാരം എന്നിവയാൽ മുഖത്തിനു സിദ്ധിച്ചിട്ടുള്ള വൈരൂപ്യങ്ങളെ തേച്ചുതുടച്ചുകഴിഞ്ഞാൽ നിങ്ങളുടെ സുന്ദരമായ സ്വരൂപം മാത്രമെ അതിൽ കാണുകയുള്ളു.

മുഖാസ്ഥികളിലും, മാംസപേശികളിലും ജീവിതചരിത്രത്തേയും അതിന്റെ പ്രമാണങ്ങളേയും സദാ എഴുതിക്കൊണ്ടിരിക്കത്തക്കവണ്ണം ആത്മചോദനം ചെയ്യിക്കുന്ന ചിന്തയുടെ ശക്തി എത്ര ഗൗരവമുള്ളതെന്നു വിചിന്തനം ചെയ്തുനോക്കൂ. ചിത്രകാരനു തന്നെ നെഗററീവ് പരിഷ്കരിക്കാൻ കഴിയും. പക്ഷെ നിങ്ങളുടെ ശീലത്തെ മാൎജ്ജനം ചെയ്വാൻ സാധിക്കുമോ.?

മനുഷ്യസാദ്ധ്യമായി ഈ ലോകത്തിൽ ഒന്നു ചെയ്യേണ്ടതുണ്ടെങ്കിൽ അതു നല്ല ശീലം സ്ഥാപിക്കുകയാണ്. മനുഷ്യജീവിതത്തിന്റെ ശ്രേഷ്ഠതൊഴിലും ഇതത്രെ. നാം അതിപ്രയത്നം ചെയ്തും ആത്മാവിനെ സുന്ദരമാക്കി വക്കേണ്ടതാണ്. അതത്രെ സത്യസൗന്ദൎയ്യം.

## ജപ്പാനിലെ ലൗകികവിദ്യാഭ്യാസം.

[സ്വതന്ത്രതൎജ്ജിമ]

(എം. രാമവൎമ്മതമ്പാൻ ബി. എ., എൽ. ടി.)

ലൌകികവിദ്യാഭ്യാസം എന്നതു് ആത്മീയവിദ്യാഭ്യാസമല്ലാത്തതാകുന്നു. എന്നുവച്ചാൽ മതപഠനം കൂടാത്ത വിദ്യാഭ്യാസം. മതം പഠിപ്പിക്ക

ന്നം എന്ന് മുറവിളി കൂട്ടിവരുന്ന ഇക്കാലത്ത് മതം കലരാത്ത ഒരു വിദ്യാഭ്യാസം ജപ്പാനിൽ അതിശുഭപ്രദമായ ഫലത്തെ ചെയ്യുന്നുണ്ടെന്ന അറിയുന്നതു് ജനങ്ങളുടെ ചിന്തയെ ഒന്ന് ഉദ്ദീപിപ്പിക്കുമല്ലോ. മതാദ്ധ്യക്ഷന്മാർ മതം പഠിപ്പിക്കണമെന്ന പറയുന്നതു് അതു ചെയ്യാത്തില്ലെങ്കിൽ അവരുടെ തൊഴിൽ പൊരുയ്യാകുമെന്ന് വിചാരിച്ചാവാം. ഇന്ന യോഗ്യന്മാരെന്ന് ലോകരറിയുന്നവരിൽ പലരും തങ്ങളുടെ മേന്മയ്ക്ക് നിദാനം ബാല്യത്തിലെ മതപഠനമാണെന്നു പറയുമ്പോൾ അതു് അവരുടെ ആത്മപരിശോധനയ്ക്ക് തീക്ഷ്ണത പോരാഞ്ഞിട്ടായിരിക്കണം എന്ന് വിചാരിക്കാൻ ന്യായമുണ്ട്. എന്തെന്നാൽ തത്തുല്യയോഗ്യന്മാർ മതപഠനത്തിൽ വിശ്വാസമില്ലാത്തവരിലും കാണുന്നുണ്ട്. ഏതായാലും ലോകചരിത്രവ്യോമത്തിൽ പെട്ടെന്നുദിച്ച ഒരു ജ്യോതിസ്സായ ജപ്പാനിൽ മതപഠനമില്ലാതെ വിദ്യാഭ്യാസം നടത്തിയതിൻെറ ഫലം എന്താണെന്ന് ഒന്നാരായുകതന്നെ.

യൂറോപ്പിൽ ജനങ്ങളുടെ വിചാരത്തിലും വികാരത്തിലും ജപ്പാൻെറ പുരോഗതി അത്ഭുതകരമാണെന്ന തോന്നിയിരിക്കുന്നതുതന്നെ ജപ്പാനെ 'അരുണോദയരാജ്യം' എന്ന് സംബോധന ചെയ്യുന്നതിനെ സാധൂകരിക്കുന്നുണ്ട്. പത്തൊമ്പതാംശതാബ്ദത്തിൻെറ അവസാനത്തിൽ ജപ്പാൻകാര്യങ്ങളെപ്പററി യൂറോപ്യന്മാർ അതിതീക്ഷ്ണതയോടെ അന്വേഷിച്ചുകൊണ്ടിരുന്നു അതുവരെ അവരുടെ വിചാരം നാകരീകതയിൽ താഴ്ന്ന നിലക്കാരായ ഒരു അല്പപരിഷ്കൃതരാജ്യമാണു ജപ്പാൻ എന്നായിരുന്നു. 868-ാമാണ്ടിനുശേഷമാണ് ജപ്പാൻെറ മാഹാത്മ്യം ഒരു മൂടൽമഞ്ഞിൽ കൂടി എന്നവണ്ണം സ്വല്പം സ്വല്പമായി കണ്ടുതുടങ്ങിയതു്. അപ്പോൾ യൂറോപ്യന്മാർ പറഞ്ഞതു തങ്ങളെ അനുകരിക്കയാൽ അവർ നാകരീകതത്തിൻെറ സ്വാധീനത്തിൽ വന്നുതുടങ്ങി എന്നായിരുന്നു. ഇരുപതാം ശതകാരംഭത്തോടുകൂടി ജപ്പാൻെറ മാഹാത്മ്യം പ്രത്യക്ഷപ്പെടുകയും ജപ്പാൻ ലോകത്തിലെ മഹച്ഛക്തികളിൽ ഒന്നായി സ്ഥലം പിടിക്കയും ചെയ്തുകഴിഞ്ഞു.

ഉപരിപ്ലവവീക്ഷകന്മാർ ജപ്പാൻെറ മാഹാത്മ്യം യൂറോപ്പിനെ സശ്രദ്ധം അനുകരിക്കയാലുണ്ടായതാണെന്ന പറയുമായിരിക്കും. ഇന്ന ജപ്പാനെപ്പററിയുണ്ടായിട്ടുള്ള ബൃഹത്സാഹിത്യം ഈ വ്യാമോഹത്തെ നശിപ്പിക്കുന്നതാണ്. യൂറോപ്പു ജപ്പാനെ പന്ത്രണ്ടുഇഞ്ചു തോക്കുകൾ എങ്ങിനെയുണ്ടാക്കണമെന്ന പഠിപ്പിച്ചിട്ടുണ്ട്. ഇതുപോലെ ബൈസിക്കിൾ, ആവിയന്ത്രംകൊണ്ടു നൂൽ ഇവയെ ഉണ്ടാക്കിയും പഠിപ്പിച്ചിരിക്കാം. യൂറോപ്പുശാസ്ത്രപരമായും കണക്കുപരമായും ചരിത്രപരമായും ഉള്ള സംസ്കാരത്തേയും ജപ്പാനിൽ കൊണ്ടുപോയിട്ടുണ്ട്. ഇതൊക്കെ സ്വീകരിക്കാൻ ജപ്പാനിലുണ്ടായിരുന്ന ബുദ്ധിശക്തിയും ധർമ്മശക്തിയും ഒരു നൂതനരീതിയിൽ ജപ്പാൻ ഉപയോഗിക്കുന്നു എന്നേ വരുന്നുള്ളു. ദേശീയ

മഹത്വം ഒരു തലമുറകൊണ്ടു് ഒരു രാജ്യക്കാരിൽ ബലം പ്രയോഗിച്ചു സ്ഥാപിക്കാവുന്ന ഒന്നല്ല. യൂറോപ്പു മദ്ധ്യശതകങ്ങളിലെ ചളിയിൽ കുഴഞ്ഞുകിടന്ന കാലത്തും ജപ്പാനിൽ നാഗരികത്വം ഉണ്ടായിരുന്നു. ചില വിഷയങ്ങളിൽ യൂറോപ്യൻ അനുകരണം ജപ്പാന്റെ യഥാർത്ഥമഹത്വത്തെ സ്വല്പം ഒന്നു മങ്ങിപ്പിക്കയാണു് ചെയ്തിട്ടുള്ളതു്. ജപ്പാന്റെ കലാവൈദഗ്ദ്ധ്യവും ധർമ്മപ്രസക്തിയും ഈ അനുകരണംമൂലം കുറഞ്ഞുപോയിട്ടുണ്ടെങ്കിലേയുള്ളു. യൂറോപ്പിന്റെ ഭൌതികശക്തിയുടേയും പ്രകൃതിശക്തിഭരണത്തിന്റെയും രഹസ്യം അവർ അറിഞ്ഞു. അതു തങ്ങളുടെ അഭിവൃദ്ധിയ്ക്കു് ഉപയോഗിക്കണമെന്നു ജപ്പാൻകാർ തീർച്ചയാക്കി. ഈ രഹസ്യം അറിയാനായി ജപ്പാൻകാർ യൂറോപ്പിൽ ചെന്നു. എന്നാൽ ജപ്പാന്റെ ധർമ്മശക്തിയുടെ രഹസ്യം എന്താണെന്നു യൂറോപ്പു അറിഞ്ഞു് അതു സമ്പാദിക്കാൻകൂടി ശ്രമിച്ചാൽ എത്ര നന്നായിരുന്നു.

ഈ രഹസ്യം ജപ്പാന്റെ ധർമ്മസംസ്കാരമാണെന്നു ഇന്നു പ്രസിദ്ധമായിരിക്കുന്നു. ഈ സംസ്കാരം ഇംഗ്ലണ്ടിലെ വിദ്യാലയങ്ങളിൽ ബൈബിൾ പഠനത്തിനും മതപഠനത്തിനും പകരം നടപ്പാക്കാനാണു ഇംഗ്ലണ്ടിലെ ലൌകികവിദ്യാഭ്യാസവാദികൾ ശ്രമിക്കുന്നതു്. മതവിദ്യാഭ്യാസം ഉണ്ടാക്കുന്ന കക്ഷിവഴക്കും ആ വിദ്യാഭ്യാസത്തിന്റെ വാദഗ്രസ്തതയും ഇല്ലായ്മ ചെയ്യാനാണു് അവർ ഉദ്യമിക്കുന്നതു്.

ബിഷപ്പു് വിൻറിൻസൺ മുതലായ മതാദ്ധ്യക്ഷന്മാർ ലോകമൊക്കെ സഞ്ചരിച്ചു ലൌകികവിദ്യാഭ്യാസഫലം അന്വേഷിച്ച കൂട്ടത്തിൽ ജപ്പാനെ കണ്ടുമുട്ടീട്ടില്ല എന്നതു സാരവത്തായ ഒരു സംഗതിയാണു്. മതം പഠിപ്പിക്കുന്നില്ല എന്നു സുപ്രസിദ്ധിയുള്ള ഫ്രാൻസിൽ അനവധി സ്കൂളുകളിൽ ഒളിച്ചു ബൈബിൾ പഠിപ്പിക്കുന്നുണ്ടു് എന്നു അവർ പറയുന്നു. അമേരിക്കയിൽ ആയിരത്തിൽ എണ്ണൂറു സ്കൂളുകളിലും ആസ്ട്രേലിയയിൽ പല സംസ്ഥാനങ്ങളിലും ബൈബിൾ ധാരാളം പഠിപ്പിക്കുന്നുണ്ടെന്നും അവർ ഉൽഘോഷിക്കുന്നു. എന്നാൽ വിദ്യാലയങ്ങളിൽ ഒരു പുരോഹിതനും കാലെടുത്തു വയ്ക്കാറില്ലാത്തതും ഒരുവിധത്തിലും മതം പഠിപ്പിക്കാത്തതുമായ ജപ്പാനിലെ കാര്യം അന്വേഷിക്കുന്നതിലുള്ള ബുദ്ധിമുട്ടിനു് അവർ തയ്യാറല്ല. ഇതിനു കാരണമെന്താണു്? വിൻറിൻസൺ പ്രഭൃതികൾ അത്ഭുതാവഹമായ കൌശലം—ഫ്രാൻസിലും ആസ്ട്രേലിയായിലും വെള്ളക്കാർ മലന്നു പറക്കുമെന്നു കണക്കുകൾകൊണ്ടു കാണിക്കാൻ മാത്രമായ കൌശലം—കാണിക്കുമ്പോൾ ജപ്പാൻകാര്യത്തിൽ അവർ ദീക്ഷിക്കുന്ന മൌനം തെളിയിക്കുന്നതു ഒന്നുമാത്രമാണു്. ജപ്പാനിലെ ലൌകികവിദ്യാഭ്യാസവിജയം എത്രതന്നെ വളയുന്ന മനസ്സാക്ഷിയേയും ഭരിക്കാൻ കഴിവുള്ള അവർക്കു് താങ്ങാൻ വഹിയാത്ത ഒന്നാണെന്നാണു്.

അതുകൊണ്ട് ജപ്പാനിലെ ലൗകികവിദ്യാഭ്യാസസമ്പ്രദായം ചുരുക്കി വിവരിക്കാം. ജപ്പാന്റെ ഈ വിഷയത്തിലുള്ള വിജയം പഠിക്കുന്ന പാഠത്തിലേക്ക് ഇംഗ്ലണ്ടിന്റെ ശ്രദ്ധയെ ഒരു വിധത്തിലും തിരിച്ചിട്ടില്ല. പരേതനായ റോസ്ബറിപ്രഭു പറഞ്ഞിട്ടുള്ളത്, 'ദേശീയമായ കാര്യക്ഷമതാവിഷയത്തിൽ ജപ്പാൻ ഇതരരാജ്യങ്ങൾക്ക് ഒരു നിദർശനപാഠം നൽകുന്നു' എന്നാണ്. അതു ജപ്പാനിൽ നിന്നും കണ്ടുപിടിക്കാനായിരുന്നു അദ്ദേഹം ഗുണദോഷിച്ചത്. എങ്കിലും ജപ്പാനിലെ വിദ്യാഭ്യാസസമ്പ്രദായം ഇംഗ്ലണ്ടിൽ നടപ്പാക്കാൻ ശ്രമിക്കാതെ മതവിദ്യാഭ്യാസം നിലനിറുത്താനായി കാൻറബറി ആർച്ച്ബിഷപ്പു തയ്യാറാക്കിയ ഹർജിയിൽ താനും ഒപ്പിട്ടു സഹായിക്കയാണ് അദ്ദേഹം ചെയ്തതു്.

ഒന്നാമതായി പ്രസ്താവിക്കേണ്ടതു് ജപ്പാൻ തീരെ നിർദ്ദോഷമായ ഒരു രാജ്യമല്ലെങ്കിലും യൂറോപ്പിനെ അപേക്ഷിച്ച് സ്വഭാവസംസ്കരണവിഷയത്തിൽ അധികം ജയം പ്രാപിച്ചിട്ടുള്ള ഒന്നാണ് എന്നുള്ളതിനു യാതൊരു സംശയവുമില്ല. 1871-ൽ യൂറോപ്പിലേക്കും അമേരിക്കയിലേക്കും ഒരു വലിയ കമ്മീഷൻ അയക്കയുണ്ടായി. അതിന്റെ ഉദ്ദേശം ക്രിസ്തുമതത്തിന്റെ ആത്മീയഫലങ്ങളെപ്പററി അന്വേഷിച്ച് റിപ്പോർട്ടുചെയ്യാനായിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ട് ഗുണകരമായിരുന്നെങ്കിൽ ജപ്പാൻ തീർച്ചയായും ക്രിസ്തുമതം നാട്ടിൽ രാജ്യമതമായി സ്ഥാപിക്കുമായിരുന്നു. പ്രൊഫസ്സർ ഹെർൺ പറയുന്നതു ഇപ്രകാരമാണ്. 'കമ്മിഷണർമാരുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചുകാണുന്നതു് പൌരസ്ത്യരാജ്യങ്ങളിൽ ബുദ്ധമതം സ്വഭാവസംസ്കരണത്തിനു സഹായിച്ചിട്ടുള്ളിടത്തോളം പാശ്ചാത്യരാജ്യങ്ങളിൽ ക്രിസ്തുമതം സഹായിച്ചിട്ടില്ല എന്നാണ്.' ഇതു് പല യൂറോപ്യന്മാർക്കും ചെവിക്കുപുത്തിരിയായി തോന്നുമായിരിക്കും. ഈ വിഷയത്തിൽ ജപ്പാനെപ്പററി വിദഗ്ദ്ധാഭിപ്രായം പറയാൻ ത്രാണിയുള്ളവർ എന്തു പറയുന്നു എന്നു നോക്കാം.

[തുടരും]

# നാട്ടുഭാഷാദ്ധ്യാപകന്മാരുടെ ഇന്നത്തെ രണ്ടാവശ്യങ്ങൾ.

(ഡി. ഗോവിന്ദൻകർത്താവ് പറവൂർ വി. എം. സ്കൂൾ ഹെഡ്മാസ്റ്റർ)

"നാട്ടുഭാഷാദ്ധ്യാപകന്മാരുടെ ഇന്നത്തെ രണ്ടാവശ്യങ്ങൾ" എന്ന തലവാചകത്തിൽ അദ്ധ്യാപകന്മാരുടെ പ്രാവിഡണ്ടുഫണ്ടിനെപ്പററിയുള്ള

അഭിപ്രായപ്രകടനരൂപേണ കോഴഞ്ചേരി വി. എം. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീമാൻ വി. ഐ. ഈപ്പൻ അവർകളുടെ ഒരു ചെറുലേഖനം ഗുരുനാഥനിൽ കാണുകയുണ്ടായി. മിസ്റ്റർ ഈപ്പൻ തിരുവിതാംകൂറിലെ നാട്ടുഭാഷാദ്ധ്യാപകന്മാർക്കു് ഒരു സംഘടനയുണ്ടാക്കുവാൻ മോഹിക്കുന്നതിനേക്കാൾ, ഇപ്പോൾ നടന്നുപോരുന്ന അദ്ധ്യാപകസംഘങ്ങളെയെല്ലാം തല്ലിയുടച്ചുപൊടിച്ചു് പമ്പയാററിൽ കലക്കിഒഴുക്കാൻ ആഗ്രഹിക്കുന്നതു് കാണുമ്പോൾ ഈയുള്ളവനു മൌനം അവലംബിക്കാൻ ധൈര്യം വരുന്നില്ല. അദ്ദേഹം പറയുന്നതിങ്ങനെയാണു്. "ചൈതന്യമററു് അദ്ധ്യാപകസങ്കടം എന്നുകൂടി വിളിക്കപ്പെട്ടു് ഇപ്പോഴും യാന്ത്രികമായി നടന്നുവരുന്ന അദ്ധ്യാപകസംഘങ്ങൾ നിശ്ശേഷം നിറുത്തിക്കളയണം." ചൈതന്യം പോയതുകൊണ്ടും യാന്ത്രികമായി പ്രവർത്തിച്ചുപോരുന്നതുകൊണ്ടുമാണു് അദ്ധ്യാപകസംഘങ്ങൾ നിരുപയോഗമായിത്തീർന്നതെന്നു് മി: ഈപ്പൻ സമ്മതിക്കുന്ന സ്ഥിതിക്കു്, മനുഷ്യന്റെ വിശേഷബുദ്ധിയെ പരിഷ്കരിക്കേണ്ട ചുമതല വഹിക്കുന്ന അദ്ധ്യാപകന്മാർ സ്വകൃത്യം നിർവ്വഹിക്കുന്നതു് കേവലം യാന്ത്രികമായിട്ടാണെന്നും അതിനാൽ അവർ നിശ്ചേതനജഡങ്ങളായിത്തീർന്നിട്ടുണ്ടെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. അങ്ങിനെയാണെങ്കിൽ അത്തരക്കാരുടെ സംഘടനകൊണ്ടു് എന്തൊരു വിശേഷാൽ പ്രയോജനമാണുള്ളതെന്നു് സംശയിക്കേണ്ടിവരുന്നു.

"ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകന്മാരുടെ ദുർഭിക്ഷം മൂലം ആരംഭകാലത്തു് പ്രയോജനകരമൊ ഹൃദ്യമൊ ആയിരുന്ന അദ്ധ്യാപകസംഘങ്ങൾ ഇന്നു വളരെ മുഷിപ്പനായിരിക്കുന്നു" എന്നു് മി: ഈപ്പൻ വിലപിക്കുന്നു. ഇന്നും ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകന്മാർ അത്ര സുലഭമല്ല. അഥവാ സുലഭമാണെങ്കിൽ തന്നെയും അവർക്കു് അദ്ധ്യാപകസംഘം കൂടുതൽ രസപ്രദമായിട്ടേ വരുവാൻ മാർഗ്ഗമുള്ളു. അദ്ധ്യാപനസമ്പ്രദായങ്ങളിൽ വിശേഷജ്ഞന്മാരായ അവരെ "സുഖതര"മാംവണ്ണം ആരാധിക്കുവാൻ അദ്ധ്യാപകസംഘങ്ങൾക്കു് കഴിയാതെ വരികയില്ല. "പയറും വാഴയ്ക്കയും വാഴയ്ക്കയും പയറും എന്ന ഉപദംശചക്രഭ്രമണ"ത്തോടു് സാമ്യപ്പെടുത്തി അദ്ധ്യാപകസംഘങ്ങളെ ആകമാനം പരിഹസിക്കാൻ മുതിർന്ന മി: ഈപ്പൻ സ്വാനുഭവം അത്ര സങ്കുചിതമാണെന്നു് വെളിപ്പെടുത്തുക മാത്രമാണു ചെയ്തിരിക്കുന്നതു്. "പഠിപ്പിച്ചും പ്രസംഗിച്ചും പ്രസംഗിച്ചും പഠിപ്പിച്ചും എല്ലാവരും മതിയായിക്കഴിഞ്ഞിരിക്കുന്നു" എന്നു് തൃപ്തിപ്പെടുന്നവർ ഇതരതൊഴിൽ അന്വേഷിക്കുന്നതു് നന്നായിരിക്കും.

അദ്ധ്യാപകസംഘങ്ങൾ മൂലം പല ഗുണങ്ങളും ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമാകുന്നു. മി: ഈപ്പൻ പറയുംപോലെ ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകന്മാരുടെ ദുർഭിക്ഷം നീങ്ങിയെങ്കിൽ അതിനു

സഹായിച്ചിട്ടുള്ളതു് അദ്ധ്യാപകസംഘങ്ങളാണ്. യു. ടി സി. പരീക്ഷക്ക് അനവധി അദ്ധ്യാപകന്മാർ ചേരുകയും അവരിൽ പലരും വിജയികളാകയും ചെയ്യുന്നുണ്ട്. അവക്ക് അദ്ധ്യാപകസംഘം ഒരു പരിശീലനക്ലാസ്സാണ്.

"ആരോ വായിച്ചിട്ടിട്ടുള്ള വിഷയങ്ങൾ വായിപ്പിച്ചും പ്രസംഗിച്ചും" കഴിച്ചുകൂട്ടുന്നെങ്കിൽ അതു് മുഷിപ്പനാണെന്നു ഞാനും സമ്മതിക്കുന്നു. നാട്ടുഭാഷാദ്ധ്യാപകന്മാക്ക് അവർ സൃഷ്ടിച്ച കരുവില്ലും ചിലതു് വായിച്ചെടുക്കാൻ കഴിയാതെ വരികയില്ല. അതിനു കെല്പ് തങ്ങൾക്കില്ലെന്ന ബോധമായിരിക്കുമോ സംഘത്തോട് അവജ്ഞക്കു ഹേതു? അദ്ധ്യാപകന്മാർ പഠിപ്പിക്കുന്നതിൽ മാത്രമല്ല പഠിക്കുന്നതിലും ഉത്സുകരായിരിക്കണം. അവർ സദാ ജ്ഞാനാന്വേഷികളും ചിന്താകുശലന്മാരുമായിരിക്കേണ്ടതാണ്. അദ്ധ്യാപകന്മാക്ക് തങ്ങളുടെ ചിന്താസന്താനങ്ങളെ സംഘത്തിൽ പ്രദർശിപ്പിക്കാം. ജ്ഞാനാന്വേഷണം സംഘം മുഖാന്തിരം ചെയ്യാം. ഇതുകൊണ്ടുള്ള ഫലം അമൂല്യമായിരിക്കും.

അദ്ധ്യാപകന്മാക്ക് വിവിധവിഷയങ്ങളിലും സമഗ്രമായ ജ്ഞാനം വേണം. അതില്ലെന്നുള്ള ന്യൂനത അദ്ധ്യാപകസംഘം മൂലം പരിഹരിക്കാം. പണ്ടാരോ പറഞ്ഞിട്ടുള്ള രീതി സർവ്വകാലത്തും സർവ്വദിക്കിലും സ്വീകാര്യമായി വരികയില്ല. നമുക്ക് ചില രീതികളെ കണ്ടെത്താൻ കഴിയാതെ വരുമോ.? കഴിയുമെന്നാണ് എന്റെ വിശ്വാസം. അതിനുപറ്റും വിധം അദ്ധ്യാപകസംഘനിർവ്വാഹകന്മാർ സംഘകാര്യനിർവ്വഹണത്തിൽ ശ്രദ്ധാലുക്കളായിരിക്കാൻ അവരോട് അഭ്യർത്ഥിക്കയല്ലാതെ അദ്ധ്യാപകസംഘങ്ങളെ തച്ചുടക്കാനുള്ള ശ്രമം ആദരണീയമായി എനിക്ക് തോന്നുന്നില്ല.

ഇപ്പോൾ ഉള്ള അദ്ധ്യാപകസംഘങ്ങളെ പ്രയോജനപ്രദമാംവണ്ണം പരിഷ്ക്കരിക്കാൻ കഴിവുള്ളവർ ശ്രമിക്കട്ടെ. ഓരോ സംഘത്തിന്റേയും പ്രതിനിധികളടങ്ങിയ ഒരു കേന്ദ്രസംഘം പുതുതായി രൂപീകരിച്ച് ആണ്ടിൽ രണ്ടുതവണയിൽ കുറയാതെ കേന്ദ്രസംഘം കൂടി സാധാരണസംഘങ്ങളുടെ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങളെ നൾകുന്നതു് കൊള്ളാം. ഗവമ്മെൻറുസ്കൂൾ, ഗ്രാൻറുസ്കൂൾ എന്ന വ്യത്യാസം തീരെ വകവയ്ക്കാതെ സാമ്പത്തികപരവും വിദ്യാഭ്യാസപരവുമായ പരിശ്രമങ്ങൾ കേന്ദ്രസംഘത്തിന്റെ നിർദ്ദേശങ്ങൾക്കു കീഴ്പ്പെട്ടി സഹോദരഭാവത്തിൽ നാട്ടുഭാഷാധ്യാപകന്മാർ വർത്തിക്കട്ടെ. ഇതാണ് നമ്മുടെ ആവശ്യം.

# ഉദ്ധാരണങ്ങൾ.

## ഇൻഡ്യയിലെ സ്ത്രീവിദ്യാഭ്യാസം.

സർവ്വേന്ത്യാമഹിളാസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച ഡാക്ടർ മുത്തുലക്ഷ്മിറഡ്ഢിയുടെ പ്രസംഗത്തിലെ ഒരു ഭാഗമാണ് താഴെ ഉദ്ധരിക്കുന്നതു്. സ്ത്രീവിദ്യാഭ്യാസത്തിൻെറ നിലയെപ്പററി പ്രതിപാദിച്ചതിനു ശേഷം അവർ ഇങ്ങനെ പറയുകയുണ്ടായി.

മതപരവും സദാചാരപരവുമായ അസ്ഥിവാരത്തിന്മേലാണ് യഥാർത്ഥമായ ഏതു വിദ്യാഭ്യാസപദ്ധതിയും നിലനില്ക്കേണ്ടതു്. വിദ്യാഭ്യാസത്തിന് മതാചാര്യന്മാരും തത്വചിന്തകന്മാരും മഠങ്ങളും ക്ഷേത്രങ്ങളുമായി സമ്പർക്കമുണ്ടായിരുന്നതായി വിദ്യാഭ്യാസചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ടു്. അടുത്തകാലംവരെ ഇൻഡ്യയിൽ വിദ്യാഭ്യാസമെന്നതു് തത്വശാസ്ത്രഗ്രന്ഥങ്ങളും മതഗ്രന്ഥങ്ങളും പഠിപ്പിക്കുകയായിരുന്നു. മതം അനന്തമായ ഈശ്വരമാഹാത്മ്യത്തിൻെറ വ്യാഖ്യാനമാകകൊണ്ടു് മനുഷ്യൻെറ പരിസരങ്ങളിലുള്ള പ്രകൃതിശക്തികൾക്കു ഭാഷയുമായുള്ള ബന്ധത്തെ നശിപ്പിച്ചുകൂടാത്തതാണ്.

മനുഷ്യനിൽ ദൈവീകതത്വത്തെ വളർത്തുവാൻ നിങ്ങൾ ഇച്ഛിക്കുന്നുണ്ടെങ്കിൽ, മനുഷ്യനെ മൃഗത്തിൽനിന്നും ഉൽകൃഷ്ടനാക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, മനുഷ്യനേക്കൊണ്ടു് വല്ല പ്രയോജനവുമുണ്ടാകണമെന്നു് നിങ്ങൾ ആശിക്കുന്നുണ്ടെങ്കിൽ, സത്യാന്വേഷണത്തിനുള്ള അഭിരുചിയെ നിങ്ങൾ അയാളിൽ അങ്കുരിപ്പിക്കുകയും വളർത്തുകയും വേണം. സൽക്കർമ്മം ചെയ്യുവാൻ സാധാരണയായി മനുഷ്യനുണ്ടാകുന്ന സന്നദ്ധത അജയ്യവും അജ്ഞേയവുമായ ഒരു ശക്തിയിലുള്ള ഭയത്തിൻെറ ഫലമായിട്ടാണ്.

തന്നിമിത്തം മഹാത്മാക്കളുടേയും മഹതികളുടേയും ജീവിതചരിത്രവുമായുള്ള സമ്പർക്കം വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും ലഭിക്കുവാൻ വിദ്യാലയങ്ങളിൽ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്. അന്ധവിശ്വാസത്തേയും മതസ്പർദ്ധയേയും വളർത്തുവാനുതകുന്ന പഴങ്കഥകളും കെട്ടുകഥകളും കടന്നുകൂടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാകുന്നു.

പ്രാഥമികവിദ്യാലയങ്ങളിൽതന്നെ ഇംഗ്ലീഷുപഠനം ആരംഭിക്കുന്നതു തെററാണ്. പ്രായേണ പെൺകുട്ടികൾ പ്രാഥമികവിദ്യാഭ്യാസം കഴ

ഞ്ഞാൽ പഠിപ്പ് ഉപേക്ഷിക്കുന്നു. മാതൃഭാഷയിൽ പോലും ആവശ്യമുള്ള പരിജ്ഞാനം സമ്പാദിക്കുന്നതിനു മുമ്പായി അവക്ക് ഇംഗ്ലീഷുവിദ്യാഭ്യാസം നൾകുന്നതു് അവരുടെ സമയത്തേയും ബുദ്ധിശക്തിയേയും പണത്തേയും ദുർവ്യയം ചെയ്യുകയാകുന്നു. സുഖകരമായ വിഷയഗ്രഹണത്തിന് മാതൃഭാഷ മുഖേനയുള്ള വിദ്യാഭ്യാസമാണ് അധികം പര്യാപ്തമായിട്ടുള്ളതെന്ന് പരിചയം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകന്മാർ അഭിപ്രായപ്പെടുന്നു. ഏററവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഏററവുമധികം ജ്ഞാനം സമ്പാദിക്കുക എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോഴും മാതൃഭാഷമുഖേനയുള്ള പഠിപ്പുതന്നെയാണ് അത്യന്തം ആശാസ്യമായിക്കാണുന്നതു്.

ഇതിനെല്ലാംപുറമെ ആരോഗ്യവിഷയത്തിൽ നാം തീരെ ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നുള്ള ഒരു പരാതി കേൾക്കുന്നുണ്ട്. ഇതു് വളരെ വാസ്തവമാണെന്ന് വ്യസനപുരസ്സരം എനിക്കും സമ്മതിക്കേണ്ടിയിരിക്കുന്നു. ശരീരശാസ്ത്രം ആരോഗ്യശാസ്ത്രം തുടങ്ങിയ ശാസ്ത്രങ്ങളിൽ സ്ത്രീകളോളം പുരുഷന്മാർ ജ്ഞാനം സമ്പാദിക്കേണ്ട ആവശ്യമില്ലെന്നു പറഞ്ഞാൽ അതൊരു അനീതിയായി അധികംപേരും കരുതുമെന്ന് തോന്നുന്നില്ല. ഗർഭം പ്രസവം എന്നീ വിഷയങ്ങളിൽ അത്യാവശ്യവും പരിമിതവുമായ ശാസ്ത്രീയ ജ്ഞാനമെങ്കിലും സമ്പാദിച്ചിട്ടുള്ള സ്ത്രീകൾ എത്ര ശതമാനമുണ്ട്. ആരോഗ്യവും തേജസ്സുമുള്ള സ്ത്രീപുരുഷന്മാർ ഉണ്ടാകണമെങ്കിൽ ഈവക വിഷയങ്ങളിൽ സ്ത്രീകൾക്ക് പരിപൂർണ്ണമായ ശാസ്ത്രീയജ്ഞാനം ആവശ്യം തന്നെ.

സ്വദേശിയെ പോഷിപ്പിക്കുന്നതിലും സ്ത്രീകൾ അപ്രധാനമല്ലാത്ത ഒരു പങ്കെടുക്കേണ്ടതാണ്. രാഷ്ട്രീയമായ ഏതു പ്രസ്ഥാനവും പൂർണ്ണവളർച്ച പ്രാപിക്കണമെങ്കിൽ സ്ത്രീകളുടെ സ്വൈരാനുസൃതവും സഹതാപപുരസ്സരവുമായ സഹകരണം അത്യന്താപേക്ഷിതമത്രെ. ഇന്ത്യ ഒരു പുതിയ കാലഘട്ടത്തിൽ എത്തിയിരിക്കുന്നു. സ്ത്രീകൾ ഇത്രയും പ്രബുദ്ധകളായ കാലം ഇതിനുമുമ്പ് ഇൻഡ്യയിൽ ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല. സ്ത്രീകളുടെ ഇന്നത്തെ കടമ അടിച്ചുവരുന്ന അലയെ തള്ളി പിമ്പോട്ടടിക്കുകയല്ല. അതിനു ശരിയായ മാർഗ്ഗം കാണിച്ചുകൊടുക്കുകയാണ്. നമ്മുടെ സന്താനങ്ങളെ സ്വാർത്ഥത്യാഗികളും സ്വാശ്രയശീലരും, ധീരന്മാരുമാക്കേണ്ടതും നമ്മുടെ ധർമ്മമത്രെ. രാഷ്ട്രനിർമ്മാണപരിശ്രമത്തിൽ സ്ത്രീകളും, അമ്മമാരുടേയും, ഭാര്യമാരുടേയും, സഹോദരിമാരുടേയും നിലക്ക് നിസ്സാരമല്ലാത്ത ഒരു പങ്കെടുത്തിട്ടുണ്ടെന്നു് നാം വിസ്മരിച്ചുകൂട. നാം പിറന്നിട്ടുള്ളതു് സൃഷ്ടിക്കുവാനാണ്, നശിപ്പിക്കുവാനല്ല. സ്നേഹിക്കുവാനാണ വെറുക്കുവാനല്ല. അതുകൊണ്ട് നമുക്കു പ്രേമത്തേയും ചൈതന്യത്തേയും സൗന്ദര്യത്തേയും നിർമ്മിക്കുക. സമാധാനത്തേയും രഞ്ജിപ്പിനേയും വളർത്തുക.

## അദ്ധ്യാപകൻെറ സൃഷ്ടിപരമായ ജോലി.

കൊല്ലം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ മി: ആർ. ശിവരാമകൃഷ്ണയ്യർ ബി. എ., എൽ. ടി. തിരുവിതാംകൂർ അദ്ധ്യാപകമാസികയിൽ എഴുതിയിട്ടുള്ള "സെക്കൻററി സ്കൂളുകളിലെ ഇംഗ്ലീഷുസാഹിത്യാഭ്യസനം" എന്ന ശ്രദ്ധേയമായ ലേഖനത്തിലെ ഒരു ഭാഗമാണു താഴെ ചേക്കുന്നതു്.

ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും വിദ്യാഭ്യാസമാസികകൾ വായിക്കുന്ന ഒരാളെ ആകർഷിക്കുന്ന ഒരു സംഗതി സാഹിത്യത്തിൽ സൃഷ്ടിപരമായ ജോലി ചെയ്യുന്നതിനും അദ്ധ്യാപകന്മാരേയും അദ്ധ്യയനത്തേയും സംബന്ധിച്ച് വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ എഴുതുന്നതിനും പ്രാപ്തരായ അനവധി ഉപാദ്ധ്യായന്മാർ ആ രാജ്യങ്ങളിൽ ഉണ്ടെന്നുള്ളതാണു. അങ്ങിനെയുള്ള അദ്ധ്യാപകന്മാരുടെ സംഖ്യ നമ്മുടെ രാജ്യത്തിൽ ശോചനീയമായ വിധത്തിൽ ലഘുവായിരിക്കുന്നു. നിർമ്മാണത്തിൽ നിന്നുണ്ടാകുന്ന ആനന്ദത്തോടുപമിക്കത്തക്കവണ്ണമുള്ള ആനന്ദം വേറെയില്ല. ഈശ്വരൻ തന്നെ നിർമ്മാണത്തിൽ ആഹ്ലാദിക്കുന്നതുപോലെ തോന്നുന്നു. ഒരു പ്രത്യേകജോലിയൊ വസ്തുവൊ നമ്മുടേതാണെന്നുള്ള ബോധത്തിൽ ഒരു പ്രത്യേകസന്തോഷവും അഭിമാനവുമുണ്ടു്. "അപ്രാപ്തനായ കുഞ്ഞു്, എങ്കിലും എൻെറ കുട്ടിയാണ്" എന്നാണു സാധാരണ തോന്നാറുള്ളതു്. നാം വിചാരിക്കുന്നതുപോലെ എഴുത്തു് അത്ര വിഷമമേറിയ ഒരു പ്രവൃത്തിയല്ല. അതു് പരിചയംകൊണ്ടു സിദ്ധിക്കുന്നു. "നൃത്തം അഭ്യസിച്ചവർ ശരീരത്തെ എളുപ്പത്തിൽ ഇളക്കുന്നതുപോലെ" എഴുതാനുള്ള ലാഘവവും പരിചയംകൊണ്ടുണ്ടാകുന്നു; അതു് "താനെ ഉണ്ടാകുന്നതല്ല" എന്നാണ് പോപ്പ് എന്ന ആംഗ്ലേയകവി പറയുന്നതു്. ഏതു മനുഷ്യനും ഒരു നല്ല പുസ്തകം എഴുതാമെന്നു പറഞ്ഞിട്ടുണ്ടു്. അതിനു ആത്മാർത്ഥതയാണ് ആവശ്യമായിട്ടുള്ളതു്. ഒരു മനുഷ്യൻ തൻെറ വികാരങ്ങളേയും ചിന്തകളേയും അനുഭവങ്ങളേയും മലിനപ്പെടുത്താതെ ആത്മാർത്ഥതയോടുകൂടി ചിത്രണം ചെയ്യുകയാണെങ്കിൽ അയാൾക്കു് ഒരു ഗ്രന്ഥം നിർമ്മിക്കുവാൻ സാധിക്കും. അതു് മററുള്ളവർ കൗതുകത്തോടുകൂടി പാരായണം ചെയ്യും. എന്തുകൊണ്ടെന്നാൽ മനുഷ്യൻ മനുഷ്യന് അനശ്വരവും ആകർഷകവും താല്പര്യത്തെ നൽകുന്നവനുമാണ്. നാമെല്ലാവരും നമ്മുടെ സഹോദരന്മാരെ പററിയും അവരുടെ സുഖദുഃഖാദികളെ പററിയും മററും അറിയുവാൻ ആഗ്രഹിക്കുന്നുണ്ടു്. വായനക്കു് ഒരു മനുഷ്യനെ പരിപൂർണ്ണനാക്കുവാൻ കഴിയുമെങ്കിൽ എഴുത്തിനു മാത്രമെ യഥാർത്ഥമനുഷ്യനാക്കുവാൻ സാധിക്കു. എഴുത്തു് നമ്മുടെ ചിന്തകൾക്കു രൂപം നൽകുന്നു. ഒരു ഭാഷാദ്ധ്യാപകനും ആ ഭാഷയിൽ നല്ലപോലെ എഴുതുവാൻ സാധിക്കുകയില്ലെങ്കിൽ, ശിഷ്യന്മാരുടെ

എഴുത്തുജോലികളെ ശരിയായി നിയന്ത്രിക്കുന്നതിനൊ അവരുടെ ബഹുമാനത്തെ ദീർഘകാലം നിലനിർത്തുന്നതിനൊ കഴിയുന്നതല്ല. താൻ അതീത ബുദ്ധിമാനല്ലെന്നുള്ള കാരണംകൊണ്ട് അധൈര്യമൊ ആത്മവിശ്വാസക്കുറവൊ ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ, അയാൾ ലോകത്തിൽ അതീത ബുദ്ധിമാന്മാർ വളരെ കുറച്ചുമാത്രമെ ഉള്ളൂ എന്നും സ്ത്രീപുരുഷന്മാരിൽ ഭൂരിഭാഗവും മിതമായ ബുദ്ധിയുള്ളവരാണെന്നും ഇവരാണ് ലോകത്തിലെ അധികം ജോലിയും ചെയ്യുന്നതെന്നും ധരിച്ചുകൊള്ളട്ടെ. അയാളുടെ വാക്കുകൾ അന്തരിക്ഷത്തിൽ നഷ്ടമായി എന്നൊ തോന്നുന്നുള്ളൂ എങ്കിലും, ഒരു പക്ഷെ സമാധാനവും ആശ്വാസവും നൽകിയിട്ടുള്ള ഒരു സ്നേഹിതൻെറ ഹൃദയത്തിൽ ദീർഘകാലത്തിനുശേഷം അവ കാണപ്പെട്ടുമെന്നും അയാൾ സ്മരിച്ചുകൊള്ളട്ടെ.

---

# കുറിപ്പുകൾ.

## മലയാളികളുടെ വക ഒരു രക്ഷാഭോഗക്കമ്പനി

അടുത്തകാലംവരെ രക്ഷാഭോഗക്കമ്പനികൾ അധികവും നടത്തിവന്നിരുന്നത് വിദേശീയരായിരുന്നു. തന്മൂലം അതിൽനിന്നും ഉള്ള ആദായം വിദേശത്തിലേക്ക് പൊയ്ക്കൊണ്ടിരുന്നു. ഇപ്പോൾ നാട്ടുകാർക്ക് ഈ വിധമുള്ള കമ്പനികൾ സ്ഥാപിക്കുന്നതിൽ ഉള്ള വൈമനസ്യം അല്പാല്പമായി നീങ്ങിവരുന്നുണ്ട്. എന്നിരുന്നാലും നമ്മുടെ കേരളീയരിൽ ആരുടേയും ശ്രദ്ധ ഈ വിഷയത്തിൽ അടുത്തകാലംവരെ പതിഞ്ഞുകണ്ടിട്ടില്ല. എന്നാൽ ആ ന്യൂനതയെ പരിഹരിച്ച് കേരളത്തിലെ പ്രശസ്തന്മാരും പ്രമുഖന്മാരും ആയ പല മാന്യന്മാർ കൂടിച്ചേർന്നു സ്ഥാപിച്ചിട്ടുള്ളതാണ് 'ദി സൗത്ത് ഇൻഡ്യൻ ജനറൽ അഷ്വറൻസു കമ്പനി'. ഈ കമ്പനി സാധാരണ ചില കമ്പനികളെപ്പോലെ ഓഹരിക്കാരെ മിരട്ടുകയൊ ഉരുട്ടുകയൊ ചെയ്യുന്ന തരത്തിലുള്ളതല്ല. ഗവർമ്മെൻറിൽ ഒരു നല്ല ജാമ്യത്തുകയും ശരിയായ മൂലധനവും വിദഗ്ദ്ധാഭിപ്രായത്തോടുകൂടിയ പ്രവർത്തനവും ഉള്ള ഈ കമ്പനിക്ക് ഒരു നല്ല ഭാവിയുണ്ടെന്നുള്ളതിനു തർക്കമില്ല. അതുകൊണ്ട് കച്ചവടക്കാർ, വ്യവസായികൾ, കൃഷിക്കാർ, അദ്ധ്യാപകന്മാർ മുതലായവർ ലൈഫ് ഇൻഷുവർ ചെയ്യണമെന്ന് വിചാരിക്കുന്നുണ്ടെങ്കിൽ ഈ കമ്പനിയിൽ ആയിരിക്കുന്നതു് നന്നായിരിക്കും.

---

## പരേതനായ മോട്ടിലാൽ നെഹറു

ഇൻഡ്യയിലെ രാഷ്ട്രീയപ്രമാണികളിൽ അഗ്രഗണ്യനും ഒരു മഹാനും ആയ മോട്ടിലാൽ നെഹറു ഈയിടെ ചരമഗതിയെ പ്രാപിച്ചിരിക്കുന്ന വിവരം ലോകപ്രസിദ്ധമാണല്ലൊ. സ്വരാജ്യസ്ഥാപനത്തിനായി ഇത്രവളരെ ത്യാഗം ചെയ്തിട്ടുള്ള മഹാന്മാർ ചുരുക്കമാണ്. ഒരു ചക്രവർത്തിക്കു തുല്യം വാണിരുന്ന ഇദ്ദേഹം സ്വരാജ്യസിദ്ധിക്കായി ഒരു ജയിൽപുള്ളിയെപോലെ കഴിഞ്ഞുകൂടിയതും സ്മരണീയമാണല്ലൊ. ഇദ്ദേഹം ദത്തം ചെയ്ത ആനന്ദഭവനം—സ്വരാജ്യഭവനം—തന്നെ അദ്ദേഹത്തിന്റെ ത്യാഗമാഹാത്മ്യത്തെ എന്നും ഉൽഘോഷിക്കുന്നതാണ്. ഈ ഘട്ടത്തിൽ ഈ മഹാന്റെ മരണം ഇൻഡ്യക്ക് ഒരു വലിയ നഷ്ടമാണെങ്കിലും 'മരണമൊരുവനും വരാത്തതല്ല' എന്നു സമാധാനിച്ച് അദ്ദേഹത്തിനു നിത്യശാന്തിയെ പ്രാർത്ഥിച്ചുകൊള്ളുന്നു.

## പ്രാവിഡന്റുഫണ്ട്

അദ്ധ്യാപകന്മാരുടെ പ്രാവിഡന്റുഫണ്ടിനെക്കുറിച്ച് പലലേഖനങ്ങളും ഇവിടെ കിട്ടിവരുന്നുണ്ട്. എത്രയും അത്യാവശ്യമായ ആ കാര്യത്തെക്കുറിച്ച് മാന്യന്മാരായ പല അദ്ധ്യാപകന്മാരും ഇനിയും മൌനം ദീക്ഷിക്കുന്നുമുണ്ട്. ലേഖനങ്ങൾ ഞങ്ങൾ മുറയ്ക്കു പ്രസിദ്ധപ്പെടുത്തുന്നതാണ്. പല അദ്ധ്യാപകസംഘങ്ങളിൽനിന്നും ഈ പ്രമേയം ഡയറക്ടരാഫീസിലും മററും അയച്ചിട്ടുണ്ടെന്നറിയുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ ഇനിയും ഒട്ടേറെ സംഘങ്ങളിൽനിന്നും ഒരുപ്രകാരം അയച്ചിട്ടില്ലെന്നറിയുന്നതിൽ വ്യസനിക്കയും ചെയ്യുന്നു. വിദ്യാലയങ്ങൾ അടയ്ക്കുന്നതോടുകൂടി ഈ സംഗതിയെക്കുറിച്ച് ആലോചിക്കുവാൻ അദ്ധ്യാപകന്മാരുടെ ഒരു പ്രാരംഭയോഗം കൂടുന്നതു നന്നായിരിക്കും. ഇവിടെ ചിലർ എഴുതി അയച്ചിട്ടുള്ള കത്തുകളിൽ യോഗത്തിനും ഡപ്യൂട്ടേഷനും മററും വേണ്ടിവരുന്ന ചിലവുകൾ വഹിക്കാൻകൂടി തയാറുണ്ടെന്നാണു കാണുന്നതു്. ഈ പ്രധാനമായ പദ്ധതിയെ കുറിച്ച് അദ്ധ്യാപകന്മാർ കുറേകൂടി ഉണർന്നു പ്രവർത്തിക്കേണ്ടതാണെന്നുള്ളതിന് തക്കമില്ല.